IFFT CHALACHITRAKENDRAM

VOL. 20
ISSUE
03

2023
SEPTEMBER-OCTOBER

# കൊട്ടക

## IFFT - KOTTAKA

സിനിമാ ദ്വൈമാസിക



കുട്ടികളുടെ ചലച്ചിത്രോത്സവ പതിപ്പ്

**ICFFK 2023**



**സ്പെഷ്യൽ റിപ്പോർട്ട്**



**മലയാളത്തിന്റെ**
**സ്വപ്നാടകൻ**

പ്രത്യേക അഭിമുഖം

**ഷാജി എൻ. കരുൺ** (FFSI പ്രസിഡന്റ്)

- എല്ലാ പഞ്ചായത്തിലും ഫിലിം സൊസൈറ്റികൾ
- ഫിലിം സൊസൈറ്റി പ്രദർശനങ്ങൾ ക്യൂറേറ്റ് ചെയ്യപ്പെടണം
- ചലച്ചിത്ര നിർമ്മാണ സഹായം ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥികൾക്ക് മാത്രം

# മലയാളത്തിന്റെ
# സ്വപ്നാടകൻ



സൃഷ്ടി, സ്രഷ്ടാവിന്റെ  അധികാര ചിഹ്നങ്ങളെ തകർത്തെറിഞ്ഞ് കൊണ്ട് ഒരു പുതിയ ലോകത്തേക്ക് കുതിച്ച് പായുന്ന കാഴ്ച എല്ലാ ലോകക്രമങ്ങളെയും തച്ചുടയ്ക്കുന്ന ഒന്നാണ്. ആ തച്ചുടയ്ക്കലാണ് സ്വാതന്ത്ര്യത്തിന്റെ ഒന്നാം പാഠം.

താൻ രൂപപ്പെടുത്തിയ കഥാപാത്രങ്ങൾ താൻ തന്നെ സൃഷ്ടിച്ച ഭാവനാ ലോകത്തു നിന്നും യാഥാർത്ഥ്യത്തിന്റെ വിശാലതയിലേക്ക്, തന്നെയും തന്റെ ക്യാമറയേയും തട്ടിത്തെറിപ്പിച്ച് പുറത്തേക്ക് കുതിക്കുമ്പോൾ ഒരേ സമയം ചലച്ചിത്രകാരനും  സ്വാതന്ത്ര്യദാഹിയും നിസഹായനുമായ് നില്ക്കുന്ന സംവിധായകൻ; അയാൾ  കഥാകാരനും  കഥാപാത്രവും കാഴ്ചക്കാരനുമായ്  തിരശീലയ്ക്ക് പുറത്തെ പ്രേക്ഷകനെ അമ്പരപ്പിക്കുകയാണ്. ചിട്ടപ്പെടുത്തിയ ഫ്രെയിമിൽ നിന്നും പുറത്തേക്ക് കുതിക്കുന്ന അഭിനേതാക്കൾ സ്ത്രീകൾ കൂടിയാകുമ്പോൾ, ആ ദൃശ്യത്തിന്റെ അർത്ഥമാനങ്ങൾ അഗ്നിരൂപങ്ങളാകുന്നു.

സ്വാതന്ത്ര്യമെന്നത് ചതുര ഫ്രെയിമുകൾക്കുള്ളിലെ കപടമായ വേഷാലങ്കാരങ്ങളും വർത്തമാനങ്ങളുമല്ലെന്ന് ലോകത്തോട് വിളിച്ചുപറയുകയായിരുന്നു ആ ചലച്ചിത്രകാരൻ.

മലയാളിയെ അടിമുടി ത്രസിപ്പിച്ച അത്തരമൊരു ചലച്ചിത്ര കാഴ്ച *ആദാമിന്റെ വാരിയെല്ല്* എന്ന ചിത്രത്തിൽ സൃഷ്ടിച്ച ചലച്ചിത്രകാരനാണ് കെ. ജി. ജോർജ്.

സ്വപ്നത്തിനും അതിഭാവനയ്ക്കുമിടയിലെ ചോരയും ചിന്തയുമുള്ള പെൺകാഴ്ചകളെ മലയാള തിരശീലയിലേക്ക് പകർത്തിയ ചിത്രമായിരുന്നു *ആദാമിന്റെ വാരിയെല്ല്.*

ആദ്യ കാഴ്ചയിൽ വെറുമൊരു കൊലപാതകത്തിന്റെ സ്ഥിര പാതകളിലൂടെയുള്ള അന്വേഷണമെന്ന് തോന്നുമെങ്കിലും മനുഷ്യ മനസിന്റെ വിലോലമായ വിഭ്രമാവസ്ഥ കളുടെ പകർന്നാട്ടമാണ് *യവനിക* എന്നചിത്രം. പ്രണയവും കാമവും വനജന്യമായ ക്രൗര്യവുമെല്ലാം ഒരു നാടകത്തിന്റെ നിറക്കൊഴുപ്പിലൂടെ പ്രേക്ഷകനിലേക്ക് ചിതറി വീഴുകയാണ്. ഹൃദയം മുറിഞ്ഞൊഴുകുമ്പോഴും അത് നാടകത്തിന്റെ കപട വെളിച്ചങ്ങളുടെ നിറമെഴുത്തുകൊണ്ട് മറച്ച് പിടിക്കുന്ന കഥാപാത്രങ്ങൾ.

ഈ ചലച്ചിത്രത്തിൽ നാടകവണ്ടി പിന്നിലേക്ക് റിവേഴ്സെടുക്കുന്ന ഒരു ഷോട്ട് കാണാം. എന്തിനാണ് അത്തരമൊരു രംഗമെന്ന് കാഴ്ചക്കാരന് തോന്നാം. ഒരേ സമയം മനുഷ്യമനസിന്റെ മുന്നിലേക്ക് മാത്രമല്ല പിന്നിലേക്കും സഞ്ചരിക്കുന്നതാണ് തന്നിലെ കലയെന്ന് കെ. ജി. ജോർജ് എന്ന സംവിധായകൻ വിളിച്ച് പറയുകയായിരുന്നു ആ ദൃശ്യചിഹ്നത്തിലൂടെ.

1975 ൽ പുറത്തിറങ്ങിയ കെ. ജി. ജോർജിന്റെ ആദ്യ ചിത്രമായ *സ്വപ്നാടനം* മനശാസ്ത്രപരമായ ഒരു ദൃശ്യ സഞ്ചാരമായിരുന്നു. മലയാളത്തിലെ സ്ഥിരം വാർപ്പ് മാതൃകകളെ പൊളിച്ചെഴുതിയ ചിത്രം ആ വർഷത്തെ മികച്ച ചിത്രത്തിനുള്ള ദേശീയ അവാർഡും കരസ്ഥമാക്കി. യഥാർത്ഥത്തിൽ ആ ചിത്രത്തിലൂടെ മനസ്സിന്റെ മഹാ വ്യഥകളെയും മോഹങ്ങളെയും ക്യാമറ ദൃശ്യങ്ങളിലൂടെ പകർത്തിയെഴുതി  മലയാള മനസിലേക്കുള്ള *സ്വപ്നാടനം* കെ. ജി. ജോർജ് ആരംഭിക്കുകയായിരുന്നു.

*മേള* എന്ന ചലച്ചിത്രത്തിൽ ആകൃതിയിൽ ഉയരം കാണാനാകാത്ത നായകന്റെ കഥ പറയുമ്പോൾ ഉയരമില്ലാത്ത മനുഷ്യ ശരീരങ്ങളിലെ ആകാശത്തോളം ഉയർച്ചയുള്ള മനസ്സിന്റെ വിമോഹിത കാമനകളെയും വലിയ ജീവിതങ്ങളുടെ കാൽച്ചുവട്ടിലൂടെ നടന്നു നീങ്ങുന്ന ചെറു ജീവിത ങ്ങളുടെ ഉൾപ്പെരുക്കങ്ങളെയും നമുക്ക് കാട്ടിത്തരികയായിരുന്നു കെ. ജി. ജോർജ്.

ചിത്രത്തിൽ കടൽ തിരമാലകളിൽ ഒരുമിച്ചുല്ലസിക്കുന്ന സുഭഗനായ മമ്മൂട്ടിയുടെയും പൊക്കം കുറഞ്ഞ രഘുവിന്റെയും ദൃശ്യങ്ങളുണ്ട്. തന്റെ ക്യാമറയ്ക്കുമുന്നിലും പ്രകൃതിയുടെ മഹാ സൗന്ദ ര്യത്തിന് മുന്നിലും ഉയരവും ഉയരക്കുറവും സമമായ പുരുഷപ്രകൃതികൾ തന്നെയെന്ന് ജോർജ് ഉച്ചത്തിൽ വിളിച്ചു പറയുകയാണിവിടെ.

*ആദാമിന്റെ വാരിയെല്ല്, ലേഖയുടെ മരണം ഒരു ഫ്ളാഷ്ബാക്ക്, യവനിക ,മേള* തുടങ്ങിയ ചിത്രങ്ങൾ മലയാള ചലച്ചിത്ര രംഗവേദിയിലെ ഒരിക്കലും നിറം മങ്ങാത്ത ജീവിതാദ്ധ്യായങ്ങളുടെ ജ്വലിക്കുന്ന രംഗപടങ്ങളാണ്. ദാർശനിക വ്യഥകളും അതിസങ്കീർണതകളുമില്ലാതെ മനസ്സിന്റെ തെളിമയിലേക്ക് ക്യാമറ തിരിച്ച സംവിധായകനാണ് കെ. ജി. ജോർജ്. ഓരോ മനസിലും അടിത്തട്ടിലുറഞ്ഞ് കിടക്കുന്ന പാപവും പ്രണയവും പ്രതികാരവും ജല ശുദ്ധിയോടെ പ്രേക്ഷകനിലേക്ക് പകരുകയായിരുന്നു കെ. ജി. ജോർജ് എന്ന മനസ്സുകളുടെ പകർപ്പെഴുത്തുകാരൻ.

*യവനിക*യിൽ നടുങ്ങുകയും *ആദാമിന്റെ വാരിയെല്ല്* കണ്ട് സ്തോഭിക്കുകയും ചെയ്ത പ്രേക്ഷകൻ *പഞ്ചവടിപ്പാല*മെന്ന സോഷ്യൽ സറ്റയറിന്റെ അതിശുദ്ധ ഹാസ്യത്തിൽ പൊട്ടിപ്പൊട്ടിച്ചിരിച്ചു. ആ ചിരിയിലും ജലപ്പരപ്പിൽ ഒഴുകി നടന്ന കാലില്ലാത്തവന്റെ ചക്രക്കൊരണ്ടി പോലെ അവന്റെ മനസ്സ് കരഞ്ഞ് നനഞ്ഞു.

അങ്ങനെയൊരു കണ്ണീർ നനവാണ് മലയാള മനസ്സിന്റെ വെള്ളിത്തിരയിൽ കെ. ജി. ജോർജ്  എന്ന മലയാള നവസിനിമയുടെ സ്രഷ്ടാവ് ഇന്നും അവശേ ഷിപ്പിക്കുന്നത്.

പ്രിറ്റി എഡ്വേർഡ്

KOTTAKA
# കൊട്ടക
CINEMA BIMONTHLY 2023 SEPTEMBER-OCTOBER
VOL 20 ISSUE 03

**എഡിറ്റർ**
ഡോ. രാജേഷ് എം.ആർ.

**സബ് എഡിറ്റർ**
ആൽവിൻ ജേയ്ക്കബ് തട്ടിൽ

**പത്രാധിപ സമിതി**
എസ്. ഹരിനാരായണൻ
ഡോ. സി. ആദർശ്
ഡോ. പി. വിഷ്ണുനാഥ്
ശീതൾ വി.എസ്.
നിവേദിത കളരിക്കൽ
പി. സലിംരാജ്

**ഉപദേശകസമിതി**
ചെലവൂർ വേണു
ഡോ. കെ. ഗോപിനാഥൻ
വി. മുസാഫർ അഹമ്മദ്
ഐ. ഷണ്മുഖദാസ്
ഡോ. അരവിന്ദൻ വല്ലച്ചിറ
പി.എൻ. ഗോപീകൃഷ്ണൻ
ഡോ. സി.എസ്. ബിജു

Printer & Publisher : **Cherian Joseph**
Executive Director, International Film Festival Thrissur, Kalliath Royal Square 2nd Floor, Palace Road, Thrissur, Kerala India. For-International Film Festival Thrissur-IFFT. www.ifft.in

Mob: +91 94961 68654, 94467 68855
E-mail: ifftinfo2@gmail.com

# എഡിറ്റോറിയൽ

പ്രിയപ്പെട്ടവരേ,

കൊട്ടക ഡിജിറ്റൽ ദ്വൈമാസികയുടെ സെപ്തംബർ – ഒക്ടോബർ ലക്കമാണിത്. ഈ ലക്കത്തിന്റെ പ്രത്യേകത വിശ്രുത ചലച്ചിത്രകാരനും എഫ്.എഫ്.എസ്.ഐ. കേരള ഘടകം പ്രസിഡന്റുമായ ഷാജി എൻ. കരുണുമായുള്ള അഭിമുഖമാണ്. ഒപ്പംതന്നെ അന്തരിച്ച കെ.ജി. ജോർജിനെക്കുറിച്ചുള്ള കുറിപ്പും. കൂടാതെ 'കുട്ടികളുടെ സിനിമാപതിപ്പെ'ന്ന നിലയ്ക്ക് വിഭാവനം ചെയ്തിട്ടുള്ള ലക്കംകൂടിയാണ്. വി.മോഹനകൃഷ്ണന്റെ *ഇറാൻ സിനിമയിലെ മുതിർന്ന ബാല്യങ്ങൾ* എന്നലേഖനം കുട്ടികളെ കേന്ദ്രകഥാപാത്രങ്ങളാക്കി വലിയവരുടെ ലോകത്തെ ചിത്രീകരിക്കുന്ന ഇറാനിയൻ സിനിമകളെക്കുറിച്ചാണ്. കുട്ടികൾ പ്രധാന കഥാപാത്രങ്ങളായി വരുന്ന സിനിമകളുടെ ഒരു ലിസ്റ്റാണ് രാകേഷ്നാഥ് എഴുതിയിരിക്കുന്നത്. രാമു കാര്യാട്ടിന്റെ *അമ്മുവിന്റെ ആട്ടിൻകുട്ടി* എന്ന സിനിമയെക്കുറിച്ചുള്ള ലേഖനമെഴുതിയിരിക്കുന്നത് പി. സലിംരാജാണ്. കേരളത്തിൽ ആദ്യമായി നടന്ന ലക്ഷണമൊത്ത ഇന്റർനാഷണൽ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരളയിൽ (ICFFK 2023) പ്രദർശിപ്പിച്ച *കുട്ടികളുടെ സമകാലീന ലോകസിനിമയിലേക്ക് ഒരു എത്തിനോട്ടം* എന്ന ആൽവിൻ ജെയ്ക്കബ് തട്ടിലിന്റെ ലേഖനവും, ICFFK 2023 ഒരു *പ്രവർത്തന റിപ്പോർട്ടും* ഉൾപ്പെടുന്നു. *പ്രകൃതി: വിചാരം, ആവിഷ്കാരം, അനുഭൂതി–ചലച്ചിത്ര സങ്കൽപ്പങ്ങളിലൂടെ* എന്ന ലേഖനമാണ് സന്ദീപ് ശരവണൻ എഴുതിയിരിക്കുന്നത്. *ആറടി* എന്ന സിനിമയെ മുൻനിറുത്തി ജാതിയും ഭൂമിയും തമ്മിലുള്ള വ്യവഹാരങ്ങളെ വിശകലനം ചെയ്യുന്ന ലേഖനമാണ് രാജേഷ് എംആറിന്റേത്. ഈ ലക്കത്തിലേക്ക് വായനക്കാരെ സ്നേഹപൂർവ്വം സ്വാഗതംചെയ്തുകൊണ്ട്,

എഡിറ്റർ
**ഡോ. രാജേഷ് എം.ആർ.**

# ഉള്ളടക്കം

ഇറാൻ സിനിമയിലെ മുതിർന്ന ബാല്യങ്ങൾ

12
വി. മോഹനകൃഷ്ണൻ

ക്യാമറയിലെ കുട്ടികൾ

16
രാകേഷ് നാഥ്

കൊല്ലരുതെന്നൊരു പാഠം

23
പി. സലിംരാജ്

അഭിമുഖം

സിനിമ സ്വാതന്ത്ര്യത്തിന്റെ കല
4

കെ.ജി. ജോർജ്: മലയാളത്തിന്റെ സ്വപ്നാടകൻ
2
പ്രിറ്റി എഡ്വേർഡ്

ICFFK 2023 പ്രവർത്തന റിപ്പോർട്ട്
38

ICFFK 2023 : കുട്ടികളുടെ സമകാലീന ലോകസിനിമയിലേക്ക് ഒരു എത്തിനോട്ടം

25
ആൽവിൻ ജെയ്ക്കബ് തട്ടിൽ

പ്രകൃതി : വിചാരം, ആവിഷ്കാരം, അനുഭൂതി ചലച്ചിത്ര സങ്കൽപ്പങ്ങളിലൂടെ

30
സന്ദീപ് ശരവണൻ

ജാതിയും ഭൂമിയും ആറടി എന്ന സിനിമയിൽ

35
ഡോ. രാജേഷ് എം. ആർ.



# സിനിമ സ്വാതന്ത്ര്യത്തിന്റെ കല

**വിശ്രുത ചലച്ചിത്രകാരനും KSFDC ചെയർമാനും FFSI സംസ്ഥാന പ്രസിഡൻറുമായ ഷാജി എൻ. കരുണുമായി കോട്ടയം ന്യൂവേവ് ഫിലിം സൊസൈറ്റിയുടെ സെക്രട്ടറി മാത്യൂസ് ഓരത്തേൽ നടത്തിയ സംഭാഷണങ്ങളിൽ നിന്ന് ...**

**സർക്കാരിന്റെ ചലച്ചിത്ര നയം?**

ഒരു ചലച്ചിത്ര നയം ഈ സർക്കാരിന്റെ ഇലക്ഷൻ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുള്ളതാണ്. അതനുസരിച്ചുള്ള കാര്യങ്ങൾ നമ്മളിപ്പോൾ ചെയ്തു തുടങ്ങിയിട്ടുണ്ട്. സിനിമ എന്നത് കൾച്ചറൽ ഇൻഡസ്ട്രിയുടെ ഭാഗമാണ്. അതിനൊരു വരുമാന മുണ്ട്. വിദേശ രാജ്യങ്ങളിലെ 'വർക്ക് ഓഫ് ആർട്സ്' കാണാൻ നിരവധി ടൂറിസ്റ്റുകൾ എത്താറുണ്ട്. അതുപോലെ മികച്ച സിനിമകൾ കാണാനും ആളുകൾ എത്തിച്ചേരും.

KSFDC യെ സംബന്ധിച്ച് ഇനിയും ഒരു upgrading ആവശ്യമുണ്ട്. കാരണം ഇപ്പോൾ സിനിമ പൂർണമായും ഡിജിറ്റലായിക്കഴിഞ്ഞിരിക്കുന്നു. അതനുസരിച്ചുള്ള ഒരു പരിവർത്തനം KSFDC യ്ക്കും ആവശ്യമാണ്. ആ Process ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്.

ഹോളിവുഡ് സിനിമകൾ അവരുടെ വിപണിക്കാവശ്യമുള്ള ചേരുവകൾ മാത്രം ചേർത്താണ് സിനിമകൾ ഉണ്ടാക്കുന്നത്. സാമ്പത്തിക നേട്ടം മാത്രമാണ് അവയുടെ ലക്ഷ്യം. എന്നാൽ യൂറോപ്യൻ സിനിമകൾ ഹോളിവുഡ് സിനിമകളുമായി മത്സരിക്കുന്നത് അതിന്റെ വിപണനമൂല്യത്തിൽ മാത്രമല്ല അത് സൂക്ഷിക്കുന്ന കലാപരമായ സൗന്ദര്യം കൊണ്ടു കൂടിയാണ്. 'കാൻ' പോലെയുള്ള ചലച്ചിത്രമേളകളിൽ അവരുടെ സിനിമകൾ കൂടുതൽ അംഗീകരിക്കപ്പെടുന്നു. ലോകത്തെ മികച്ച നൂറ് ചിത്രങ്ങളെടുത്തു നോക്കിയാൽ അവയിൽ ഓസ്കാർ അവാർഡ് നേടിയ ചിത്രങ്ങൾ കാണണമെന്നില്ല.

യൂറോപ്യൻ ചിത്രങ്ങൾ ഇത്തരം വേദികളിൽ മുന്നേറുന്നത് ഓരോ ചിത്രത്തിലും അവർ സൂക്ഷിക്കുന്ന സാംസ്ക്കാരികമായ തനിമയും അടയാളങ്ങളും കൊണ്ടുകൂടിയാണ്.

ഒരു നാടിന്റെ സംസ്കാരം, കല, കഥകൾ, സാഹിത്യം, ഭൂപ്രകൃതി എന്നിവ അതാത് നാട്ടിലെ ഉദാത്തമായ കലാസൃഷ്ടികളിൽ പ്രതിഫലിക്കുന്നു. ചലച്ചിത്രങ്ങൾക്കും ഇതിൽ നിന്നും മാറി നിൽക്കാൻ സാധിക്കുകയില്ല. അങ്ങനെ തങ്ങളുടെ ദേശത്തെക്കൂടി അടയാളപ്പെടുത്തുമ്പോഴാണ്

അതിന് കലാപരമായ ആഴവും ആത്മാവും ലഭിക്കുന്നത്.

ചലച്ചിത്രത്തെ വെറുമൊരു വിനോദം (Entertainment) മാത്രമായിക്കാണാതിരിക്കുക.


ഇന്ന് സംഭവിക്കുന്നത് നാമെല്ലാവരും യൂറോപ്യൻ സംസ്ക്കാരത്തിന് കീഴ്പെട്ടു പോയിരിക്കുന്നു എന്നതാണ്. നമ്മുടെ 'ഫുഡ് കൾച്ചർ' പോലും യൂറോപ്പുമായി ചേർന്നു നിൽക്കുന്നതാണ്. നമ്മുടെ ദേശത്തനിമയുള്ള രുചിഭേദങ്ങൾ നാം മറന്നിരിക്കുന്നു. ഇതൊക്കെ നമ്മുടെ സംസ്ക്കാരത്തെ മുറിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. വിജ്ഞാനത്തേക്കാൾ അപ്പുറം വിപണിക്ക് പ്രാധാന്യം കൊടുക്കുന്ന ഒരു ലോകക്രമത്തിലേക്കുള്ള സഞ്ചാരത്തിന്റെ ഭാഗമാണിതൊക്കെ.

സിനിമ പോലും 'പണാധിപത്യത്തിന്' ശേഷമുണ്ടായ ഒരു കലയാണ്. അപ്പോൾ ചലച്ചിത്രത്തിന്റെയും Basic issue പണം തന്നെയാണ്. എന്നാൽ നൃത്തം, സംഗീതം, നാടകം തുടങ്ങിയ കലാരൂപങ്ങളൊക്കെത്തന്നെ 'പണാധിപത്യത്തിന്' മുമ്പ് തന്നെ അവയുടേതായ രീതിയിൽ സ്ഫുടീകരിക്കപ്പെട്ടിരുന്നു. കഥകളിയുടെ കാര്യം തന്നെയെടുക്കാം. ഒരു പക്ഷേ പണാധിപത്യത്തിന്റെ കീഴിലായിരുന്നു അത് രൂപപ്പെട്ടിരുന്നെങ്കിൽ ഇന്നത്തെ രൂപത്തിലുള്ള തനിമയും ശ്രേഷ്ഠതയുമുള്ള ഒരു കലാരൂപം നമുക്ക് ലഭിക്കുകയില്ലായിരുന്നു.

### ആർട്ടിഫിഷ്യൽ ഇന്റലിജൻസും കലയും?

ലോകരാജ്യങ്ങൾ മുഴുവൻ തങ്ങളുടേതായ ഒരു Cultural identity നിലനിർത്താനായി പരിശ്രമിക്കുമ്പോഴാണ് AI കടന്നു വരുന്നത്.

AI ആദ്യം ഇല്ലാതാക്കുന്നത് ഒരു ദേശത്തിന്റെ സാംസ്ക്കാരികമായ ഐഡന്റിറ്റിയേയാണ്.



> **ഒരു നാടിന്റെ സംസ്കാരം, കല, കഥകൾ, സാഹിത്യം, ഭൂപ്രകൃതി എന്നിവ അതാത് നാട്ടിലെ ഉദാത്തമായ കലാസൃഷ്ടികളിൽ പ്രതിഫലിക്കുന്നു. ചലച്ചിത്രങ്ങൾക്കും ഇതിൽ നിന്നും മാറി നിൽക്കാൻ സാധിക്കുകയില്ല. അങ്ങനെ തങ്ങളുടെ ദേശത്തെക്കൂടി അടയാളപ്പെടുത്തുമ്പോഴാണ് അതിന് കലാപരമായ ആഴവും ആത്മാവും ലഭിക്കുന്നത്.**

ആഫ്രിക്കക്കാർക്കും ലാറ്റിനമേരിക്കക്കാർക്കും റഷ്യക്കാർക്കും അവരുടെതായ സാംസ്ക്കാരിക ചിഹ്നങ്ങളും ഭൂമിശാസ്ത്രപരമായ ഐഡന്റിറ്റിയുമുണ്ട്. AI എന്ന പ്രതിഭാസം ഇല്ലാതാക്കുന്നത് ഇത്തരം ഭൂപ്രദേശങ്ങളുടെ തനിമയും സവിശേഷതകളുമാണ്.

ഉദാഹരണത്തിന് 'രാത്രി' എന്നത് മണലാരണ്യത്തിലും കടൽതീരത്തും മറ്റ് സ്ഥലങ്ങളിലും വ്യത്യാസപ്പെട്ടാണിരിക്കുന്നത്. ഓരോന്നിനും അതിന്റേതായ മനോഹാരിതയുണ്ട് ആഴമുണ്ട്. എന്നാൽ ട്യൂൺ ചെയ്തു വച്ചിരിക്കുന്ന AI യുടെ രാത്രിക്ക് ഒരേ നിറമായിരിക്കും. മനുഷ്യന്റെ തലച്ചോറിന്റെ സർഗ്ഗപരതയ്ക്ക് സൃഷ്ടിച്ചെടുക്കാൻ സാധിക്കുന്ന ഇത്തരം വ്യത്യസ്ത സൗന്ദര്യങ്ങൾ AI എന്ന സാങ്കേതികതയ്ക്ക് എത്ര മാത്രം സാധ്യമാകുമെന്ന് സംശയമുണ്ട്. 'മുഹൂർത്തം 3 മണി' എന്നത് ഒരു നാടിന്റെ സംസ്ക്കാരവുമായി ബന്ധപ്പെട്ടതാണ്. ഇതിൽ AIയ്ക്ക് മുഹൂർത്തം എന്നത് മനസിലാക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ 3 മണി എന്നത് മനസ്സിലാക്കിയെടുക്കുകയും ചെയ്യും.

AI എന്നത് ആധുനീക കാലത്ത് മനുഷ്യനെയും സംസ്ക്കാരത്തെയും അടിമയാക്കി മാറ്റുന്ന Virtual Slavery യുടെ ഏറ്റവും പുതിയ രൂപമാണ്.

ക്യാപിറ്റലിസത്തിന്റെ ഇടപെടൽ മൂലമാണ് ലോകം മുഴുവൻ ഒരു Global market ആയി ചുരുങ്ങിയിരിക്കുന്നത്. ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള വിപണിയെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ് AI.

ഹോളിവുഡിലെ ചലച്ചിത്ര പ്രവർത്തകർ AIയ്ക്കെതിരേ സമരം നടത്തുന്നത് ഒരു പക്ഷേ നമ്മെ അത്ഭുതപ്പെടുത്തിയേക്കാം. എന്നാൽ ആ സമരം ലോക കമ്പോളത്തിൽ തങ്ങൾക്ക് നഷ്ടമാകുന്ന തൊഴിലിടങ്ങളെക്കുറിച്ചുള്ള ഉത്കണ്ഠ മാത്രമാണ്. അതല്ലാതെ AI സൃഷ്ടിക്കുന്ന കലാപരമായ നൈതികതയില്ലായ്മയേക്കുറിച്ചല്ല.

കലയിലെ നൈതികതയും മൂല്യവും അവരെ സംബന്ധിച്ച് ഗൗരവതരമായ വിഷയങ്ങളുമല്ല.

### ഫിലിം സൊസൈറ്റികൾ?

നമ്മുടെ ഫിലിം സൊസൈറ്റികളുടെ ആരംഭകാലമെന്നത് കൂട്ടായ ചർച്ചകളുടെയും

സംഗമങ്ങളുടെയും ഒരുമിച്ചിരുന്നുള്ള ചലച്ചിത്രാസ്വാദനത്തിന്റെയും കാലമായിരുന്നു. ഇന്ന് വ്യക്തികേന്ദ്രീകൃതമായി ഭിന്നിച്ച് മാറുകയും സമൂഹത്തിന്റെ പൊതുവായ ആവശ്യങ്ങളിൽ നിന്നും ഒറ്റപ്പെട്ട് മാറിനിൽക്കുകയും ചെയ്യുന്ന വ്യക്തികളായി നമ്മുടെ ജനങ്ങൾ മാറിക്കഴിഞ്ഞു. രണ്ടാമത്തേത് ഉപഭോഗ സംസ്ക്കാരമാണ് (Consumerism) ഇന്ന് നമ്മെ നയിക്കുന്നത്. പരസ്പരം കൂടിച്ചേരാതെ മനുഷ്യനെ ഒറ്റപ്പെട്ട വ്യക്തികളാക്കുക എന്നത് ക്യാപ്പിറ്റലിസത്തിന്റെ ഒരു രഹസ്യ അജണ്ടയാണ്. ഇതുവഴി ഓരോ വ്യക്തിയും ഓരോ വ്യക്തി കമ്പോളങ്ങളായി പരിണമിക്കുന്നു. മനുഷ്യനെ വ്യക്തിയായി മാത്രം ചുരുക്കുക വഴി കമ്മ്യൂണിസ്റ്റ് ആശയത്തെ തകർക്കാനും അവർ പരിശ്രമിക്കുന്നു. ആ മഹാപ്രസ്ഥാനത്തിന്റെ തകർച്ച മനുഷ്യവംശത്തെ തീർച്ചയായും അരക്ഷിതരാക്കും. ഇവിടെ നമുക്ക് നമ്മുടെ സാമൂഹികമായ ഇടപെടലുകളും ജനിച്ച ഭൂമികയുടെ സംസ്ക്കാരവും നഷ്ടമാകുന്നു. മനുഷ്യന്റെ കൂടിച്ചേരലുകൾ ഇല്ലാതെയാകുന്നു. ഈ കൂടിച്ചേരലുകൾ തിരികെ കൊണ്ടുവരുന്നതിനാണ് ഫിലിം സൊസൈറ്റികൾ പരിശ്രമിക്കേണ്ടത്. അതു വഴി മനുഷിക മൂല്യങ്ങൾകൂടി നമ്മുടെ ജീവിതവുമായി കൂട്ടിച്ചേർക്കുവാൻ നമുക്ക് സാധിക്കും.

സമ്പത്തിന്റെ കടന്നുവരവും അതിനെ അവലംബിച്ചുള്ള പ്രവർത്തനങ്ങളിലേക്കും ഫിലിം സൊസൈറ്റികൾ ചുരുങ്ങിയതോടെ അതിന്റെ സ്ഥായിയായ ഊർജ്ജം നഷ്ടമായി. സർക്കാരിൽ നിന്നും ഗ്രാന്റു നേടിയെടുക്കാനുള്ള ഉപരിപ്ലവമായ പ്രവർത്തനങ്ങളിലേക്ക് ഫിലിം സൊസൈറ്റികൾ ചുരുങ്ങി. കാൽനടയായി നല്ല സിനിമയുടെ പെട്ടിയും ചുമന്നു നടന്ന ഫിലിം സൊസൈറ്റി പ്രവർത്തകർ ഇന്നത്തെ തലമുറയ്ക്ക് അപരിചിതരായി.

## സിനിമയും സമൂഹവും?

ആധുനിക കാലത്തെ ജന സമൂഹത്തെ വളരെയേറെ സ്വാധീനിക്കുന്ന ഒന്നാണ് ചലച്ചിത്രം. എന്നാൽ ഇന്നത്തെ ചലച്ചിത്രങ്ങളിൽ നിന്നും ജനങ്ങൾ തെറ്റായ കാര്യങ്ങളാണ് സ്വാംശീകരിക്കുന്നത്. അവന്റെയുള്ളിലെ ക്രിമിനൽ വാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള ഉപാധികളും മാർഗങ്ങളും അവൻ സിനിമയിൽ നിന്നും കൂടുതലായി കണ്ടെത്തുന്നു.

ഒരു മനുഷ്യനെ എങ്ങനെയൊക്കെ കൊല്ലാമെന്നുള്ള കാര്യത്തിന് ഇന്നത്തെ പല ചലച്ചിത്രങ്ങളെയുമാണ് അവൻ പാഠപുസ്തകമാക്കുന്നത്. തിരശീലയിലെ ക്രൂരതകൾ നിസ്സംഗതയോടെ കാണാൻ പുതു തലമുറ പരിശീലിക്കപ്പെടുന്നു. 'ജയിലർ' എന്ന ചിത്രത്തിൽ നായകൻ ഒരാളുടെ തലവെട്ടിമാറ്റുന്ന രംഗം പോപ്കോൺ കഴിച്ചുകൊണ്ട് പുഞ്ചിരിയോടെ ഒരു കൊച്ചുകുട്ടി കണ്ടുകൊണ്ടിരിക്കുകയാണ്. നാളത്തെ അവന്റെ ചിന്തകൾ എങ്ങനെയുള്ളതാകുമെന്ന് നാം ഭീതിയോടെ ആലോചിക്കേണ്ട ഒരു വസ്തുത തന്നെയാണ്.

## മാറിയ സിനിമ; മാറുന്ന പ്രേക്ഷകൻ?

മുൻപ് സൂചിപ്പിച്ച പോലെ കൂട്ടായ സിനിമാകാണൽ ഇന്ന് കുറഞ്ഞുവരികയാണ്. അതുപോലെ തന്നെയാണ് ഏകാഗ്രമായ സിനിമാ ആസ്വാദനവും. മൊബൈൽ ഫോണിൽ ചാറ്റ് ചെയ്തും ഭക്ഷണം കഴിച്ചും സിനിമ കാണുന്ന പുതിയ പ്രേക്ഷകനാണ് ഇന്നുള്ളത്. അഞ്ചോ പത്തോ മിനിറ്റുകൾ സ്ക്രീനിൽ നിന്നും ശ്രദ്ധ മാറിയാലും അവരുടെ ആസ്വാദനത്തിന് ഒന്നും സംഭവിക്കുന്നില്ല. കാരണം അവർ കാണുന്ന ചലച്ചിത്രം ഓരോ ഷോട്ടിലും ഒന്നും പുതുതായി പറയുന്നില്ല എന്നതുതന്നെ. കാണിയും കാഴ്ചയും ഇന്ന് ഒരേ പോലെ നിശ്ചലാവസ്ഥയിലായിരിക്കുന്നു. ചലിപ്പിക്കാത്ത കാഴ്ചയും ചലനമില്ലാത്ത പ്രേക്ഷകനുമായി ഇന്നത്തെ സിനിമയും കാഴ്ചക്കാരനും മാറിയിരിക്കുന്നു.

## ഇന്നത്തെ സിനിമയുടെ നരേറ്റീവ് സ്വഭാവം?

ഒരു കഥയോ നോവലോ നാം വായിക്കാനെടുത്താൽ അതിന്റെ അവസാനത്തെ അദ്ധ്യായത്തിലേക്ക് എത്തിപ്പെടാനുള്ള ആകാംക്ഷയും ഉദ്വേഗവും ഓരോ വായനക്കാരിലുമുണ്ടാകുന്നു. എന്നാൽ ഇന്നത്തെ മിക്ക സിനിമകളുടെയും നരേറ്റീവ് സ്വഭാവം ഈ ആകാംക്ഷയെ പാടേ നിരാകരിക്കുന്നു. അപ്പഴപ്പോൾ സ്ക്രീനിൽ തെളിയുന്ന ദൃശ്യങ്ങളിലെ ആഹ്ലാദമോ ആവേശമോ മാത്രമാണ് അവർ പ്രേക്ഷകന് നല്കുന്നത്.

## മാസ് മീഡിയ?

പണ്ടുകാലത്തെ കോഫി ടേബിളുകൾ സൗഹൃദത്തിന്റെ ശുദ്ധിയുള്ള ആഘോഷങ്ങളും ഉദാത്തമായ കലയ്ക്കു വേണ്ടിയുള്ള ധിഷണാപരമായ ചർച്ചകൾ നിറഞ്ഞതുമായിരുന്നു.

എന്നാൽ ഇന്നത്തെ കോഫി ടേബിളുകളിലെ മുഖ്യ ചർച്ചാ വിഷയം ഗോസിപ്പുകളാണ്. ഒരു ദിവസം ഒരു ഗോസിപ്പെങ്കിലും വായിക്കുകയോ പറയുകയോ കേൾക്കുകയോ ചെയ്യാതെ മലയാളിയുടെ ജീവിതം മുന്നോട്ടു നീങ്ങുന്നില്ല. ഇതിന് പ്രധാന കാരണം മീഡിയ ആണ്.

ഇന്നത്തെ മാസ് മീഡിയ എന്നത് വെറും ഗോസിപ്പുകളുടെ പ്രചാരകരായി മാറി. അതിനായി എന്തു തരം ഭാഷ ഉപയോഗിക്കാനും അവർക്ക് മടിയില്ലാതായിരിക്കുന്നു. ഈ ഭാഷ പല പുതു സിനിമകളിലും യാതൊരു ലജ്ജയോ വ്യവസ്ഥയോ ഇല്ലാതെ ഉപയോഗിക്കുന്നു. സെൻസർ ബോർഡ് പോലെയുള്ള സ്ഥാപനങ്ങൾ പോലും ഇത്തരം കാര്യങ്ങളിൽ നിസ്സഹായരായി



*അരവിന്ദനോടൊപ്പം*

മാറുന്നു. ഇത് പുതിയ തലമുറയെ ആഴത്തിൽ സ്വാധീനിക്കുന്നുണ്ട്. ശ്ലീലാശ്ലീലങ്ങളുടെ അതിർവരമ്പുകൾ നമുക്ക് നമ്മുടെ ദൈനംദിന ജീവിതത്തിലും സിനിമയിലും നഷ്ടമായിരിക്കുന്നു. സംസ്‌ക്കാരമെന്നത് സമ്പത്തുള്ളവന്റെ സംസാരമാണ് എന്ന് നാം ധരിച്ചു വച്ചിരിക്കുന്നു.

ഇപ്പോൾ സംസ്‌ക്കാരം സമ്പത്തിന്റെ പരുന്തിൻ കാലിൽ പറക്കുകയാണ്. നവസിനിമകളും ഒരർത്ഥത്തിൽ ഇത്തരം ദുഷിച്ച സമ്പത്തിന്റെ പരുന്തിൻ കാലുകളിലാണ്.

ഇത്തരം ഘട്ടത്തിൽ നല്ല സിനിമയെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട ധാർമ്മികമായ ഉത്തരവാദിത്വം ഓരോ ഫിലിം സൊസൈറ്റി പ്രവർത്തകനുമുണ്ട്.

**നല്ല സിനിമകൾ ക്യൂറേറ്റ് ചെയ്യപ്പെടേണ്ടേ?**

നല്ല സിനിമകളെ തിരഞ്ഞെടുക്കാനുള്ള (Curate) സാംസ്‌ക്കാരികമായ ഒരു കടമ ഫിലിം സൊസൈറ്റികൾ ഏറ്റെടുക്കേണ്ടതുണ്ട്. അത് കണ്ടെത്തുക മാത്രമല്ല പ്രേക്ഷകരിലേക്ക് അതിനെ എത്തിക്കാനും സാധിക്കണം. ഇതിനായി ഉദാത്തമായ സിനിമകളെക്കുറിച്ച് സാധാരണക്കാരായ പ്രേക്ഷകരെ ബോധവൽക്കരിക്കാനും ഫിലിം സൊസൈറ്റി പ്രവർത്തകർ പരിശ്രമിക്കേണ്ടതുണ്ട്.

**സിനിമയും പൊളിറ്റിക്കൽ കറക്ട്നെസ്സും?**

പൊളിറ്റിക്കൽ കറക്ട്നെസ്സ് എന്ന വാക്കിനെ ഇന്ന് കലാകാരൻമാർ ഭയക്കാൻ തുടങ്ങിയതിന്റെ പ്രധാന കാരണം നമ്മുടെ മനസ്സുകളിൽ ശുദ്ധ ഹാസ്യം അഥവാ Humour ഇല്ലാതായി എന്നതു കൊണ്ടാണ്. പണ്ടുകാലത്ത് നമുക്കൊരു ചെടിയെ ധൈര്യമായി കമ്മ്യൂണിസ്റ്റ് പച്ച എന്നു വിളിക്കാം. ഇന്നത് സാധ്യമാകുമോ എന്ന് സംശയമാണ്. നമ്മുടെയൊക്കെ മനസ്സുകളിൽ നിന്നും നൈർമ്മല്യം നഷ്ടമായതിനാലാണിത്. ശുദ്ധമായ ഹാസ്യം മനസ്സിന്റെ നിർമ്മലതയിൽ നിന്നാണ് പിറവി കൊള്ളുന്നത്. അത്തരം നിർമ്മലത നമുക്ക് കൈമോശം വന്നിരിക്കുന്നു.

ഇന്നത്തെ തമാശ, വളിപ്പുകളും അശ്ലീലവുമാണ്. അതൊക്കെ അപ്പോൾ കേട്ട് ചിരിച്ചു കളയുകയാണ് പ്രേക്ഷകൻ. സഖാവ് EMS ന്റെ പ്രസംഗങ്ങളിൽ നല്ലൊന്നാന്തരം ഹാസ്യമുണ്ടായിരുന്നു. എന്നാൽ അതപ്പോൾ വെളിപ്പെടുന്ന ഒന്നല്ല. അല്പനേരം ചിന്തിച്ച് കഴിഞ്ഞാൽ മാത്രമാണ് അതിലദ്ദേഹം ഒളിപ്പിച്ചുവെച്ച ഹാസ്യത്തെ കണ്ടെത്താനാവുക. സഞ്ജയന്റെയും വി.കെ. എന്നിന്റെയും ചിരികളും അങ്ങനെ കണ്ടെത്തേണ്ടവയാണ്.

എത്ര അടരുകളുള്ളതായിരുന്നു മഹാനായ ചാർലി ചാപ്ലിന്റെ തമാശകളെന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ?

ഇന്നത്തെ കാർട്ടൂണുകളുടെ അവസ്ഥ എന്താണ്. അവയൊക്കെ വെറും പരിഹാസങ്ങളും ആക്ഷേപങ്ങളും മാത്രമാണ്.

എന്നാൽ അബു എബ്രഹാമിന്റെയും ശങ്കറിന്റെയും വിജയന്റേയും ഒക്കെ കാർട്ടൂണുകളിലെ ചിരിയെക്കുറിച്ച് ഓർത്തു നോക്കൂ. അവയൊക്കെ ഒരേ സമയം ചിരിയും പൊളിറ്റിക്കൽ സറ്റയറുമായിരുന്നു. അത്തരം ചിന്തകളും ചിരിയും നിലച്ചുപോയതാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ദുരന്തം. ഇതിന്റെ പ്രതിഫലനം തന്നെയാണ് സിനിമ പോലെയുള്ള കലാരൂപങ്ങളിലും നാം കാണുന്നത്. വിഷ്വൽ കാർട്ടൂണുകളായ 'ട്രോളുകൾ' എന്താണ് ചെയ്യുന്നതെന്ന് നമുക്കറിയാമല്ലോ... അത് ആക്ഷേപത്തിനും പരിഹാസത്തിനും മാത്രമായാണ് ഇന്ന് ഉപയോഗിക്കുന്നത്.

**ജി. അരവിന്ദനുമായുള്ള ബന്ധത്തെക്കുറിച്ച്?**

അരവിന്ദേട്ടന്റെ സിനിമകൾക്കൊന്നും നിയതമായ ഒരു തിരക്കഥ ഉണ്ടായിരുന്നില്ല. എന്നാൽ കഥയെക്കുറിച്ചും കഥാപാത്രങ്ങളുടെ സഞ്ചാരത്തെക്കുറിച്ചുമൊക്കെ കൃത്യമായ ധാരണ ഉണ്ടായിരിക്കും.

ഒരുമിച്ചുള്ള പല ലൊക്കേഷനുകളിലെ സംസാരങ്ങളിലൂടെ അടുത്ത ചിത്രം എന്താണെന്നും അതിന്റെ ദർശനമെന്താണെന്നുമൊക്കെ അദ്ദേഹം കൃത്യമായി കമ്യൂണിക്കേറ്റ് ചെയ്യും. അങ്ങനെ അദ്ദേഹത്തോടൊപ്പം നമ്മുടെ മനസ്സിലും ആ ചിത്രം വളർന്നു കൊണ്ടേയിരിക്കും. 'തമ്പി'നേക്കുറിച്ച് പറഞ്ഞത് അതുവരെ സർക്കസ്സ് കണ്ടിട്ടില്ലാത്ത ഒരു ഗ്രാമത്തിലേക്ക് ഒരു സർക്കസ് കമ്പനി വരുന്നു. സർക്കസുകാർ


പോയിക്കഴിയുമ്പോൾ അവിടെ ഉത്സവം നടക്കുന്നു.

ഈ ആശയത്തിൽ നിന്നുമാണ് ആ ചിത്രത്തേക്കുറിച്ചുള്ള ചിന്തകൾ ആരംഭിക്കുന്നത്. അതോടെ ക്യാമറ എവിടെ Place ചെയ്യണമെന്നുള്ള ചിന്ത നമ്മുടെ മനസിലാരംഭിക്കുന്നു. ഒടുവിൽ നിഷ്ക്കളങ്കരായ ഗ്രാമീണരുടെ കാഴ്ചപ്പാടിൽ അവരിലൊരാളായി ക്യാമറയെ Place ചെയ്യുക എന്നത് മാത്രമാണ് നമ്മുടെ ജോലി. അദ്ദേഹത്തിന്റെ 'വാസ്തുഹാര' ഒഴിച്ചുള്ള ചിത്രങ്ങളെല്ലാം ഞാനാണ് ചെയ്തത്. ഞാൻ 'സ്വ'മ്മിന്റെ ചിത്രീകരണത്തിലായതിനാൽ 'വാസ്തുഹാര' സണ്ണി ജോസഫിനെ ഏല്പിച്ചു.

**കെ.ജി. ജോർജിനെ ഓർക്കുമ്പോൾ?**

ഞാനും ജോർജും ഒരേ 'സ്കൂളിൽ' നിന്നും വന്നവരായിരുന്നു. അതിനാൽ തന്നെ ഞങ്ങൾക്ക് ധാരാളം പൊതുവായ റഫറൻസുകളുണ്ടായിരുന്നു. അതുപോലെ ഞങ്ങൾ പഠിച്ച സബ്ജക്ടിന്റെ പുറത്തുള്ള ക്ലാരിറ്റിയും ഞങ്ങൾക്കുണ്ടായിരുന്നു. ഒരേ സ്കൂളിൽ നിന്നും പഠിച്ചിറങ്ങുന്ന ചിത്രകാരൻമാർ, സംഗീതജ്ഞൻമാർ എന്നിവർക്കിടയിലുണ്ടാകാറുള്ള ഒരു unity ഞങ്ങൾക്കിടയിലുമുണ്ടായിരുന്നു. അരവിന്ദേട്ടനിൽനിന്നും വ്യത്യസ്തമായി ജോർജിന് വളരെ സ്ട്രെയിറ്റായി തിരക്കഥയുണ്ടായിരുന്നു. ഒരേ സ്കൂളിൽ നിന്നുള്ളവരായിരുന്നതിനാൽ സ്ക്രീനുകളുടെ improvisation-ൽ ഞങ്ങൾക്ക് ഒരേ മനസ്സോടെ സഞ്ചരിക്കാൻ സാധിച്ചു.

ഒരു സിനിമാട്ടോഗ്രാഫർ എല്ലായ്പ്പോഴും ഒരു സംവിധായകന്റെ shadow ആയിരിക്കണം. അപ്പോൾ ഇരുവരും തമ്മിലുള്ള communication കറക്ടായിരിക്കും.




**'പിറവി'യുടെ പിറവി?**

'പിറവി' custodial death നെക്കുറിച്ചുള്ള ഒരു ആഖ്യാനമാണ്. ആ വിഷയം ഇന്നും പ്രസക്തമാണെന്ന് ഞാൻ കരുതുന്നു. ആ ചിത്രം രാജൻ കേസിനെക്കുറിച്ചുള്ളതാണെന്നാണ് പലരുടെയും ധാരണ. ചിത്രത്തിലെ ചില റഫറൻസുകൾ അതിന് കാരണമായിട്ടുണ്ടാകാം. മരിച്ച മകനെ തിരഞ്ഞു നടക്കുന്ന പിതാവ് മാനുഷികമായ ചില വികാരങ്ങളുടെ പ്രതിനിധിയാണ്. അത് സകല മനുഷ്യരേയും വേദനിപ്പിക്കും. അങ്ങനെയുള്ള ഒരു യൂണിവേഴ്സൽ element ആണ് ഞാൻ ചിത്രീകരിച്ചത്. കേരളത്തിൽ മാത്രമാണ് ആ ചിത്രത്തെ രാജൻ കേസുമായി കണക്ട് ചെയ്ത് ചർച്ച ചെയ്തത്. എന്നാൽ രാജൻ കേസിനെക്കുറിച്ചറിയാത്ത ലോകരാജ്യങ്ങളിൽ ആ ചിത്രം അതിന്റെ ശരിയായ അർത്ഥത്തിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്. കസ്റ്റഡി മരണങ്ങളുടെ ദുരന്തവും വേദനയും അനുഭവിക്കുന്ന കുടുംബങ്ങൾ ലോകത്തെല്ലായിടത്തുമുണ്ട്. അധികാരത്തിന്റെ മറവിൽ നടക്കുന്ന അതിക്രൂരമായ മനുഷ്യ ഹിംസയാണത്. അതിനെ തിരേ പ്രതികരിക്കേണ്ടത് ഒരു ചലച്ചിത്രകാരന്റെ ഉത്തരവാദിത്വമാണ്. ലോകത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശ ധ്വംസനം കസ്റ്റഡി മരണങ്ങളാണെന്ന് ഞാൻ കരുതുന്നു. ഈ കാലത്തും ആ വിഷയത്തിലുള്ള ചിത്രങ്ങൾ ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം. 'പിറവി' എന്ന ചിത്രം കണ്ട് സംവിധായകരായി മാറിയ നിരവധിയാളുകൾ ശ്രീലങ്കയിലുണ്ട്. ഇന്നും അവർ 'പിറവി'യെ വല്ലാതെ സ്നേഹിക്കുന്നു. കാരണം ആ ചിത്രം ചർച്ച ചെയ്യുന്ന വിഷയം അവർ നിരന്തരം അനുഭവിക്കുന്ന ഒന്നായിരുന്നു. ഒരു പക്ഷേ 'പിറവി' എന്ന ചിത്രം കണ്ട് ഇന്ത്യയിലുണ്ടായതിനേക്കാൾ കൂടുതൽ ആരാധകർ എനിക്കിപ്പോഴും ശ്രീലങ്കയിലുണ്ട്.

**കാൻ ഫിലിം ഫെസ്റ്റിവലും ഇന്ത്യൻ സിനിമകളും?**

മറ്റ് ഫെസ്റ്റിവലുകളിൽ നിന്നെല്ലാം കാൻ ഫെസ്റ്റിവലിനെ വ്യത്യസ്തമാക്കുന്നത് മാനുഷികതയുടെ (Humanism) വളർച്ചയുടെ ഭാഗമായാണ് അവർ സിനിമയെ വീക്ഷിക്കുന്നത് എന്നുള്ളതാണ്. ഹ്യൂമനിസത്തോട് ചേർന്നു നിൽക്കുന്ന ചലച്ചിത്ര സൃഷ്ടികളെ അവരെല്ലായിപ്പോഴും ആദരിക്കാറുമുണ്ട്. ഇന്ത്യൻ സിനിമകൾ കാനിൽ അംഗീകാരങ്ങൾ കൂടുതലായി നേടിയെടുക്കാത്തതിന്റെ ഒരു കാരണം നമ്മുടെ സിനിമകൾ കൂടുതലായി ഹോളിവുഡ് സിനിമകളുമായി ചേർന്നു നില്ക്കുന്നതുകൊണ്ടാകാം.

സിനിമ ഒരു Art form എന്ന നിലയിൽ ഇപ്പോഴും ശൈശവ ദിശയിലാണ്. ഏതാണ്ട് 125 വർഷങ്ങളേ ആയിട്ടുള്ളൂ സിനിമ എന്ന കലാരൂപം പിറന്നിട്ട്. എന്നാൽ നൃത്തവും നാടകവുമൊക്കെ ഏതാണ്ട് ആറ് നൂറ്റാണ്ട് ആയിട്ടുണ്ടാകും അതിന്റെ ക്ലാസിക്കൽ രൂപങ്ങളിലേക്ക് refine ചെയ്ത് എത്തിയിട്ട്.

മനുഷ്യ മനസ്സിനെ നിർവ്വചിക്കുക എന്നുള്ളത് ആർക്കും അത്ര

എളുപ്പം ചെയ്യാൻ സാധിക്കുന്ന ഒരു സംഗതിയില്ല. കലാ രൂപങ്ങളിൽ മനുഷ്യമനസ്സിനെ ഏറ്റവും നന്നായി നിർവ്വചിക്കാൻ സാധിക്കുന്നത് സിനിമയ്ക്കാണ്. സിനിമയുടെ ആന്തരികവും ബാഹ്യവുമായ രൂപഘടന അതിന് ഏറ്റവും അനുയോജ്യമാണ്. രണ്ടു മണിക്കൂർ ദൈർഘ്യമുള്ള ഒരു സിനിമ കൊണ്ട് നമുക്ക് ഒരു മനുഷ്യനെ പുതുക്കിയെടുത്ത് ഒരു പുതിയ മനുഷ്യനാക്കി മാറ്റാൻ പറ്റും. കാനിൽ അവാർഡ് കിട്ടിയ ചിത്രങ്ങളൊക്കെ ഈയൊരു ശ്രേണിയിൽ പെട്ട ചിത്രങ്ങളാണ്. അവരാണ് ബർഗ് മാനേയും തർക്കോസ്ക്കിയേയും ഫെല്ലിനിയേയും ലോകത്തിന് കാട്ടിക്കൊടുത്തത്. അവരൊക്കെ അവരുടേതായ ഭാഷകളിൽ ചിത്രങ്ങളുമായി എത്തിയവരാണ്. എന്നാൽ അവയിലൊക്കെ മനുഷ്യജീവിതത്തെ സംബ ന്ധിക്കുന്ന ലോകസത്യങ്ങൾ (Universal Truth) ഉണ്ടായിരുന്നു. അതുകൊണ്ടാണ് കാൻ അത്തരം പ്രതിഭകളെ അംഗീകരിച്ചത്.

നാം പിന്നിലായിപ്പോകുന്നത് ഇവിടെയാണ്. നാം ഹോളിവുഡ് സിനിമകളെപ്പോലെ വിപണി ലക്ഷ്യമാക്കിയാണ് സിനിമയുണ്ടാക്കുന്നത്. നമ്മുടെ ലക്ഷ്യം ലാഭത്തിൽ മാത്രമാണ്. അത് നമ്മുടെ ലോക്കൽ മാർക്കറ്റിൽ നിന്നു തന്നെ കണ്ടെത്താനും നാം ശ്രമിക്കുന്നു. ഇവിടെ കാൻ പോലുള്ള ഫെസ്റ്റിവലുകളിൽ നമ്മുടെ ചിത്രങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു. എന്നാൽ മേൽ പറഞ്ഞവരെപോലെയുള്ള പ്രതി ഭകളുടെ കാര്യം അങ്ങനെയല്ല. അവർ വലിയ ലക്ഷ്യങ്ങളെയും വലിയ വിപണികളെയും ലക്ഷ്യം വയ്ക്കുന്നു. ഒപ്പം മനുഷ്യപക്ഷത്തുനിന്നുകൊണ്ട് ചലച്ചിത്രങ്ങളെ സമീപിക്കുകയും ചെയ്യുന്നു.

സാഹിത്യത്തിന്റെ കാര്യത്തിലും കാര്യങ്ങൾ ഏതാണ്ട് ഇതുപോലൊക്കെത്തന്നെയാണ്. ഹിന്ദി ഭാഷയിലുള്ളൊരു കൃതിക്ക് ഇതുവരെ നൊബേൽ



*കാൻ ഫെസ്റ്റിവലിൽ 'സ്വം' മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ച വേളയിൽ*

സമ്മാനം ലഭിച്ചിട്ടില്ലല്ലോ. എന്നാൽ ചൈനാക്കാരനും ഫിൻലൻഡുകാരനും അത് നേടിയിട്ടുണ്ട്. ഇതിനാൽ ഭാഷയുടെ വലിപ്പമല്ല Content ആണ് പ്രധാനം എന്ന് നാം തിരിച്ചറിയണം. ഏത് കലാരൂപത്തിലും Content കാലാതിവർത്തിയാണെങ്കിൽ ആ സൃഷ്ടി അംഗീകരിക്കപ്പെടുക തന്നെ ചെയ്യും.

## പുതുതലമുറയും സിനിമാ പഠനവും?

നമ്മുടെ ധാരാളം ചെറുപ്പക്കാർ വിദേശരാജ്യങ്ങളിൽ പോയി സിനിമ പഠിക്കുന്നുണ്ട്. എന്നാൽ ഇവരൊക്കെത്തന്നെ അവിടങ്ങളിൽ തന്നെ അപ്ര ത്യക്ഷരാകുന്നതായാണ് തോന്നിയിട്ടുള്ളത്. കുറച്ചു പേർ മറ്റ് തൊഴിലിടങ്ങൾ തേടിപ്പോകുന്നു. ബാക്കിയുള്ളവർ അഡ്വർടൈസ്മെന്റിന്റെയും വെബ് സീരീസുകളുടെയും മേഖലകളിലേക്ക് പ്രവേശിക്കുന്നു. സുരക്ഷിതമായ ഒരു സാമ്പത്തികാടിത്തറയാണ് അവരുടെയൊക്കെ ലക്ഷ്യം. എന്നാൽ തങ്ങൾ പഠിച്ചെടുത്ത കലകൊണ്ട് തങ്ങളുടെ സംസ്ക്കാരവുമായും ജീവിതാവസ്ഥകളുമായി ചേർന്നു നില്ക്കുന്ന സിനിമ സൃഷ്ടിക്കാൻ എത്ര പേർ തയ്യാറാകുന്നുണ്ട്...?

സിനിമയുടേത് സാർവ്വ ലൗകികമായ ഒരു ഭാഷയാണ്. ആ ഭാഷ കൊണ്ട് അത്ഭുതങ്ങൾ സൃഷ്ടിക്കാനാകും. എന്നാൽ അതിനുള്ള ഇച്ഛാശക്തി പുതിയ തലമുറയ്ക്ക് ഉണ്ടെന്ന് തോന്നുന്നില്ല.

നാം എഴുതുന്ന അതേ അക്ഷരങ്ങൾ കൊണ്ട് തന്നെയാണ് രാമായണവും മഹാഭാരതവും ഖുറാനും ബൈബിളും രചിക്കപ്പെട്ടത്. ആ അക്ഷരങ്ങൾക്കുള്ളിലെ Spirituality കണ്ടെത്തിയവരാണ് അതൊക്കെ ചെയ്തത്. അതുകൊണ്ട് ആ ഗ്രന്ഥങ്ങൾ മനുഷ്യനുള്ളിടത്തോളം കാലം നിലനില്ക്കും. സിനിമയെന്ന മാധ്യമസൃഷ്ടിക്കുപ യോഗിക്കുന്ന Tool അഥവാ സങ്കേതത്തിനും ഇത്തരം പല ഘടനകളുള്ളതാണ്. നാമത് കണ്ടെത്തുകയും മഹത്തായ സൃഷ്ടികൾ ഉണ്ടാക്കുകയും ചെയ്യണം. ഇന്നു കണ്ട് ഇന്നു തന്നെ മറക്കുന്നവയാണ് നമ്മുടെ ചലച്ചിത്രങ്ങൾ. ഒരു അഞ്ച് വർഷത്തിനപ്പുറം നമ്മുടെ പുതു സിനിമകൾക്ക് നിലനില്പുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഇന്നത്തെ ആസ്വാദകന്റെ തുച്ഛമായ ആർപ്പുവിളികൾക്ക് വേണ്ടിയാണ് പുതിയ ചിത്രങ്ങൾ നിർമ്മിക്കപ്പെടുന്നത്. അവ കാലങ്ങൾ കടന്നു നില്ക്കണമെങ്കിൽ മനുഷ്യന്റെ വികാരങ്ങളുടെയും



*പ്രശസ്ത ചലച്ചിത്രകാരന്മാരായ സുഭാഷ് ഘായ്, ഡെറക് മാൽകം എന്നിവരോടൊപ്പം 50-ാമത് ഗോവൻ മേളയിൽ*

സത്യങ്ങളുടെയും ജീവിതാവസ്ഥകളുടെയും സൂക്ഷ്മ പാഠങ്ങളാകണം. അപ്പോഴാണ് അവ കാലാതിവർത്തിയാകുന്നത്.

### സിനിമകളിലൂടെ Spirituality കച്ചവടം ചെയ്യപ്പെടുമ്പോൾ?

Spirituality എന്നത് മനസ്സിന്റെ ഒരു തരം Psychic form ആണ്. അത് അങ്ങനെ മനസ്സിലാക്കുന്നവരുടെ എണ്ണം നമ്മുടെ സമൂഹത്തിൽ കുറഞ്ഞു വരികയാണ്. അതുകൊണ്ട് അതിനെതിരേ ശരിയായ ബോധവൽക്കരണം നടക്കുന്നില്ല.

ആത്മീയത രണ്ടുതരമുണ്ട്. ഒന്ന് ആൾദൈവങ്ങൾ വഴി വിൽക്കപ്പെടുന്ന ആത്മീയതയും മറ്റൊന്ന് മനുഷ്യനെ പ്രകൃതിയോടും പ്രപഞ്ചത്തോടുമൊക്കെ അടുപ്പിക്കുന്ന ഒരാത്മീയതയുമാണ്. ഇതിൽ നല്ലതിനെ ചൂണ്ടിക്കാണിക്കാൻ നമുക്ക് സാധിക്കണം.

ഇവിടെ ഫിലിം സൊസൈറ്റി പ്രവർത്തകർ ജാഗ്രതയോടെ ഇടപെടേണ്ടതുണ്ട്.

### ഫിലിം സൊസൈറ്റികളും ചിത്രങ്ങളുടെ തിരഞ്ഞെടുപ്പും?

പണ്ടുകാലത്ത് ഫിലിം സൊസൈറ്റികൾക്ക് ഒരു വിദേശ ചിത്രം ലഭിക്കാൻ പല കടമ്പകൾ കടക്കേണ്ടിയിരുന്നു. എംബസി വഴിയൊക്കെയായിരുന്നു അന്ന് ചിത്രങ്ങൾക്ക് വേണ്ടി ശ്രമിച്ചിരുന്നത്. അതിനാൽ തന്നെ ആ ചിത്രങ്ങൾ Content ലും quality ലും ഉയർന്ന നിലവാരം പുലർത്തിയിരുന്നു. എന്നാൽ ഇന്ന് ഫിലിം സൊസൈറ്റികൾക്ക് വിദേശ ചിത്രങ്ങൾ ലഭിക്കാൻ ധാരാളം മാർഗ്ഗങ്ങളുണ്ട്. Internet വഴിയൊക്കെ ഏതു ചിത്രം വേണമെങ്കിലും അവർക്ക് ലഭിക്കുന്നുണ്ട്. അതിനാൽ തന്നെ ചിത്രങ്ങളുടെ നിലവാരം പലപ്പോഴും ശോചനീയമാണ്. ലഭിക്കുന്നതൊക്കെ പ്രദർശിപ്പിക്കുക എന്ന ചിന്തയാണ് പലരും സ്വീകരിക്കുന്നത്. ഇത് വലിയ അപകടമാണ്. ഇത്തരം ചിത്രങ്ങളിലൂടെ കപട ആത്മീയതയും വംശവെറിയും വാണിജ്യ താല്പര്യങ്ങളുമൊക്കെ ഒളിച്ച് കടത്തപ്പെടുന്നു. ഇവിടെയാണ് ശക്തമായ Curatorship ന്റെ ആവശ്യം വേണ്ടിവരുന്നത്. ഓരോ ചിത്രവും അവധാനതയോടെയും സമഗ്രമായ പഠനത്തിനു ശേഷവും തിരഞ്ഞെടുക്കുന്ന Curator ആയി ഫിലിം സൊസൈറ്റി പ്രവർത്തകർ മാറണം. എന്നാൽ മാത്രമേ ആത്മാവുള്ള സൃഷ്ടികൾ നമുക്ക് നമ്മുടെ പ്രേക്ഷകന് മുന്നിൽ എത്തിക്കാൻ സാധിക്കുകയുള്ളു.

കൺസ്യൂമറിസത്തിന്റെ ഭാഗമായ് ഇന്ന് പ്രേക്ഷകൻ പലതായി വിഭജിക്കപ്പെട്ടിരിക്കുന്നു. നന്മയുള്ള സിനിമകൾ ചൂണ്ടിക്കാട്ടാൻ കെല്പുള്ള മാധ്യമ ബോധമുള്ള ചലച്ചിത്രനിരൂപകൻമാർ ഇന്ന് ഇല്ലാതായിരിക്കുന്നു. പണ്ട് ഡെറിക് മാൽക്കത്തെ പോലെയുള്ള ഒരു നിരൂപകൻ ഒരു ചിത്രത്തെക്കുറിച്ച് പറയുന്ന വാക്കുകൾക്ക് ആധികാരികതയുണ്ടായിരുന്നു. മലയാളത്തിലെ കോഴിക്കോടനും സിനിക്കുമൊക്കെ ആ വഴിയേ നടന്നവരാണ്. അവരുടേത് Journalistic Criticism ആയിരുന്നു. ഇന്ന് അതാണോ സ്ഥിതി... മാധ്യമ ബോധവും മാനുഷിക ചിന്തകളുമില്ലാത്തവരാണ്

സൈബറിടങ്ങളിലെ ഇന്നത്തെ അഭിനവ നിരൂപകന്മാർ. അത് വളരെ Amaeture ആണ്. നമുക്കാവശ്യമുള്ളത് ഒരു Philiosphical criticism ആണ്.

ചലച്ചിത്രത്തെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനമാണത്. അത് കാഴ്ചയുടെ സമ്പൂർണതയാണ്. അത്തരം നിരൂപകരും നിരൂപണവും ഇല്ലാതായതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഫിലിം സൊസൈറ്റി പ്രവർത്തകർക്കും മാറി നിൽക്കാനാവില്ല.

ഇനിയുള്ള KSFDC യുടെ പുതിയ ചിത്രങ്ങൾ നിർമ്മിക്കുന്നവർക്കുള്ള സാമ്പത്തിക സഹായം ഫിലിം സ്കൂളുകളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് നല്കണം എന്നൊരാലോചനയുണ്ട്. കാരണം അവർ സിനിമയെ തങ്ങളുടെ കരിയറായി Choose ചെയ്തവരാണ്. അവരിൽ നിന്നും നല്ല സൃഷ്ടികൾ നമുക്ക് പ്രതീക്ഷിക്കാം.




*അഭിമുഖം നടത്തിയ മാത്യൂസ് ഓരത്തേൽ ഷാജി എൻ. കരുണിനോടൊപ്പം*

**FFSI യുടെ പുതിയ പദ്ധതികൾ?**

ഓരോ പഞ്ചായത്തിലും ഒരു ഫിലിം സൊസൈറ്റി ഉണ്ടാക്കുക എന്നതാണ് ഒരു പദ്ധതി. 1200 ഓളം പഞ്ചായത്തുകൾ നമുക്കുണ്ട്. ഡിജിറ്റൽ സിനിമയുടെ ഈ കാലത്ത് നല്ല സിനിമയുടെ വളർച്ചയ്ക്കും ആസ്വാദനത്തിനും വലിയ സംഭാവനകൾ നല്കാൻ അവരെക്കൊണ്ട് സാധിക്കും. കൂടാതെ സംസ്ഥാന സർക്കാർ ഏർപ്പെടുത്തുന്ന ചലച്ചിത്ര അവാർഡുകൾക്ക്, ഓസ്ക്കാർ നോമിനേഷൻ രീതിയിൽ ഈ സൊസൈറ്റികൾക്ക് ഒരു വോട്ടിംഗ് പവർ നല്കണമെന്നും ആഗ്രഹമുണ്ട്. അതുവഴി കലാമൂല്യമുള്ള ചിത്രങ്ങളെ അവാർഡു കമ്മറ്റിയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാനും ഇവർക്ക് സാധിക്കും. അവാർഡ് തീരുമാനിക്കുന്നത് ജൂറിയാണെങ്കിലും അവരുടെ ശ്രദ്ധയിലേക്ക് നല്ല ചിത്രങ്ങൾ ഫിലിം സൊസൈറ്റികൾക്ക് ചൂണ്ടിക്കാട്ടാൻ സാധിക്കും. ഇതു വഴി ഫിലിം സൊസൈറ്റികൾക്ക് ഒരു Voice ലഭിക്കുകയും ഫിലിം സൊസൈറ്റി പ്രവർത്തകന് ഒരംഗീകാരം കിട്ടുകയും ചെയ്യും. ഇപ്പോൾ പഞ്ചായത്തുകൾക്കൊക്കെ ധാരാളം ഫണ്ട് ലഭിക്കുന്നുണ്ട്. ചില പഞ്ചായത്തുകൾ തീയറ്റർ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതു പോലെ സിനിമയേയും അവരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരണമെന്നാണ് ഞങ്ങളുടെ ആഗ്രഹം.

കൂടാതെ KSFDC യുടെ ഒരു OTT Platform ഉടൻ തന്നെ ലോഞ്ച് ചെയ്യും. അതിൽ 75 രൂപയ്ക്ക് ഒരു പടം കാണാൻ എടുത്താൽ പകുതി ശതമാനവും ആ ഫിലിം മേക്കറിലേക്കാണ് പോകുന്നത്. അത് Croud funding വഴിയുള്ള ചിത്രങ്ങൾക്ക് വളരെയേറെ ഉപകാരപ്പെടുമെന്ന് ഞാൻ കരുതുന്നു.

**IFFK യിൽ ഫിലിം സൊസൈറ്റി പ്രവർത്തകൻ വെറുമൊരു കാഴ്ചക്കാരനോ?**

IFFK യ്ക്ക് 28 വയസ്സാകുന്നു. എന്നാൽ കേരളത്തിലെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന് അതിനേക്കാൾ പ്രായമുണ്ട്. ഒരു ഫിലിം സൊസൈറ്റി പ്രവർത്തകന്റെ ശരാശരി പ്രായം അമ്പതിന് മുകളിലാണ്.

കേരളത്തിൽ നല്ല സിനിമയുടെ സംഘാടനത്തിനും പ്രദർശനത്തിനുമായി സിനിമാപെട്ടി ചുമന്ന ഫിലിം സൊസൈറ്റി പ്രവർത്തകന് തീർച്ചയായും IFFK യിൽ പങ്കാളിത്തമുണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്.

ഇനി മുതൽ സിനിമയെ Enrich ചെയ്യുന്ന ശരിയായ ഓഡിയൻസിന് പ്രത്യേക പരിഗണന നലകിക്കൊണ്ട് പ്രത്യേകമായ ഡെലിഗേറ്റ് പാസുകൾ വിതരണം ചെയ്യാൻ ആവശ്യപ്പെടും. ഇതിൽ സാഹിത്യകാരൻമാർ, നാടക പ്രവർത്തകർ, ഫിലിം സൊസൈറ്റി പ്രവർത്തകർ എന്നിവരെയൊക്കെ ഉൾക്കൊള്ളിക്കാൻ ശ്രമിക്കും. സിനിമാകാഴ്ച കാലത്തെ അറിയാനും പഠിക്കാനുമുള്ള ഒരു കാഴ്ചയാണ്. അതിനുള്ള അവസരം എല്ലാവർക്കും തുല്യമായി പങ്കുവയ്ക്കപ്പെടണം. കാരണം സിനിമയെന്നത് സ്വാതന്ത്ര്യത്തിന്റെ കല കൂടിയാണ്.



# IRAN സിനിമയിലെ മുതിർന്ന ബാല്യങ്ങൾ



**വി. മോഹനകൃഷ്ണൻ**

വിപ്ലവാനന്തരകാലത്ത് സിനിമയ്ക്കെതിരെ വലിയതോതിലുള്ള എതിർപ്പുകളുണ്ടായെങ്കിലും ഭരണകൂടം സിനിമയുടെ സ്വാധീനം വളരെ വേഗം തിരിച്ചറിഞ്ഞു. കാല്പനിക പ്രണയം, ഗാനങ്ങൾ, നൃത്തം എന്നിവയെല്ലാം വിലക്കപ്പെട്ടവയായിരുന്നതിനാൽ അവയെ സിനിമയിൽനിന്ന് മാറ്റി നിർത്താൻ കുട്ടികളുടെ ലോകം എളുപ്പമാർഗ്ഗമായി.

ഇറാൻ സിനിമലോകത്തിനു മുൻപിൽ ശ്രദ്ധ നേടിയത് അവയിലെ സജീവ സാന്നിദ്ധ്യമായ കുട്ടികളും അവരിലൂടെ പൂർണ്ണമാകുന്ന കഥാഗതിയും കൊണ്ടാണ്. പ്രകൃതി ദൃശ്യങ്ങളും ആഖ്യാനലാളിത്യവും കൊണ്ട് അവ ഏതുവിധത്തിലുള്ള ആസ്വാദകരേയും ആകർഷിച്ചു.1979ലെ ഇസ്ലാമികവിപ്ലവത്തിനുശേഷം സിനിമക്കുമേൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെ മറികടക്കാൻ ഇറാനിലെ സിനിമാപ്രവർത്തകർക്കും, വിലക്കുള്ള ലോകത്തുനിന്നെത്തിയ ദൃശ്യാത്ഭുതങ്ങളായി അവയെ കാണാൻ പുറത്തുള്ള സിനിമാസ്വാദകർക്കും ഇത് വഴിയൊരുക്കി.

യാഥാർത്ഥ്യത്തിന്റെ കൂടുതൽ മെച്ചപ്പെട്ട ആവിഷ്ക്കാരം കുട്ടികളുടെ സാന്നിദ്ധ്യം കൊണ്ടും അവരുടെ കാഴ്ചകളിലൂടെയും സാദ്ധ്യമാകുമെന്ന് കരുതപ്പെടുന്നുണ്ട്. എന്നാൽ കൂടുതൽ മികച്ച യാഥാർത്ഥ്യമെന്നത് മുതിർന്നവരുടെ ലോകം സൃഷ്ടിച്ചെടുക്കുന്നതാണ്. ലാളിത്യത്തെ യാഥാർത്ഥ്യത്തിന്റെ സമ്പൂർണ്ണാവിഷ്ക്കാരമായി ഇന്നാരും കണക്കാക്കുന്നില്ല. കുട്ടികളുടെ നിഷ്ക്കളങ്കത യാഥാർത്ഥ്യത്തെ പലമടങ്ങ് വലുതാക്കി ആവിഷ്ക്കരിക്കാൻ സഹായകരമാണെങ്കിലും അത് യാഥാർത്ഥ്യത്തിന്റെ മറുപുറം ചിന്തിക്കാനും പ്രേരണയാകുന്നു. അങ്ങനെ അവരെല്ലാം മുതിർന്നവരുടെ ലോകത്തിന്റെ പ്രതീകങ്ങളും അന്യാപദേശങ്ങളുമായി മാറുന്നു.

വിപ്ലവാനന്തരകാലത്ത് സിനിമയ്ക്കെതിരെ വലിയതോതിലുള്ള എതിർപ്പുകളുണ്ടായെങ്കിലും ഭരണകൂടം സിനിമയുടെ സ്വാധീനം വളരെ വേഗം തിരിച്ചറിഞ്ഞു. കാല്പനിക പ്രണയം, ഗാനങ്ങൾ, നൃത്തം എന്നിവയെല്ലാം വിലക്കപ്പെട്ടവയായിരുന്നതിനാൽ അവയെ സിനിമയിൽനിന്ന് മാറ്റിനിർത്താൻ കുട്ടികളുടെ ലോകം എളുപ്പമാർഗ്ഗമായി. അതോടൊപ്പം വൃദ്ധസമൂഹവും പ്രധാന സാന്നിദ്ധ്യമായി.

സാഹോദര്യം, സ്നേഹം, കാരു ണ്യം, സത്യം, ധാർമ്മികത തുടങ്ങിയ അടിസ്ഥാനമൂല്യങ്ങൾ ആവിഷ്ക്കരിക്കാൻ കുട്ടികളും വൃദ്ധരുമടങ്ങിയ സമൂഹം നല്ല മാതൃകയായിരുന്നു. ജീവിത ത്തിന്റെ രണ്ടറ്റങ്ങളിലുള്ള ഇരു കൂട്ടരും ചേർന്ന് തീക്ഷ്ണവും ഊർജ്ജസ്വലവുമായ യൗവന കാലത്തിന്റെ അസാന്നിദ്ധ്യം മറികടക്കാൻ ശ്രമിച്ചു.

1980ന് ശേഷമിറങ്ങിയ ലോക മെങ്ങും ആഘോഷിക്കപ്പെട്ട ഇറാനിയൻ സിനിമകളിലെല്ലാം കുട്ടികളുടെ വീക്ഷണത്തിൽ ആവിഷ്ക്കരിക്കപ്പെടുന്ന ലോക മാണ് ചിത്രീകരിക്കപ്പെട്ടത്. റണ്ണർ (The runner/Amir Naderi/1984), ബാഷു (Bashu,the little stranger/ Bahram Beizai/1986), വേർ ഈസ് ദ് ഫ്രണ്ട്സ് ഹോം, (Where is the friend's home/Abbas Kiarostami/1987) വൈറ്റ് ബലൂൺ (White balloon/ Jafar Panahi/1995), ചിൽഡ്രൻ ഓഫ് ഹെവൻ (Children of heav-en/Majid Majidi//1997), മിറർ (The mirror/Jafar Panahi/1997), കളർ ഓഫ് പാരഡൈസ് (The colour of paradise/Majid Majidi/1999), ഓഫ് സൈഡ് (Offside/Jafar Panahi/2006), സോങ്ങ് ഓഫ് സ്പരോസ് (Song of sparrows/Majid Majidi/2008) തുടങ്ങിയ സിനിമകളിലെയെല്ലാം പൊതുഘടകം കുട്ടികളുടെ സാന്നിദ്ധ്യവും അവരുടെ നിയന്ത്രണത്തിലുള്ള കഥാഖ്യാന വുമാണ്.

'റണ്ണർ' എന്ന സിനിമയാണ് വിപ്ലവാനന്തരകാലത്ത് കു ട്ടികളുടെ ലോകം പ്രമേയമായി പുറത്തിറങ്ങിയ സിനിമകളുടെ യെല്ലാം ആദ്യ മാതൃക. അനാഥനും ജീവിതാസക്തി നിറഞ്ഞവനും മറ്റുള്ളവരുമായി ഇണങ്ങാൻ കഴിയാത്തവനുമായ ഒരു കുട്ടിയാണ് സിനിമയിലെ പ്ര ധാന കഥാപാത്രം. വിപ്ലവാനന്തരം ലോകശ്രദ്ധ നേടിയ ആദ്യ ഇറാൻ സിനിമയാണ് *റണ്ണർ*. 'ബാഷു' അനാഥനായ മറ്റൊരു




കുട്ടിയുടെ കഥയാണ്. രണ്ടു സിനിമകളിലെയും കുട്ടികൾ യുദ്ധങ്ങളുടെ ഇരകളും ജീവിത ത്തോടും മുതിർന്നവരുടെ ലോകത്തോടും പൊരുതി മുന്നേറുന്നവരുമാണ്.

'ചിൽഡ്രൻ ഓഫ് ഹെവ'നിലെ അലിയും സഹോദരി സഹ്റയും സ്കൂളിലും വീട്ടിലും ദാരിദ്ര്യത്തെ അഭിമുഖീകരിക്കുന്നവരാണ്. സഹ്റയുടെ ചെരുപ്പ് നഷ്ടമാ യതിനാൽ ഓട്ടമൽസരത്തിൽ സമ്മാനമായി കിട്ടുന്ന ചെരുപ്പ് അനുജത്തിക്ക് സമ്മാനിക്കാനാണ് അലിയുടെ ശ്രമം. പിതാവിന്റെ ബുദ്ധിമുട്ടുകളെ കുറിച്ച് അലിക്ക് നല്ല ധാരണയുണ്ട്. അതുകൊണ്ടാ ണ് ചെരുപ്പ് നഷ്ടമായ കാര്യം അദ്ദേഹത്തോട് പറയാത്തത്. അനുജത്തിയുടെ പ്രശ്നത്തിന് പ രിഹാരം തേടി ഇറങ്ങിത്തിരിക്കുന്ന അലി ഒരു പിതൃരൂപം കൂടി എടുത്തണിയുകയാണ്. അങ്ങനെ വളരെ ചെറുപ്പത്തിൽ തന്നെ അവൻ മുതിർന്നവനായി മാറുന്നു. അവന്റെ സഹോദര സ്നേഹം, അദ്ധ്യാപകരോടും

> **കുട്ടികളുടെ സാന്നിദ്ധ്യവും അവർ സ്വയം കണ്ടെത്തുന്ന പ്രശ്നപരിഹാരങ്ങളും അടിസ്ഥാന ജീവിതമൂല്യ ങ്ങളുടെ ഓർമ്മപ്പെടുത്തലു കളുമെല്ലാം ചേർന്ന് ഒരു നാടോടിക്കഥയുടെ അന്തരീക്ഷം ഈ സിനിമകളിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്.**

മാതാപിതാക്കളോടുമുള്ള ആദരവ്, കാരുണ്യം തുടങ്ങിയ ഗുണങ്ങളെല്ലാം സകലരാലും കീർത്തിക്കപ്പെടുന്നു. ഇതുപോലൊരു സഹോദരനെ 'വൈറ്റ് ബലൂണി'ലും കാണാം. ഇറാനിലെ നവവൽസരാഘോ ഷങ്ങളുടെ തലേന്ന് തനിക്കൊരു സ്വർണ്ണമൽസ്യം വേണമെന്നു വാശിപിടിച്ച റസിയയെ അവ ളുടെ മാതാവ് സാമ്പത്തിക പ്ര യാസങ്ങളും മറ്റും പറഞ്ഞ് ശാ സിക്കുമ്പോൾ സഹോദരനാണ്

അവൾക്കുവേണ്ടി ഇടപെടുന്നത്. കിട്ടിയ പണം അവളുടെ കയ്യിൽ നിന്ന് നഷ്ടമായപ്പോൾ അവളെ ശാസിക്കുന്നതും അവൻ തന്നെയാണ്. ബലൂൺ വില്പനക്കാരനായ കുട്ടിയും തെരുവിലുള്ളവരുമെല്ലാം അവളെ സഹായിക്കുന്നു. കുട്ടികളുടെ ലോകത്തെ പ്രശ്നങ്ങൾ മുതിർന്നവരുമായി ബന്ധപ്പെട്ടവയാണെങ്കിലും അവയുടെ പരിഹാരം പലപ്പോഴും കുട്ടികൾ സ്വയം കണ്ടെത്തുന്നു. അമ്മയിൽനിന്ന് പണം കിട്ടാൻ ചതുരുപായങ്ങളും പ്രയോഗിക്കുന്നതും നഷ്ടമായ പണം തിരിച്ചെടുക്കാനുള്ള ഉപായങ്ങൾ കണ്ടെത്തുന്നതുമെല്ലാം അവരിരുവരും ചേർന്നാണ്. ഇടയ്ക്ക് പ്രായമായ ചിലരും അവരുടെ സഹായത്തിനെത്തുന്നു.

ഒട്ടകപ്പക്ഷികളിലൊന്നിനെ കാണാതായതിന്റെ പേരിൽ ഫാമിൽ നിന്ന് പിരിച്ചുവിടപ്പെട്ട് വരുമാനമില്ലാതെ വീട്ടിൽ കഴിയുന്ന 'സോങ്ങ് ഓഫ് സ്പാരോസി'ലെ കരീമിന് ഒരപകടത്തിൽ പെട്ട് കാലൊടിയുകയും ചെയ്തു. പ്ലാസ്റ്ററിട്ട കാലിന്മേൽ കുട്ടികൾ ചിത്രം വരയ്ക്കുന്നു. ഇളയപെൺകുട്ടി ബധിരയാണ്. കുടുംബത്തെ രക്ഷിക്കാനാണ് പത്തു വയസ്സുള്ള മകൻ ഹുസൈനും കൂട്ടുകാരും സ്വർണ്ണമീൻ കച്ചവടത്തിനിറങ്ങിയത്. 'വേർ ഈസ് ദ് ഫ്രണ്ട്സ് ഹോം' തന്റെ കൂട്ടുകാരന്റെ നോട്ടു പുസ്തകം തിരിച്ചേല്പിക്കാൻ അവന്റെ വീടന്വേഷിച്ചു പോകുന്ന ഒരു കുട്ടി നേരിടുന്ന കഷ്ടപ്പാടുകളും അതിനെ തരണം ചെയ്യാൻ അവൻ കണ്ടെത്തുന്ന മാർഗ്ഗങ്ങളും ദൃശ്യവൽക്കരിക്കുന്നു.

കുട്ടികളുടെ സാന്നിദ്ധ്യവും അവർ സ്വയം കണ്ടെത്തുന്ന പ്രശ്നപരിഹാരങ്ങളും അടിസ്ഥാന ജീവിതമൂല്യങ്ങളുടെ ഓർമ്മപ്പെടുത്തലുകളുമെല്ലാം ചേർന്ന് ഒരു നാടോടിക്കഥയുടെ അന്തരീക്ഷം ഈ സിനിമകളിൽ സൃഷ്ടിക്കപ്പെടുന്നുണ്ട്. അതീവ ലളിതവും നേർരേഖയിലുള്ളതുമാണ്



അവയുടെ ആഖ്യാനം. ചെരുപ്പ് നഷ്ടപ്പെടുന്നത്, സ്വർണ്ണമൽസ്യം വാങ്ങാൻ പോയ പെൺകുട്ടിയുടെ പണം നഷ്ടമാകുന്നത്, കൂടുകാരന്റെ പുസ്തകം തിരിച്ചു കൊടുക്കാൻ പോകുന്നത് തുടങ്ങിയ അതിസാധാരണമായ വർത്തമാനകാല യാഥാർത്ഥ്യങ്ങളാണ് അവയിൽ ആവിഷ്ക്കരിക്കപ്പെടുന്നത്. യാഥാർത്ഥ്യത്തിന്റെ ഈ അതിലാളിത്യം അവയെ നാടോടി കഥകൾക്ക് സമാനമാക്കുന്നു.

വിപ്ലവപൂർവ്വകാലത്തും കുട്ടികളുടെ ലോകം ആവിഷ്ക്കരിച്ച സിനിമകൾ ഇറാനിലുണ്ടായിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ഒരു സിനിമയാണ് 'മഴപെയ്ത രാത്രി' (The Night It Rained or the Epic of the Gorgan Village Boy/ Kamran Shirdel/1967). സ്വന്തം കുപ്പായമൂരി തീകത്തിച്ച് അപകട മുന്നറിയിപ്പു നൽകി 200 തീവണ്ടി യാത്രക്കാരുടെ ജീവൻ രക്ഷിച്ച് ഒരു കുട്ടിയുടെ വീരകൃത്യത്തെക്കുറിച്ചുള്ള പത്ര റിപ്പോർട്ടുകൾ കാണിച്ചുകൊണ്ടാണ് സിനിമ ആരംഭിക്കുന്നത്. ഡോക്യുമെന്ററി/ഫീച്ചർ ഘടനയുള്ള ഈ സിനിമ കുട്ടികൾ പ്രധാനകഥാപാത്രങ്ങളായി പിൽക്കാലത്തുണ്ടായ സിനിമകളുടെ ആഖ്യാന ലാളിത്യം പുലർത്തുന്നതല്ല. ഡോക്യുമെന്ററിയുടെ തന്നെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളും അതിൽ വിശദീകരിക്കപ്പെടുന്നുണ്ട്. ആദ്യവസാനം സന്ദിഗ്ദ്ധത നിലനിൽക്കുന്ന സിനിമയിൽ അപ്രകാരം ഒരു സംഭവം നടന്നുവോ എന്ന കാര്യം തന്നെ സംശയകരമാകുന്നു. രാത്രിയിൽ മഴ പെയ്തിരുന്നു എന്ന കാര്യം മാത്രമാണ് തർക്കമറ്റ കാര്യമായി അവശേഷിക്കുന്നത്. 'റാഷമോണി'(Rashomon/Akira Kurosawa)ലെപ്പൊലെ സത്യമേതെന്ന് തിരിച്ചറിയാനാവാതെയാണ് സിനിമ അവസാനിക്കുന്നത്.

യുവാക്കളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി വിപ്ലവപൂർവ്വകാലത്ത് നിലവിൽ വന്ന സ്ഥാപനത്തിന്റെ (kanun) സാമ്പത്തിക സഹായത്തോടെയാണ് ഈ സിനിമ നിർമ്മിക്കപ്പെട്ടത്. (Centre for the development of children and young adults എന്നതിന്റെ ലഘുരൂപമാണ് kanun. 1966ൽ മുഹമ്മദ് ഷാ ഭരണ കാലത്താണ് ഇത് സ്ഥാപിതമായത്) കുട്ടികളുടെയും യുവാക്കളുടെയും ഉന്നമനം സ്ഥാപനത്തിന്റെ പേരിൽ തന്നെയുണ്ടായിരുന്നതിനാൽ അത്തരം സിനിമകൾക്ക്

സാമ്പത്തിക സഹായം ലഭിക്കാൻ എളുപ്പമായിരുന്നു. നവാഗത സിനിമക്കാർക്ക് അതൊരു പരിശീലന കേന്ദ്രം കൂടിയായി മാറി. റണ്ണർ, ബാഷോ, വേർ ഈസ് ദ് ഫ്രണ്ട്സ് ഹോം തുടങ്ങിയ വിപ്ലവാനന്തര സിനിമകൾക്കും ഇതേ സ്ഥാപനം തന്നെയാണ് സാമ്പത്തിക സഹായം ചെയ്തത്. അപ്പോഴേക്കും സിനിമയെ സംബന്ധിച്ച കാഴ്ചപ്പാടുകളിൽ മാറ്റം വന്നിരുന്നെങ്കിലും കുട്ടികളെ മുഖ്യ കഥാപാത്രങ്ങളാക്കുന്ന മാതൃക സുരക്ഷിതമെന്ന് അംഗീകരിക്കപ്പെട്ടു.

ഇറാനിലെ നവതരംഗ സിനിമയുടെ മുൻഗാമിയായി 'മഴപെയ്ത രാത്രി' കണക്കാക്കപ്പെടുന്നു. അതിന്റെ ആഖ്യാന രീതി പിന്തുടർന്ന് കുട്ടികളെ പ്രധാന കഥാപാത്രങ്ങളാക്കിക്കൊണ്ടുതന്നെ നേരാഖ്യാനങ്ങളെ അട്ടിമറിക്കുന്ന സിനിമകളും വിപ്ലവാനന്തര ഇറാനിൽ ഉണ്ടായി. 'മിറർ' അത്തരത്തിലുള്ള മറ്റൊരു സിനിമയാണ്. 'ചിൽഡ്രൻ ഓഫ് ഹെവനും' 'മിററും' ഒരേ വർഷമാണ് പുറത്തിറങ്ങിയതെങ്കിലും അവ രണ്ടും ആഖ്യാന മാതൃകയിൽ രണ്ടറ്റങ്ങളിൽ നിലകൊള്ളുന്നവയാണ്. സ്കൂൾ വിട്ട് വീട്ടിൽ പോകാൻ ബസ്സ് കാത്തുനിൽക്കുന്ന മിന എന്ന പെൺകുട്ടിയിൽ തുടങ്ങുന്ന 'മിറർ'എന്ന സിനിമ അവൾ ക്യാമറയിലേക്ക് നോക്കി ഇനി താനഭിനയിക്കുന്നില്ല എന്ന് പറയുന്ന ഘട്ടത്തിൽ മറ്റൊരു സിനിമയായി മാറുന്നു. അവൾ പെട്ടെന്ന് മുതിർന്നവളാവുകയും സിനിമയുടെ ആഖ്യാനഘടന സങ്കീർണ്ണമാവുകയും ചെയ്യുന്നു. ഈ സിനിമകളിലും ആഖ്യാനത്തെ മുന്നോട്ടു നയിക്കുന്നത് കുട്ടികൾ തന്നെയാണെങ്കിലും അത്രമാത്രം ലളിതമല്ല അവയുടെ ആവിഷ്ക്കാരഘടന. പലതരം യാഥാർത്ഥ്യങ്ങൾ അന്യാപദേശങ്ങളായി അവയിൽ കടന്നു വരുന്നുണ്ട്. അവ പലപ്പോഴും രണ്ടു സിനിമകളായി പിളർന്ന് മാറുകയും ചെയ്യുന്നു.

വിപ്ലവാനന്തരം രണ്ടു ദശകങ്ങളിലേറെ കുട്ടികളെ പ്രധാന കഥാപാത്രങ്ങാക്കി നിർമ്മിക്കപ്പെട്ട സിനിമകളുടെ സാന്നിദ്ധ്യം നിലനിന്നു. എന്നാൽ 1996കളോടെ ഇറാനിലെ രാഷ്ട്രീയ ഘടനയിലുണ്ടായ മാറ്റങ്ങൾ സിനിമകളിലും പ്രതിഫലിക്കാൻ തുടങ്ങി. കുട്ടികളെ വിട്ട് യുവാക്കളും സ്ത്രീകളുമുൾപ്പെട്ട കുടുംബങ്ങളും അവയിലെ നൈതിക/ധാർമ്മിക പ്രശ്നങ്ങളും പ്രമേയമാക്കുന്ന സിനിമകൾ പുറത്തു വരുന്നു. 'ഓഫ്സൈഡി'ൽ അത് ഫുട്ബോൾ സ്റ്റേഡിയത്തിൽ പ്രവേശിക്കാനാണെങ്കിൽ 'ബറാനി'ൽ അത് തൊഴിൽ നേടാനാണ്.

അന്യാപദേശത്തിന്റെ മാതൃകകളായി മാറുന്ന ഇറാൻ സിനിമയിലെ കുട്ടികൾക്ക് ബാല്യത്തിൽ തന്നെ മുതിർന്നവരുടെ ലോകത്തിലേക്ക് പ്രവേശിക്കേണ്ടി വരുന്നു. ചെറിയ പ്രായത്തിലുള്ള കുട്ടികൾ സത്യസന്ധമായി പ്രശ്നങ്ങൾക്ക് പരിഹാരം തേടാൻ ശ്രമിക്കുമ്പോൾ കൗമാരകാലത്തുള്ളവർ മുതിർന്നവരുടെ നിയമങ്ങളെ




വന്നു. അവയിൽ ചിലതിലെല്ലാം കുട്ടികൾ തന്നെയാണ് നിർണ്ണായകസ്ഥാനത്തുള്ളത്' 'എ സെപറേഷൻ'(A Separation/ Asghar Farhadi/2011) എന്ന സിനിമയിൽ പരസ്പരം വേർപിരിയാൻ തീരുമാനിച്ച ഭാര്യാഭർത്താക്കന്മാർക്കിടയിൽ ആരുടെ കൂടെ പോകണമെന്ന മകളുടെ തീരുമാനം നിർണ്ണായകമാണ്. അതിനായി കാത്തിരിക്കുമ്പോഴാണ് സിനിമ തീരുന്നത്. ഓഫ് സൈഡ്, ബറാൻ തുടങ്ങിയ സിനിമകൾ കൗമാരകാലത്തിന്റെ സങ്കീർണ്ണതകളെ ആവിഷ്ക്കരിക്കുന്നവയാണ്. രണ്ടു സിനിമകളിലെയും കുട്ടികൾക്ക് ലോകത്തിനു മുന്നിൽ പുരുഷവേഷമണിഞ്ഞ് പ്രത്യക്ഷപ്പെടേണ്ടി

കൗശലപൂർവ്വം മറികടക്കുന്നു. ചിലരതിനെ ചോദ്യംചെയ്യാനും മടിക്കുന്നില്ല. രാഷ്ട്രീയവും മതവും ലിംഗവ്യത്യാസങ്ങളും സാമ്പത്തികാസമത്വങ്ങളും നിറഞ്ഞ മുതിർന്നവരുടെ ലോകത്തിൽ തന്നെയാണ് ഈ കുട്ടികളുടെയും ജീവിതം. ആഗ്രഹമില്ലെങ്കിലും മുതിർന്നവരുടെ ലോകത്തേക്ക് അവർ അതിവേഗം ഓടിച്ചെല്ലുന്നു. ദേശത്തെകുറിച്ചുള്ള ആഖ്യാനങ്ങൾക്ക് അധികാരവുമായും മുതിർന്നവരുടെ ലോകവുമായും നേർബന്ധം ആവശ്യമില്ലെന്ന കാര്യവും ഇറാൻ സിനിമയിലെ കുട്ടികളും ഗ്രാമീണ ജീവിതവും വ്യക്തമാക്കുന്നുണ്ട്.



രാകേഷ് നാഥ്



# ക്യാമറയിലെ കുട്ടികൾ

## കുട്ടികൾ കഥാപാത്രങ്ങളായ മലയാള ചിത്രങ്ങളുടെ സൂചിക










### കുമ്മാട്ടി

ജി. അരവിന്ദൻ കുട്ടികൾക്കായി നിർമ്മിച്ച ചിത്രമാണ് കുമ്മാട്ടി. 1978 ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള പുരസ്കാരം ഈ ചിത്രത്തിനായിരുന്നു. കുട്ടികളെ കൂട്ടിലടച്ച് വളർത്തുവാനുള്ളതല്ലെന്ന് അരവിന്ദൻ ഈ ചിത്രത്തിലൂടെ വരച്ചുകാട്ടുന്നു.

### നൊമ്പരത്തിപ്പൂവ്

മലയാളികളുടെ പ്രിയപ്പെട്ട ചലച്ചിത്രകാരൻ പദ്മരാജൻ സംവിധാനം ചെയ്ത നൊമ്പരത്തിപ്പൂവ് മാനസികവൈകല്യം ബാധിച്ച കുട്ടികളുടെ ജീവിതത്തെ വ്യക്തമായി പ്രതിപാദിക്കുന്നു. ബേബി സോണിയക്ക് മികച്ച ബാലനടിക്കുള്ള സംസ്ഥാനപുസ്കാരം ലഭിച്ച സിനിമയാണിത്.

### ജാനകി

ടെക്സാസ്, കാലിഫോർണിയ അന്താരാഷ്ട്ര ചലച്ചിത്രമേളകളിൽ പ്രദർശിപ്പിച്ച മലയാള ചിത്രമാണ് എം.ജി. ശശി തിരക്കഥയും സംവിധാനവും നിർവഹിച്ച ജാനകി. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന ബാലികയുടെ നിസ്സഹായാവസ്ഥയും, ബാല്യകാലത്തിന്റെ മൂല്യബോധവും, തെരുവുകുട്ടികളുടെ ജീവിതവുമൊക്കെ ചർച്ചചെയ്യുന്ന ചിത്രം.

### ദേശാടനം

സന്ന്യാസിയാവേണ്ടിവരുന്ന ഒരു ബാലന്റെ കഥയാണീ സിനിമ. കേരളത്തിൽ നിലനിന്നിരുന്ന ഒരു സമ്പ്രദായം കൂടി വരച്ചുകാട്ടുന്നു. ജയരാജിന് നിരൂപകപ്രശംസ നേടിക്കൊടുത്ത ചിത്രം കൂടിയാണിത്.

### മാളൂട്ടി

കുഴൽക്കിണറിൽ വീണുപോകുന്ന കുട്ടികളുടെ കഥ നമുക്ക് പരിചിതമാണ്. അത്തരമൊരു അപകടവും അതിനെ ചുറ്റിപ്പറ്റിയുമുള്ള കഥാന്തരീക്ഷവുമാണ് ഭരതൻ സംവിധാനം ചെയ്ത മാളൂട്ടി. ബേബി ശ്യാമിലിക്ക് മികച്ച ബാലനടിക്കുള്ള പുരസ്കാരം നേടിക്കൊടുത്ത ചിത്രം കൂടിയാണിത്.

### കേശു

അമ്മയില്ലാതെ വളരുന്ന കേശു എന്ന ബാലന്റെ ജീവിതകഥയാണിത്. ഒരു അധ്യാപിക അവനെ സ്നേഹം കൊണ്ട് മാറ്റിയെടുക്കുന്നു. ശിവനാണ് ഈ ചിത്രത്തിന്റെ സംവിധാനം.

## കാക്കോത്തിക്കാവിലെ അപ്പൂപ്പൻ താടികൾ

ഒരു ബാലിക യാചകരാൽ തട്ടിക്കൊണ്ടുപോവുകയും, യാചകസ്ത്രീയായി മാറുകയും വർഷങ്ങൾക്കുശേഷം തന്റെ ജൻമവീട്ടിൽ എത്തിച്ചേരുന്നതുമാണീ ചിത്രത്തിന്റെ പ്രമേയം. മധു മുട്ടത്തിന്റെ തിരക്കഥയിൽ കമലാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.

## അച്ഛൻ പട്ടാളം

1992 ൽ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന ഫിലിം അവാർഡ് ലഭിച്ച ചിത്രമാണിത്. നൂറനാട് രാമചന്ദ്രനാണ് സംവിധാനം. കുട്ടിക്കാലം അരുതായ്മകളുടെ കാലമാണ്. അമിത വിലക്കുകൾ ഒരു കുട്ടിയുടെ പ്രതിഭയുള്ള ജീവിതത്തോടുള്ള അഭിനിവേശം കെടുത്തിക്കളയുന്നു.

## ഓർമ്മകൾ ഉണ്ടായിരിക്കണം

താറുമാറായ കുടുംബ വ്യവസ്ഥയ്ക്കുള്ളിൽ പന്ത്രണ്ടു വയസുകാരനായ ജയന് അനുഭവിക്കേണ്ടി വരുന്ന ജീവിതരേഖയാണീ ചിത്രം. ടി.വി. ചന്ദ്രനാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.

## കേൾക്കുന്നുണ്ടോ?

ചലച്ചിത്രനടിയായ ഗീതുമോഹൻദാസ് തിരക്കഥയും സംവിധാനവും നിർവഹിച്ച ഹ്രസ്വചലച്ചിത്രമാണ് കേൾക്കുന്നുണ്ടോ? അന്ധയായ ഒരു ഏഴുവയസുകാരി തന്റെ ജീവിതപരിസരങ്ങളിലൂടെ എങ്ങനെയാണ് മുന്നോട്ടുപോകുന്നതെന്ന് ഈ ചിത്രം കാണിച്ചുതരുന്നു.

## കടവ്

എസ്.കെ. പൊറ്റക്കാട്ടിന്റെ കടവുതോണി എന്ന കഥയുടെ ദൃശ്യാവിഷ്കാരമാണ് എം.ടി. വാസുദേവൻ നായർ സംവിധാനം ചെയ്ത കടവ്. ഒരു കൗമാരക്കാരന്റെ ജോലി അന്വേഷണവും തോണിക്കാരനായി ജീവിതം തുടങ്ങുകയും ചെയ്യുന്നതാണ് കഥ. പെൺകുട്ടിയെ തേടി നഗരത്തിലെത്തുന്നതോടെ രാജു ജീവിത യാഥാർത്ഥ്യം തിരിച്ചറിയുന്നു.

## ടി ഡി ദാസൻ

അകാലത്തിൽ അന്തരിച്ച മോഹൻ രാഘവൻ സംവിധാനം ചെയ്ത സിനിമയാണ് ടി ഡി ദാസൻ സ്റ്റാൻഡേർഡ് നാല്. പിതാവിനെ നഷ്ടപ്പെട്ട ദാസന് ഒരു പെൺകുട്ടി പിതാവ് എന്ന പേരിൽ കത്തയക്കുന്നതും, ഒടുവിൽ അപരിചിതയായ ആ പെൺകുട്ടിയുടെ ലോകത്തേക്ക് ദാസൻ എത്തിച്ചേരുന്നതുമാണ് കഥ.

## പൂക്കാലം വരവായി

പി.ആർ. നാഥനും രഞ്ജിത്തും ചേർന്നെഴുതിയ തിരക്കഥയിൽ കമൽ സംവിധാനം ചെയ്ത ചലച്ചിത്രമാണ് പൂക്കാലം വരവായി. വിവാഹമോചനം നേടിയ അച്ഛനും അമ്മയ്ക്കുമിടയിൽ ശ്വാസംമുട്ടി ജീവിക്കേണ്ടിവരുന്ന ഗീതു എന്ന പെൺകുട്ടിയുടെ ജീവിതമാണ് കഥ. ബേബി ശ്യാമിലിയുടെ മികച്ച കഥാപാത്രമാണിതിൽ.

## അയ്യപ്പന്റമ്മ നെയ്യപ്പം ചുട്ടു

അനാഥാലയത്തിൽ വളർന്ന ബാലൻ സൗഹൃദത്തിലൂടെ സുഹൃത്തിന്റെ വിവാഹമോചിതരായിരുന്ന മാതാപിതാക്കളെ ഒരുമിപ്പിക്കുന്നതാണ് പ്രമേയം. കുട്ടികളിലൂടെ കഥ പറയുന്ന ഈ ചിത്രത്തിന്റെ സംവിധാനം മാത്യു പോളും ക്യാമറ വേണുവുമാണ്.

## ഉണ്ണികളേ ഒരു കഥ പറയാം

ജോൺപോളിന്റെ തിരക്കഥയിൽ കമൽ സംവിധാനം ചെയ്ത ഈ ചിത്രം അനാഥനായി ജീവിക്കേണ്ടിവരുന്ന എബിയുടേയും എബി തെരുവിൽനിന്ന് കണ്ടെടുക്കുന്ന ഒരു പറ്റം കുട്ടികളുടേയും സ്നേഹബന്ധത്തിന്റെയും കഥയാണിത്.

## ഒന്നു മുതൽ പൂജ്യം വരെ

നാലുവയസ്സുകാരി ദീപമോളിന്റേയും വിധവയായ അമ്മ അലീനയുടേയും ജീവിതമാണീ കഥ.




























ടെലിഫോണിലൂടെ ഒരു അജ്ഞാതനായ അങ്കിളിന്റെ ഫോൺകോൾ ദീപമോളിനെത്തേടിയെത്തുന്നതോടെ ജീവിതം വഴിമാറുന്നു. രഘുനാഥ് പലേരിയുടേതാണ് കഥയും തിരക്കഥയും സംവിധാനവും.

## എന്റെ മാമാട്ടിക്കുട്ടിയമ്മയ്ക്ക്

അകാലത്തിൽ കുഞ്ഞ് നഷ്ടപ്പെട്ട ദമ്പതികൾ തങ്ങളുടെ വിരഹ ജീവിതം നയിക്കുന്നതിനിടയിൽ അനാഥാലയത്തിൽനിന്ന് ഒരു പെൺകുഞ്ഞിനെ ദത്തെടുക്കുന്ന കഥയാണീ ചിത്രം. ഫാസിൽ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ബേബി ശാലിനിയാണ് പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചത്.

## ഫിലിപ്സ് & മങ്കിപെൻ

റെജിൻ തോമസും ഷാനിൽ മുഹമ്മദും ചേർന്നാണ് ഈ സിനിമ സംവിധാനം ചെയ്തത്. മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ച ചിത്രമാണിത്. പഠിക്കാൻ മടി കാണിച്ച റയാൻ ഫിലിപ്പ് തന്റെ മാത്രം കഴിവുകളും കഴിവുകേടുകളും തിരിച്ചറിഞ്ഞ് പഠനത്തിനപ്പുറമായുള്ള കഴിവുകൾകൊണ്ട് സ്കൂളിൽ ആരുടേയും ശ്രദ്ധപിടിച്ചു പറ്റുന്നു.

## മൈ ഡിയർ കുട്ടിച്ചാത്തൻ

ഇന്ത്യയിലെ ആദ്യ ത്രീഡിചിത്രമാണ് മൈ ഡിയർ കുട്ടിച്ചാത്തൻ. മന്ത്രവാദത്തിന്റെയും ഫാന്റസിയുടേയും ലോകത്തേക്ക് കുട്ടികളെ കൊണ്ടുപോകുന്ന ചലച്ചിത്രമാണിത്. ജിജോ സംവിധാനം ചെയ്ത ഈ ചിത്രത്തിന്റെ സംഗീതം ഇളയരാജയാണ്.

## എന്റെ വീട് അപ്പൂന്റേം

രണ്ടാമതായി ജനിക്കുന്ന കുട്ടിയോട് ആദ്യത്തെ കുട്ടിക്കുണ്ടാകുന്ന പ്രതികരണമാണീ സിനിമയുടെ പ്രമേയം. പ്രായപൂർത്തിയാകാത്ത ആൺകുട്ടി കുറ്റവാളിയായി മാറുന്നു. മികച്ച ബാലതാരത്തിനുള്ള ദേശീയ പുരസ്കാരം നേടിയ ചിത്രം. മാസ്റ്റർ കാളിദാസന്റെ മികച്ച അഭിനയം. സിബി മലയിലിന്റെ സംവിധാനം.

## കാഴ്ച

പ്രശസ്ത സംവിധായകൻ ബ്ലെസിയുടെ ആദ്യ ചിത്രമാണ് കാഴ്ച. ഭൂകമ്പത്തിൽ എല്ലാം നഷ്ടപ്പെട്ട അഭയാർത്ഥിയായി മാറിയ ബാലന്റേയും അവനെ എടുത്തു വളർത്തുന്ന മാധവൻ എന്ന സിനിമാ ഓപ്പറേറ്ററുടെയും കഥയാണിത്. മാസ്റ്റർ യാഷാണ് ഈ കഥാപാത്രത്തെ അഭിനയിച്ചിരിക്കുന്നത്.

## ആകാശദൂത്

പൂർണ്ണമായും ദുരന്തപൂർണ്ണമായ കുടുംബപശ്ചാത്തലത്തിൽ കുട്ടികൾക്ക് സംഭവിക്കുന്ന വിധിയുടെ വഴികളാണ് ഈ ചിത്രം. ഡെന്നീസ് ജോസഫിന്റെ തിരക്കഥയും സിബി മലയിലിന്റെ സംവിധാനവും.

## ജോണി

മികച്ച കുട്ടികളുടെ ചിത്രത്തിന് 1993 ൽ കേരള സംസ്ഥാന പുരസ്കാരം ലഭിച്ച ചിത്രമാണിത്. ബീയാർപ്രസാദാണ് തിരക്കഥ. പിതാവു മരിച്ച മലയോര കർഷക കുടുംബത്തിന്റെ കഥയാണ് ജോണി. നൻമ വിളിച്ചോതുന്ന ഒരു പ്രമേയമാണീ ചിത്രം.

## കൊച്ചു തെമ്മാടി

എം.ടി. വാസുദേവൻനായരുടെ തിരക്കഥയിൽ എ. വിൻസെന്റ് സംവിധാനം ചെയ്ത ചിത്രമാണിത്. വിദ്യാർത്ഥി-അധ്യാപക ബന്ധത്തെപ്പറ്റിയുള്ള, മഹത്തായ സന്ദേശം ഉൾക്കൊള്ളുന്ന ചിത്രമാണിത്.

## അനുബന്ധം

എം.ടി. വാസുദേവൻനായരുടെ തിരക്കഥയിൽ ഐ.വി. ശശി സംവിധാനം ചെയ്ത ചിത്രമാണിത്. മികച്ച ബാലതാരത്തിനും മികച്ച കഥയ്ക്കും കേരള സംസ്ഥാന പുരസ്കാരം ലഭിച്ച കൃതിയാണിത്. കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ എങ്ങനെ തിരുത്തിക്കൊണ്ടുവരാമെന്ന് ഉപദേശിക്കുന്ന ചിത്രം.

## രതിനിർവേദം

കുട്ടികൾക്ക് ലൈംഗികത നിഷി

ദ്ധമാണെങ്കിലും ലൈംഗിക വിദ്യാഭ്യാസം ശരിയായ അളവിൽ നൽകേണ്ടത് വളരെ ആവശ്യമാണെന്നും സൂചന നൽകുന്ന ചിത്രം. പദ്മരാജന്റെ തിരക്കഥയും ഭരതന്റെ സംവിധാനവും.

## പപ്പയുടെ സ്വന്തം അപ്പൂസ്

മാതാവില്ലാതെ വളരുന്ന കുട്ടി സ്നേഹബന്ധം തേടിപ്പോവുന്നതും, അപകടത്തിൽ മാരക രോഗം സംഭവിക്കുന്നതുമായ ദുരന്ത കഥയാണീ ചിത്രം. ഫാസിൽ സംവിധാനം ചെയ്ത ഈ ചിത്രത്തിന്റെ സംഗീതം ഇളയരാജയാണ്. മാസ്റ്റർ ബാദുഷയാണ് പ്രധാന കഥാപാത്രം അവതരിപ്പിച്ചത്.

## ഒരിടത്തൊരു പുഴയുണ്ട്

കലവൂർ രവികുമാർ സംവിധാനം ചെയ്ത ഈ ചിത്രത്തിന് 2007 ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് ലഭിച്ചു. പരിസ്ഥിതിപ്രശ്നം കുട്ടികളുടെ ലോകത്തിലൂടെ ഈ ചിത്രം അവതരിപ്പിച്ചു.

## പുനർജനി

2002 ലെ മികച്ച ബാലതാരത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം പ്രണവ് മോഹൻലാലിന് ഈ ചിത്രത്തിലൂടെ ലഭിച്ചു. അപ്പു എന്ന ബാലന്റെ ജീവിതമാണീ ചിത്രം. മേജർ രവിയും രാജേഷ് ആമനക്കരയുമാണ് സംവിധാനം. തിരുവാണ് ഛായാഗ്രഹണം.

## ചിത്രശലഭങ്ങളുടെ വീട്

സ്കൂളിൽ ലഹരി പദാർത്ഥങ്ങൾ ഉപയോഗിച്ചതിന് മുത്തു എന്ന പതിന്നാലുവയസ്സുകാരനെ അറസ്റ്റ് ചെയ്യുന്നു. പക്ഷേ കുറ്റവാളിയായി ആ പയ്യൻ മാറുന്നതെങ്ങനെയെന്ന് ചിത്രം പറയുന്നു. കൃഷ്ണകുമാറാണ് സംവിധാനം. മാസ്റ്റർ ഗണപതിയാണ് മുഖ്യകഥാപാത്രം.

## ലസാഗു

മലപ്പുറം ജില്ലയിൽ ചെമ്പ്രശ്ശേരി യു.പി. സ്കൂളിൽ നിർമ്മിച്ച സിനിമയാണ് ലസാഗു. വിദ്യാഭ്യാസം ലഭിക്കാത്ത സംരക്ഷണം ലഭിക്കാത്ത, മാറ്റിനിർത്തപ്പെട്ട, അവഗണിക്കപ്പെടുന്ന കുട്ടികളുടേയും അത്തരം ജീവിത സാഹചര്യങ്ങളുമാണ് ചിത്രം പ്രതിപാദിക്കുന്നത്. സുമോദ്, ഗോപു എന്നിവരാണ് സംവിധാനം.

## കരിക്കട്ട

ഹോട്ടലിൽ ജോലിചെയ്യുന്ന ഒരു ബാലന്റെ കഥയാണീ ചിത്രം. കുട്ടികളെക്കൊണ്ട് തൊഴിൽ ചെയ്യിക്കരുത് എന്ന ബാലവേലസന്ദേശം നൽകുന്ന ചിത്രമാണിത്. ടിസ്സ മേരി ചാക്കോയാണ് സംവിധാനം. തിരക്കഥ രാകേഷ് നാഥ്. സ്വരൂപ് ഫിലിപ്പാണ് ക്യാമറ.

## സഹ്യന്റെ മകൻ

1982 ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം 1982–ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം ലഭിച്ചു. സംവിധാനം ചെയ്തത് ജി.എസ്. പണിക്കരാണ്.

## അമ്മുവിന്റെ ആട്ടിൻകുട്ടി

1978 ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം 1978 ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം ലഭിച്ചു. സംവിധാനം നിർവഹിച്ചത് പ്രശസ്ത ചലച്ചിത്ര സംവിധായകനായ രാമു കാര്യാട്ട് ആണ്.

## മിനി

1995–ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം 1997 ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം ലഭിച്ചു. സംവിധാനം നിർവഹിച്ചത് പ്രമുഖ ഛായാഗ്രാഹകനായ ബേപ്പൂർ മണിയാണ്.

## അഭയം

1991–ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം 1991–ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ചു. സംവിധാനം നിർവഹിച്ചത് വിഖ്യാത ഛായാഗ്രാഹകനായ ശിവനാണ്.

























## കൊച്ചനിയൻ

1994-ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രത്തിന് 1994 ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ചു. സംവിധാനം നിർവഹിച്ചത് സതീഷ് വെങ്ങാനൂർ.

## ഖരാക്ഷരങ്ങൾ

2000-ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം 2000 ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള ദേശീയ പുരസ്കാരം കരസ്ഥമാക്കി. സംവിധാനം നിർവ്വഹിച്ചത് സലിം പടിയത്ത്.

## കുട്ടുമണിപ്പൂക്കൾ

1999 ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം 1999 ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം കരസ്ഥമാക്കി. സംവിധാനം നിർവഹിച്ചത് എം.എൻ.വിനയകുമാർ

## പുലർവെട്ടം

2001 ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം 2000 ലെ മികച്ച കുട്ടികളുടെ ചലച്ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം കരസ്ഥമാക്കി. സംവിധാനം നിർവഹിച്ചത് പ്രശസ്ത മലയാള സംവിധായകനായ ഹരികുമാർ ആണ്. നിർമ്മാണം ബി.ചന്ദ്രസേനൻ നായർ.

## കൃഷ്ണപക്ഷക്കിളികൾ

2002-ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം അതേ വർഷത്തിലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം കരസ്ഥമാക്കി. സംവിധാനം നിർവഹിച്ചത് എബ്രഹാം ലിങ്കൺ.

## ജലമർമ്മരം

1999-ലെ മികച്ച പരിസ്ഥിതി ചിത്രത്തിനുള്ള ദേശീയപുരസ്കാരം ലഭിച്ച ഈ ചലച്ചിത്രം സംവിധാനം ചെയ്തത് മലയാള സിനിമാ സംവിധായകനായ ടി.കെ.രാജീവ് കുമാർ ആണ്.

## മനു അങ്കിൾ

1985-ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം മുഴുനീളകഥാചിത്രമാണെങ്കിലും കുട്ടികൾ ധാരാളമായി അഭിനയിച്ച ചിത്രമാണിത്. ഹ്യൂമർ കാറ്റഗറിയിൽ ഉൾപ്പെടുന്നു. സംവിധാനം നിർവ്വഹിച്ചത് ഡെന്നീസ് ജോസഫ് ആണ്. മമ്മൂട്ടി നായകനായി അഭിനയിച്ചു.

## മലമുകളിലെ ദൈവം

1983-ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം ആദിവാസി ജീവിതത്തിന്റെയും ഗോത്രസംസ്ക്കാരത്തിന്റെയും കഥ ആവിഷ്കരിച്ചു. ഒരു കുഞ്ഞു സഹോദരന്റെതായ ആംഗിളിൽ ഒരു കുട്ടിയെക്കൂടി കഥാപാത്രമായി ഈ സിനിമയിൽ ഉൾപ്പെടുത്തുന്നുണ്ട്. സംവിധാനം നിർവഹിച്ചത് മാസ്റ്റേഴ്സ് സംവിധായകനായ പി.എൻ.മേനോൻ ആണ്.

## കൂട്ടിനിളംകിളി

1984-ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം മുഴുനീളകഥാചിത്രമാണ്. എങ്കിലും ബേബി ശാലിനിയുടെ കഥാപാത്രം ചിത്രത്തിന്റെ ഹൈലൈറ്റുകളിലൊന്നാണ്. കലൂർ ഡെന്നീസിന്റെ തിരക്കഥയിൽ സാജൻ ആണ് ഈ ചലച്ചിത്രം സംവിധാനം നിർവ്വഹിച്ചത്.

## കിലുക്കാംപെട്ടി

1991-ൽ പുറത്തിറങ്ങിയ ഈ ചലച്ചിത്രം കഥാചിത്രമാണെങ്കിലും ബേബി ശ്യാമിലിയുടെ കഥാപാത്രം ചിത്രത്തിന്റെ ഹൈലൈറ്റുകളിലൊന്നാണ്. സംവിധാനം ഷാജി കൈലാസും ക്യാമറ രവി കെ. ചന്ദ്രനും നിർവഹിച്ചു.

## ആനയ്ക്കൊരുമ്മ

ബേബി ശാലിനിയുടെ കഥാപാത്രം വളരെ പ്രധാനപ്പെട്ടതാണ്. സംവിധാനം നിർവഹിച്ചത് ബേബിയും തിരക്കഥ നിർവഹിച്ചത് എസ്.എൻ.സ്വാമിയുമാണ്.

## മിനിമോൾ വത്തിക്കാനിൽ

1984-ൽ പുറത്തിറങ്ങിയ ഈ ചിത്രത്തിൽ ബേബി ശാലിനി പ്രധാന കഥാപാത്രമാണ്. ജോഷി സംവി

ധാനവും എം.എസ്.വിശ്വനാഥൻ സംഗീതവും, ആനന്ദക്കുട്ടൻ ക്യാമറയും നിർവ്വഹിച്ചു.

## സാഫല്യം

2001-ൽ പുറത്തിറങ്ങിയ മാസ്റ്റർ അശ്വിന്റെ കഥാപാത്രം വളരെ പ്രധാനപ്പെട്ടതാണ്. സംവിധാനം ജി.എസ്.വിജയനും നിർമ്മാണം കിരീടം ഉണ്ണിയും ക്യാമറ രാമചന്ദ്ര ബാബുവും നിർവഹിച്ചു.

## പ്രിയം

2000 ൽ പുറത്തിറങ്ങിയ ചിത്രം മാസ്റ്റർ അശ്വിൻ, ബേബി മഞ്ജിമയടക്കമുള്ള രണ്ട് കുട്ടികളുടെ കഥാപാത്രം പ്രധാനപ്പെട്ടതാണ്. വാസുദേവ് സനൽ സംവിധാനം ചെയ്ത ഈ ചിത്രത്തിന്റെ ഛായാഗ്രാഹകൻ വിപിൻമോഹനാണ്. എഡിറ്റിംഗ് ശ്രീകർപ്രസാദും.

## കാക്കമുട്ടൈ

2014-ൽ പുറത്തിറങ്ങിയ ഈ തമിഴ്ചിത്രം മദ്രാസ് നഗരത്തിലെ ചേരിപ്രദേശങ്ങളിലെ രണ്ടുകുട്ടികളുടെ കഥ പറയുന്നു. ദേശീയ അവാർഡും വിദേശ അവാർഡും വാങ്ങിക്കൂട്ടിയ ചിത്രം നിർമ്മാണം ധനുഷും, വെട്രിമാരനും ചേർന്ന് നിർമ്മിക്കുന്നു. എഡിറ്റിംഗ് ടി.കിഷോറും ചെയ്യുന്നു

## പസംഗ

പാണ്ഡ്യരാജ് സംവിധാനം ചെയ്ത ഈ തമിഴ് ചിത്രം 2009 ൽ പുറത്തിറങ്ങി. മൂന്നു കുട്ടികളുടെ കഥ പറയുന്ന ചിത്രം നിരവധി ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾ വാരിക്കൂട്ടി. ജെയിംസ് വസന്തൻ ക്യാമറയും, എം.ശശികുമാർ നിർമ്മാണവും നിർവ്വഹിച്ചു.

## വേനൽക്കിനാവുകൾ

സമ്പന്നമായ കുടുംബാവസ്ഥയിലുള്ള കുട്ടികൾ (മക്കൾ) വഴിതെറ്റിപ്പോകുന്ന കാഴ്ച കണ്ടു നിൽക്കേണ്ടിവരുന്ന അച്ഛനമ്മമാരുടെ കഥ. എം.ടി.യുടെ തിരക്കഥയിൽ 1991 ൽ പുറത്തിറങ്ങിയ ഈ ചിത്രം സേതുമാധവൻ സംവിധാനം ചെയ്തു.

## ഫോട്ടോഗ്രാഫർ

2005-ൽ പുറത്തിറങ്ങിയ ഈ മോഹൻലാൽ ചിത്രത്തിൽ താമി എന്ന ആദിവാസി ആൺകുട്ടി ചിത്രത്തിന്റെ കേന്ദ്രസൂചകമായ സ്ഥാനം നിർവഹിക്കുന്നു. ഭരണകൂടത്തിന്റെ ഇരയായിത്തീരുന്ന കാടിന്റെ മക്കളുടെ പ്രതിനിധിയായി താമി മാറുന്ന കഥാപാത്രം. സംവിധാനം നിർവഹിച്ചത് രഞ്ജൻ പ്രമോദും ഛായാഗ്രഹണം അഴഗപ്പനും സംഗീതം ജോൺസണുമാണ്.

## ദ ക്ലിന്റ്

അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞ അതുല്യചിത്രകാരനായ കുരുന്നിനെക്കുറിച്ചുള്ള ഡോക്യുമെന്ററിഫിലിം, പ്രതിഭയാർന്ന കുഞ്ഞു ജൻമത്തിലേക്ക് വെളിച്ചവും അറിവും പകർന്നു തരുന്ന ഡോക്യുമെന്ററി. വിഖ്യാത ഛായാഗ്രാഹകനായ മധു അമ്പാട്ടാണ് ഈ കുഞ്ഞുചിത്രത്തിന്റെ ശിൽപ്പി.

## അച്ഛനെയാണെനിക്കിഷ്ടം

2002-ൽ പുറത്തിറങ്ങിയ ചിത്രം. കുഞ്ഞുണ്ണി ലോറി ഡ്രൈവറായ ഭാസ്കരന്റെ മകനാണ്. നല്ല നിലവാരമുള്ള സ്കൂളിൽ പഠിപ്പിക്കാനുള്ള കഴിവ് ഭാസ്കരനില്ല. പ്രമേയം ഇന്ന് വളരെ ആനുകാലികമായ ഒന്നാണ്. സുരേഷ് കൃഷ്ണ സംവിധാനവും ക്യാമറ കെ.പി.നമ്പ്യാതിരിയും നിർമ്മാണം മേനകയും നിർവഹിച്ചു.

## അതിശയൻ

മലയാളത്തിലെ സയൻസ് ഫിക്ഷൻ കാറ്റഗറിയാണ് എന്ന് അവകാശപ്പെടാവുന്ന ചിത്രം 2007-ൽ പുറത്തിറങ്ങി. മാസ്റ്റർ ദേവദാസ് ചിത്രത്തിന്റെ പ്രധാന കഥാപാത്രമായി എത്തുന്നു. സംവിധാനം വിനയൻ, നിർമ്മാണം ഗോകുലം ഗോപാലൻ, ക്യാമറ രാജരത്നം.

## ഡാഡി

1992-ൽ പുറത്തിറങ്ങിയ ഈ ചിത്രം ക്രിമിനൽ പശ്ചാത്തലത്തിലെ ഗുണ്ടയുടെ മകനായ ജനിച്ച ആൺകുട്ടിക്ക് പിതാവ്







ജയിലിലാകുന്നതോടെ ഒരു പോലീസുകാരൻ വളർത്തച്ഛനാകുന്ന കഥയാണിത്. സംഗീത് ശിവൻ സംവിധാനം ചെയ്ത ഈ ചിത്രത്തിന്റെ ഛായാഗ്രാഹകൻ സന്തോഷ് ശിവനാണ്.

## ഡാഡികൂൾ

2009 – ൽ പുറത്തിറങ്ങിയ ചിത്രം മാസ്റ്റർ ധനുഞ്ജയ് പ്രധാന വേഷങ്ങളിലൊന്നായിരുന്നു. ആഷിക് അബു സംവിധാനത്തിൽ സമീർതാഹിർ ഛായാഗ്രണവും നിർവഹിച്ചു.

## മൗസ് ആന്റ് ക്യാറ്റ്

ഫാസിൽ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ദിലീപിന്റെ നായകവേഷത്തോടൊപ്പം ബാലതാരവും പ്രധാന വേഷത്തിൽ എത്തുന്നു. ആനന്ദക്കുട്ടനാണ് ഛായാഗ്രഹണം.

## മിന്നാരം

1996-ൽ പ്രിയദർശൻ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ നിരവധി കുട്ടികളുടെ കഥാപാത്രങ്ങൾ സജീവമായി നില്ക്കുന്നുണ്ട്.







## പൂവിന് പുതിയ പൂന്തെന്നൽ

ഫാസിൽ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ബധിരനും മൂകനുമായ ഒരു കുട്ടിയെയാണ് കഥയുടെ പ്രധാന വഴിത്തിരിവായി ഉപയോഗിച്ചിരിക്കുന്നത്. തമിഴിലേക്കും ഈ ചിത്രം റീമേക്ക് ചെയ്യപ്പെട്ടു. ആനന്ദക്കുട്ടനാണ് ഛായാഗ്രഹണം.

## ജനനി

രാജീവ് നാഥ് സംവിധാനം ചെയ്ത ഈ ചിത്രത്തിൽ നവജാത ശിശു വളരെ പ്രധാനപ്പെട്ട കഥയുടെ ഭാവമാണ്. ഈ ചിത്രത്തിന് ദേശീയ, അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സക്കറിയയാണ് തിരക്കഥ.

## അമ്മാനംകിളി

കലാസംവിധായകനായ രാജീവ് അഞ്ചൽ സംവിധാനം ചെയ്ത അമ്മാനംകിളി എന്ന ചിത്രത്തിൽ കുട്ടികളുടെ സജീവസാന്നിദ്ധ്യം ഉണ്ട്. ഛായാഗ്രഹണം എം.ജെ. രാധാകൃഷ്ണൻ.

## അനന്തരം

അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ പ്രധാന കഥാപാത്രമായ അജയന്റെ ബാല്യം കാണിക്കുന്നത് മാസ്റ്റർ സുധീഷ് അഭിനയിച്ച കഥാപാത്രത്തിലൂടെയാണ്. മങ്കട രവിവർമ്മയാണ് ഛായാഗ്രഹണം.

## പിറന്നാൾകുട്ടി

പ്രശസ്ത സംവിധായകനായിരുന്ന പദ്മരാജൻ കുട്ടികൾക്കുവേണ്ടി ചെയ്യാനിരുന്ന സിനിമയുടെ തിരക്കഥയാണ് പിറന്നാൾകുട്ടി. തിരക്കഥ പൂർത്തിയായെങ്കിലും സിനിമാരൂപം ഉണ്ടായില്ല. പൂർണ്ണമായും രണ്ട് കുട്ടികളാണ് ഈ തിരക്കഥയിലെ പ്രധാന കഥാപാത്രങ്ങൾ.

## പല്ലൊട്ടി '90's കിഡ്സ്

ജിതിൻ രാജ് സംവിധാനം ചെയ്ത ഈ ചിത്രം 2022 ൽ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം നേടി.

## നാനി

സാംവിദ് ആനന്ദ് സംവിധാനം ചെയ്ത ഈ ചിത്രം 2019 ൽ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാനപുരസ്കാരം നേടി.

## ബോണാമി

ടോണി സുകുമാർ സംവിധാനം ചെയ്ത ഈ ചിത്രം 2020 ൽ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം നേടി.

## കാടകലം

പത്തുവയസ്സുകാരനായ ആദിവാസിയുടെ കഥ. സഖിൽ രവീന്ദ്രനാണ് സംവിധാനം. 2021 ലെ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന അവാർഡ് നേടി.

## അങ്ങു ദൂരെ ഒരു ദേശത്ത്

ജോഷി മാത്യു സംവിധാനം ചെയ്ത ഈ ഒരു ചിത്രം 2018 ൽ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു.

## സ്വനം

റ്റി.ദീപേഷ് സംവിധാനം ചെയ്ത ഈ ചിത്രം 2017 ൽ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരള സംസ്ഥാന പുരസ്കാരം ലഭിച്ചു.

## കോലുമിഠായി

അരുൺ വിശ്വം സംവിധാനം ചെയ്ത കോലുമിഠായി കുട്ടികൾ കേന്ദ്രകഥാപാത്രമായ സിനിമയാണ്. 2017 ൽ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള പുരസ്കാരം ലഭിച്ചു.

## മലയേറ്റം

2016 ൽ മികച്ച കുട്ടികളുടെ ചിത്രത്തിനുള്ള കേരളസംസ്ഥാന പുരസ്കാരം ലഭിച്ച ചിത്രമാണിത്. തോമസ് ദേവസ്യയും അമ്പിളി തോമസുമാണ് തയ്യാറാക്കിയിരിക്കുന്നത്.

## ക്ലിന്റ്

വിഖ്യാത ചിത്രകാരനായിരുന്ന എഡിമണ്ട് തോമസ് ക്ലിന്റിന്റെ ജീവിതകഥപറഞ്ഞ ചലച്ചിത്രമാണിത്. 2017 ൽ പുറത്തിറങ്ങിയ ഈ ചിത്രം ഹരികുമാറാണ് സംവിധാനം ചെയ്തത്. ഇളയരാജയാണ് സംഗീതം.

## അഞ്ജലി

മണിരത്നം 1990 ൽ സംവിധാനം ചെയ്ത ഈ ചിത്രത്തിൽ ബേബി ശ്യാമിലി പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. മധു അമ്പാട്ടാണ് ഛായാഗ്രഹണം. തമിഴ് ഭാഷയിലിറങ്ങിയ ഈ ചിത്രം മലയാളത്തിലേക്ക് ഇതേ പേരിൽ മൊഴിമാറ്റി റിലീസ് ചെയ്തിട്ടുണ്ട്.

## മാളികപ്പുറം

എട്ടുവയസ്സുകാരിക്ക് പിതാവു നഷ്ടപ്പെട്ടെങ്കിലും, അയ്യപ്പനോടുള്ള ഭക്തിമൂലം ശബരിമലയിലേക്ക് യാത്ര പോകുന്നതാണ് പ്രമേയം. വിഷ്ണു ശശി ശങ്കർ സംവിധാനം ചെയ്ത ചിത്രത്തിൽ കുമാരി ദേവനന്ദ മുഖ്യകഥാപാത്രത്തെ അവതരിപ്പിക്കുന്നു.

# കൊല്ലരുതെന്നൊരു പാഠം



പി. സലിംരാജ്

കുട്ടികൾക്ക് വേണ്ടിയുള്ള ചലച്ചിത്ര ശാഖ ഏറെ അവഗണിക്കപ്പെട്ട ഒന്നാണ് ഇന്ത്യയിലെവിടെയും. ഏതാനുമെണ്ണം ഉള്ളവയിൽ ഏറെ വിലമതിക്കാവുന്ന ഒരു സിനിമയാണ് 1978-ൽ രാമു കാര്യാട്ട് സംവിധാനം ചെയ്ത *അമ്മുവിന്റെ ആട്ടിൻകുട്ടി.* മികച്ച ബാലസിനിമക്കുള്ള ആദ്യത്തെ സംസ്ഥാനപുരസ്കാരം നേടിയ സിനിമ. കെ.എസ്.കെ.തളിക്കുളം എഴുതിയ *അമ്മുവിന്റെ ആട്ടിൻകുട്ടി* എന്ന 172 വരികളുള്ള ഖണ്ഡകാവ്യമാണ് സിനിമക്കാധാരം. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ സ്വീകാര്യമായ ഗുണപാഠം, കവിതയുടെ ഊഷ്മാവ് ഒട്ടും ചോരാതെയും അതിഭാവുകത്വമോ കൃത്രിമച്ചുവയോ തൊട്ടുതീണ്ടാതെയും രാമു കാര്യാട്ട് അഭ്രപാളിയിലേക്ക് പകർത്തി. ഏറെ ജനകീയമായ ഒരു ബാലകാവ്യം മികച്ച ചലച്ചിത്രാനുഭവമായും മാറിയത് സിനിമാചരിത്രത്തിൽ ഒരപൂർവതയാണ്.

മികച്ച ബാലസിനിമക്കുള്ള ആദ്യത്തെ സംസ്ഥാന പുരസ്കാരം നേടിയ സിനിമയാണ് 1978-ൽ രാമു കാര്യാട്ട് സംവിധാനം ചെയ്ത *അമ്മുവിന്റെ ആട്ടിൻകുട്ടി.* കെ.എസ്.കെ.തളിക്കുളം എഴുതിയ *അമ്മുവിന്റെ ആട്ടിൻകുട്ടി* എന്ന 172 വരികളുള്ള ഖണ്ഡകാവ്യമാണ് സിനിമക്കാധാരം. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ സ്വീകാര്യമായ ഗുണപാഠം, കവിതയുടെ ഊഷ്മാവ് ഒട്ടും ചോരാതെയും അതിഭാവുകത്വമോ കൃത്രിമച്ചുവയോ തൊട്ടുതീണ്ടാതെയും രാമു കാര്യാട്ട് അഭ്രപാളിയിലേക്ക് പകർത്തി. ഏറെ ജനകീയമായ ഒരു ബാലകാവ്യം മികച്ച ചലച്ചിത്രാനുഭവമായും മാറിയത് സിനിമാചരിത്രത്തിൽ ഒരപൂർവതയാണ്.

അംഗീകാരങ്ങളുടെയും പ്രശസ്തിയുടെയും വെള്ളിവെളിച്ചത്തിൽ തിളങ്ങുന്ന കാലത്താണ് രാമു കാര്യാട്ട് ഈ സിനിമ സാക്ഷാത്ക്കരിക്കുന്നത്. അദ്ദേഹത്തിന്റെ പുതുമയോടുള്ള അഭിനിവേശം ഇവിടെയും കാണാം. പ്രതിഭാശാലികളുടെ ഒരു നിരതന്നെയുണ്ട് പിന്നണിയിൽ. അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഗ്രാമീണദൃശ്യബിംബങ്ങളെ ചരിത്രത്തിലേക്ക് പിടിച്ചുവെക്കുന്ന സാംസ്കാരികരാഷ്ട്രീയദൗത്യമാണ് ഈ സിനിമയും നിറവേറ്റുന്നത്.



*രാമു കാര്യാട്ട്*

പാടവും മലയും അമ്പലവും പൂരവും വീടും വിദ്യാലയവും കർഷകരുമെല്ലാം ചൈതന്യം പകരുന്ന ഒരു നാട്ടിൻപുറത്താണ് കഥ അരങ്ങേറുന്നത്.

ശോഭന പരമേശ്വരൻനായർ, രാമു കാര്യാട്ട്, പ്രേംനവാസ് എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിച്ചത്. അശോക് കുമാർ (ഛായാഗ്രഹണം), രവി (ചിത്രസംയോജനം), ജി.ദേവരാജൻ (സംഗീതം), വിക്ടർ ലീനസ് (സഹസംവിധാനം) തുടങ്ങിയവർ അണിയറയിൽ പ്രവർത്തിച്ചു. ബേബി വിനീത, ബേബി മീര, ബേബി വിദ്യ, ബേബി രേണുക, തൃശൂർ ശശി, തൃശൂർ എൽസി, ബഹദൂർ, പി.കെ.എബ്രഹാം, മണികണ്ഠൻനായർ, ചേറ്റുവ അബ്ബാസ് എന്നിവരാണ് അഭിനേതാക്കൾ. കവിതയിലെ

എട്ട് വയസ്സുകാരി അമ്മുവിനെ വെള്ളിത്തിരയിൽ അവതരിപ്പിച്ച ബേബി വിനീത പത്താം ക്ലാസ് വിദ്യാർത്ഥിയായിരിക്കെ, ആത്മഹത്യ ചെയ്തിരുന്നു. ചലച്ചിത്രത്തിന്റെ ജീവൻ തന്നെയായ ഈ ബാലതാരത്തിന്റെ ജീവിതം ദുരന്തപര്യവസാനിയായത് സങ്കടകരമാണ്.

കുഞ്ഞുങ്ങളും ജീവജാലങ്ങളും തമ്മിലുള്ള ആത്മബന്ധം സിനിമ പ്രസാദമധുരമായി ചിത്രീകരിക്കുന്നു. അന്നൊക്കെ കാർഷികാടിത്തറയുള്ള ഒരു വീടിന്റെ ഉപജീവനോപാധികളിൽ പ്രധാനം മൃഗപരിപാലനമായിരുന്നു. ആട്, പശു, എരുമ, കോഴി, താറാവ്, നായ, പൂച്ച, തത്ത, അണ്ണാൻ, കുരുവികൾ എന്നിവയെ വീടുകളിൽ വളർത്തുക പതിവായിരുന്നു. പരിസ്ഥിതിയും ജീവിതവും തമ്മിലുള്ള സഹവർത്തിത്വം ഇങ്ങനെയെല്ലാം ഊട്ടിയുറപ്പിക്കപ്പെട്ടിരുന്നു. സിനിമയിൽ കേരളീയപ്രകൃതിയും ഗ്രാമീണസംസ്കൃതിയും മുക്കാൽ നൂറ്റാണ്ട് മുൻപത്തെ സാമൂഹ്യബന്ധങ്ങളും സൂക്ഷ്മധ്വനിസാന്ദ്രമായി ആവിഷ്ക്കരിക്കപ്പെടുന്നു.

കെ.എസ്.കെ.യുടെ അയൽനാട്ടുകാരനായ ചേറ്റുവക്കാരൻ രാമു കാര്യാട്ട് അദ്ദേഹത്തിന്റെ നാടകങ്ങളിൽ അഭിനയിച്ചുകൊണ്ടാണ് കലാവേദിയിൽ അരങ്ങേറുന്നത്. കെ.എസ്.കെ.യുടെ ഭാഗ്യദീപം, വാസന്തി എന്നീ നാടകങ്ങളിൽ ഹൈസ്ക്കൂൾ വിദ്യാർത്ഥിക്കാലം മുതൽ കാര്യാട്ട് വേഷമിട്ടിരുന്നു. അനുഗൃഹീതഗായകനായ കാര്യാട്ടിന് മലയാളത്തിലെ പ്രധാനപ്പെട്ട കവിതകൾ ഹൃദിസ്ഥമായിരുന്നു. കെ.എസ്.കെ.യുടെ പ്രണയദൂതൻ അദ്ദേഹം ആവർത്തിച്ച് ചൊല്ലാറുണ്ട്. കവിക്കുള്ള ഗുരുദക്ഷിണ ആയിട്ടാണ് രാമു കാര്യാട്ട് ഈ സിനിമയെ കാണുന്നത്. രാമു കാര്യാട്ടിന്റെ രണ്ടാമത്തെ സിനിമ മിന്നാമിനുങ്ങിന് സംഭാഷണം എഴുതിയത് കെ.എസ്.കെ. ആയിരുന്നു.

പ്രധാന നിർമ്മാതാവായ ശോഭന പരമേശ്വരൻനായർ ബാലു മഹേന്ദ്രയെയാണ് സംവിധാനത്തിനും ക്യാമറക്കുമായി ആദ്യം കണ്ടുവെച്ചത്. ''കെ.എസ്.കെ. കവിത ഞാനല്ലാതെ മറ്റാരെടുക്കാൻ?'' എന്ന കാര്യാട്ടിന്റെ പരിഭവം നിറഞ്ഞ ആത്മവിശ്വാസമാണ് പരമുവണ്ണന്റെ തീരുമാനം മാറ്റിയത്. മലയാളസാഹിത്യത്തിലെ ഉന്നതശീർഷനായ എൻ.പി.മുഹമ്മദാണ് തിരക്കഥയും സംഭാഷണവും എഴുതിയത്. തൃശൂരിൽ താമസിച്ചുകൊണ്ട് മൂന്നുദിവസംകൊണ്ട് എഴുത്ത് മുഴുമിപ്പിച്ചു. തൃക്കൂരും പരിസരത്തുമായി പത്തുനാൾകൊണ്ട് ഷൂട്ടിംഗും പൂർത്തിയാക്കി. ബോംബെയിലെ ചിൽഡ്രൻസ് ഫിലിം സൊസൈറ്റി ഓഫ് ഇന്ത്യ രണ്ടരലക്ഷം രൂപ നൽകി ഈ സിനിമയുടെ റൈറ്റ് വാങ്ങിയതായി പരമേശ്വരൻനായർ ഓർമിക്കുന്നു.

അമ്മുവിന്റെ അരുമയായ 'കുട്ടൻ' എന്ന കുഞ്ഞാടിനെ അച്ഛൻ ജന്മിക്ക് വിൽക്കുന്നു. വിദ്യാലയത്തിൽനിന്ന് വീട്ടിലെത്തിയ അമ്മു ഇതറിഞ്ഞ് നിലവിളിച്ച് നിലത്തുവീണ് പൂഴിയിൽ കിടന്നുരുളുന്നു. നിശ്ചയിച്ചുറപ്പിച്ചതുപോലെ അമ്മു ജന്മിയുടെ ഹർമ്യത്തിലേക്കോടുന്നു. അച്ഛൻ വിലയായി വാങ്ങിയ എട്ട് രൂപ തിരികെ തന്നാൽ കുട്ടനെ കൊണ്ടുപോകാമെന്ന് ജന്മി പറയുന്നു. അമ്മു സ്വർണമാലയൂരി ജന്മിക്കു നീട്ടുന്നു. കണ്ണുനിറയുന്ന ആ ആർദ്രമനസ്കൻ ആടിനെ തിരികെ കൊടുക്കുന്നു. കല്യാണസദ്യക്ക് മാംസമേ വേണ്ടെന്ന് ജന്മി തീരുമാനിക്കുന്നു. 'കൊല്ലരുതെന്നൊരു പാഠം' നൽകിയതിന് ദക്ഷിണയായി അമ്മുവിന് സ്വർണച്ചെയിൻ നൽകുന്നു. ജന്മിയുടെ മനസ്സിനെ വിമലീകരിക്കുന്നത് അമ്മുവിന്റെ നിഷ്കളങ്കതയും നിർഭയത്വവുമാണ്. പരീക്ഷണങ്ങൾക്കൊടുവിൽ നന്മയുടെ ആത്യന്തികവിജയം ഘോഷിക്കപ്പെടുന്നു. അഹിംസ, കാരുണ്യം, ത്യാഗം, ധാർമികത എന്നിവക്ക് തിരുവാഴ്ത്ത്.

ഗ്രാമങ്ങൾ നഗരവത്ക്കരിക്കപ്പെടുന്ന ആധുനികകാലത്ത്, പ്രകൃതി ഒരു പ്രമേയം തന്നെയായി വരുന്ന ഈ സിനിമ കൂടുതൽ പ്രസക്തി നേടുന്നുവെന്ന് ചലച്ചിത്രനിരൂപകൻ ഐ.ഷൺമുഖദാസ് ചൂണ്ടിക്കാണിക്കുന്നു. സസ്യ-ജന്തു-പ്രകൃതി സ്നേഹത്തെപ്പറ്റിയും അഹിംസയെക്കുറിച്ചുമുള്ള ഗുണപാഠം സന്ദേശമായി തരുന്നതുകൊണ്ടുമാത്രമല്ല ഈ സിനിമ സംഗതമാകുന്നത് എന്നും, വേഷത്തിലും ഭാവത്തിലും സഹജീവികളിൽ നിന്നും അകന്നുകൊണ്ടിരിക്കുന്ന, കോട്ടും സൂട്ടും ധരിച്ച് ഇംഗ്ലീഷ് സംസാരിച്ചുനിൽക്കുന്ന നമ്മുടെ കുട്ടികൾക്കുമുന്നിൽ, വേറെയും മലയാളികൾ ഉണ്ടായിരുന്നുവെന്ന് ഈ ചിത്രം ഓർമിപ്പിക്കുമെന്നും ഷൺമുഖദാസ് വിലയിരുത്തുന്നു.

1930-കളിൽ എഴുതപ്പെട്ടു എന്ന് വിശ്വസിക്കാവുന്ന അമ്മുവിന്റെ ആട്ടിൻകുട്ടി മലയാളത്തിലെ ആദ്യത്തെ സ്വതന്ത്രബാലകാവ്യമാണ്. സിനിമയാകട്ടെ, ആദ്യത്തെ സ്വതന്ത്രബാലസിനിമയും. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തെ മുന്നോട്ട് നയിച്ച ഗാന്ധിയൻ മൂല്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അഹിംസ. മനുഷ്യഹൃദയത്തെ ഹിംസയിൽനിന്നും മുക്തമാക്കാനാണ് കവി തൂലിക ചലിപ്പിച്ചത്. പാഠപുസ്തമായി ക്ലാസുകളിലും അനൗപചാരിക വിദ്യാഭ്യാസവേദികളിലും ഈ കവിത തലമുറകൾ വായിച്ചുപഠിച്ചു. അമ്മമാർ കാണാപാഠം ചൊല്ലി കണ്ണീരണിഞ്ഞു. കേരളത്തിലുടനീളം വിദ്യാലയങ്ങളിൽ പ്രൊജക്ടർവെച്ച് ഈ സിനിമ പ്രദർശിപ്പിച്ചിരുന്നു. നികുതിയിളവോടെ നടന്നിരുന്ന ഇത്തരം സൗജന്യപ്രദർശനങ്ങൾ കേരളത്തിൽ ആദ്യമായിരുന്നു. ഗൾഫ് പ്രവാസികൾ വീഡിയോ കാസറ്റിലൂടെ ഈ സിനിമയെ നെഞ്ചേറ്റി. ഗൃഹാതുരമായ ഒരു പിൻവിളിപോലെ ഇപ്പോഴും കാണികളെ വശീകരിക്കുന്നുണ്ട് ഈ സിനിമ. 'ഉത്കൃഷ്ടനിർമലഭാവങ്ങൾ കാണുമ്പോൾ/ ഉൾക്കാമ്പലിയാത്ത മർത്ത്യരുണ്ടോ?' എന്ന ലോകതത്ത്വം കവിതയിൽ എന്നതുപോലെ സിനിമയിലും ഉച്ചത്തിൽ മുഴങ്ങുന്നുണ്ട്.

# ICFFK 2023
## കുട്ടികളുടെ സമകാലീന ലോകസിനിമയിലേക്ക് ഒരു എത്തിനോട്ടം


SEA BOYS


ആൽവിൻ ജെയ്ക്കബ്ബ് തട്ടിൽ

ഐഎഫ്.എഫ്.ടി. ഭാരതീയ വിദ്യാ ഭവൻ, മണപ്പുറം ഗ്രൂപ്പ് എന്നിവർ ചേർന്ന് കേരളത്തിലെ പ്രഥമ കുട്ടികളുടെ ചലച്ചിത്രോത്സവം തൃശൂരിൽവെച്ച് ഈ വർഷം സെപ്റ്റംബർ 8,9,10 തീയതികളിൽ സംഘടിപ്പിച്ചു. വിവിധ വിഭാഗങ്ങളിൽ നിന്നായി 55-ൽപരം ചലച്ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കപ്പെട്ടു.

പ്രമുഖ ഓസ്ട്രിയൻ എഴുത്തുകാരിയായ ക്രിസ്റ്റീന നോസ്റ്റിൻ ലൻജറുടെ ഒരു പുസ്തകശ്രേണിയെ ആധാരമാക്കി, ജൊഹാനസ് സ്കിമ്മദ് സംവിധാനം ചെയ്ത ചലച്ചിത്രമാണ് *ടെയിൽസ് ഓഫ് ഫ്രാൻസ്.* സമൂഹത്തിന്റെ ലിംഗ സങ്കൽപങ്ങളും ആ ചട്ടക്കൂടിൽ പ്പെടാത്തവരോട് സമൂഹം കാണിക്കുന്ന വിവേചനങ്ങളും ഒപ്പം യുട്യൂബർമാരുടെ ചൂഷണാധിഷ്ഠിത വിപണിവൽകൃത മാധ്യമ സൃഷ്ടികൾ കുട്ടികളിൽ ഏല്പിക്കുന്ന ആഘാതവുമാണ് ഈ ചലച്ചിത്രം ചർച്ച ചെയ്യുന്നത്. ഉയരക്കുറവും ഭീതിയുമുള്ള ഫ്രാൻസ്, ഒരു യുട്യൂബറുടെ പ്രചോദനത്താൽ സാമൂഹിക അംഗീകാരം ലഭിക്കുന്നതിനായി ശ്രമിക്കുന്നു. ഒടുവിൽ താൻ പോകുന്നത് തെറ്റായ വഴിക്കാണെന്നും സാമൂഹിക അംഗീകാരം നേടി അനേക സുഹൃത്ത് ബന്ധങ്ങളാൽ വലയം ചെയ്യപ്പെടുന്നത് നിരർത്ഥകമാണെന്നും ഉത്തമ സുഹൃത്തുക്കളുമായുള്ള ബന്ധം സജീവമാക്കി നിലനിർത്തലാണ് സാംഗത്യമുള്ള കാര്യം എന്നും തിരിച്ചറിയുന്നതോടെ ചലച്ചിത്രം സമാപിക്കുന്നു. ബാഹ്യമോടിക്ക് പുറകെയുള്ള സമൂഹത്തിന്റെ അർത്ഥശൂന്യമായ പ്രയാണത്തെയും അതിനെ ചൂഷണം ചെയ്യുന്ന സാമൂഹിക മാധ്യമങ്ങളെയും ഈ ചലച്ചിത്രം യഥോചിതം ചിത്രീകരിക്കുന്നു.

പീറ്റർ സർ സിർസ്കി സംവിധാനം ചെയ്ത കുട്ടികൾക്കുള്ള ആനിമേഷൻ ചലച്ചിത്രമാണ് *ജേർണി ടു യുവർ ലാന്റ്.* ധാതുവിഭവ ശോഷണത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും നിർമ്മിത ബുദ്ധിയുടെയും പ്രശ്നങ്ങൾ ഒരു സാങ്കല്പിക കഥയിലൂടെ അതിഭാവനയിൽ ചാലിച്ച് ആവിഷ്ക്കരിക്കുന്ന ചലച്ചിത്രമാണ് ഇത്. കുട്ടികളെ ഇത്തരം പ്രശ്നങ്ങളെപ്പറ്റി പരിചയപ്പെടുത്തുക, അവരെ ശുഭാപ്തിവിശ്വാസമുള്ളവരാക്കുക, മനുഷ്യനന്മയിൽ വിശ്വസിക്കുന്നവരാക്കുക എന്ന ലക്ഷ്യങ്ങളെല്ലാം ഈ ചലച്ചിത്രത്തിലൂടെ സംവിധായകൻ പ്രാപ്തമാക്കുന്നുണ്ട്. ഒരു കെട്ടുകഥയാണെങ്കിലും മഹാകാവ്യങ്ങളെപ്പോലെ രസച്ചരട് പൊട്ടാതെയുള്ള ആവിഷ്കാരരീതിയാണ് ചലച്ചിത്രം പിൻതുടരുന്നത്. യുവർ ലാന്റ് എന്ന നാട്ടിൽ എത്തിപ്പെടുന്ന റിക്കി, എമ്മ എന്ന രാജകുമാരിയുമായും ടി.ഡി. ലിങ് എന്ന സൈന്യാധിപനായ കുങ്ങനുമായും കണ്ടുമുട്ടുന്നതോടെയാണ് കഥയുടെ വഴിത്തിരിവ് ആരംഭിക്കുന്നത്. കൃത്രിമ ഹൃദയ

ത്തിനായുള്ള അവരുടെ അലച്ചി ലിനൊടുവിൽ അത് കരഗതമുള്ള റിക്കിയുമായി സന്ധിക്കുന്നതോടെ കഥയുടെ സംഘർഷാവസ്ഥ മറ്റൊരു വിതാനത്തിൽ എത്തുന്നു. ഈ സംഘർഷാവസ്ഥയുടെ പൂരണമാണ് തുടർന്നുള്ള കഥ. നാടകീയത, ഫ്ളാഷ്ബാക്കുകൾ തുടങ്ങിയവയെല്ലാം യോഗ്യമായ അളവിൽ ചലച്ചിത്രം ഉപയോഗപ്പെടുത്തുന്നു. തീർത്തും ബാലസൗഹാർദ്ദമായ ഒരു ചലച്ചിത്രമായി ജേർണി ടു യുവർ ലാന്റ് മാറുന്നു.

രണ്ടു ഖണ്ഡങ്ങളുള്ള അഫ്ഷൻ ഹഷീം സംവിധാനം ചെയ്ത ഇറാനിയൻ ചലച്ചിത്രമാണ് *സീ ബോയ്സ്.* ആദ്യ ഖണ്ഡത്തിൽ ഇറാനിലെ ഉത്തരദിക്കിൽ താമസിക്കുന്ന അച്ഛൻ മരിച്ച ഒരു കുട്ടിയുടെ കഥ പറയുന്നു. നല്ലൊരു ഗുസ്തിക്കാരനായി വളർന്നുവരുന്ന ഈ കുട്ടി, തന്നെ ഉപയോഗിച്ച് വാതുവെയ്ക്കുന്ന തന്റെ യജമാനനിൽ നിന്ന് സാമ്പത്തികമായി ചൂഷണം ചെയ്യപ്പെടുന്നു. അവന്റെ അമ്മ വേറെ വിവാഹം കഴിച്ചതിനാലും അവരുടെ ഭർത്താവ് കുട്ടിയുടെ സ്വാധീനം ഇഷ്ടപ്പെടാത്തതിനാലും അവൻ വൈകാരികമായും അസ്വസ്ഥത അനുഭവിക്കുന്നുണ്ട്. ഒടുവിൽ വാതുവെയ്പുകാരനായ തന്റെ യജമാനനിൽനിന്ന് പകുതി വിഹിതം വാക്കാൽ ഉറപ്പിച്ചു വാങ്ങുന്നതിൽ ചലച്ചിത്രം സമാപിക്കുന്നു.

സ്കൂളിൽ പോകേണ്ട പ്രായത്തിൽ ബാലവേലയ്ക്ക് തുല്യമായ ഗുസ്തി മത്സരങ്ങളിലെ പന്തയക്കോഴിയാകേണ്ടി വരുന്ന ഒന്നാംഖണ്ഡത്തിലെ കഥാനായകന് അതിന് കാരണമായി മാറുന്നത് തന്റെ പിതാവിന്റെ മരണം മൂലമുണ്ടാകുന്ന സാമൂഹിക സാഹചര്യങ്ങളാണ്. ഇറാനിയൻ സമൂഹത്തിൽ മാത്രമല്ല മൂന്നാം ലോക രാജ്യങ്ങളിലെല്ലാമുള്ള കുടുംബ സമ്മർദ്ദം മൂലമുണ്ടാകുന്ന ബാലവേല എന്ന പ്രശ്നം ചലച്ചിത്രത്തിന്റെ ഒന്നാം ഖണ്ഡം അനാവരണം ചെയ്യുന്നു.




രണ്ടാംഖണ്ഡത്തെ ദക്ഷിണദിക്കിൽ താമസിക്കുന്ന അമ്മ മരിച്ച ഒരു കുട്ടിയുടെ കഥയാണ് ചിത്രീകരിക്കപ്പെടുന്നത്. തുടക്കത്തിൽ ബാലവേലയെടുക്കേണ്ടിവരുന്നുണ്ടെങ്കിലും തുടർന്ന് ഇവിടെ നായകൻ സ്കൂളിൽ ചേർക്കപ്പെടുന്നു. ഇവിടെ മംഗല്യസൗഭാഗ്യമില്ലാതെ നിൽക്കുന്ന ഒരു യുവതിയും ഈ കുട്ടിയുമായുള്ള ബന്ധമാണ് ആഖ്യാനം ചെയ്യപ്പെടുന്നത്. യുവതിയെ കല്യാണം കഴിപ്പിക്കാൻ പല ശ്രമങ്ങളും കുട്ടി നടത്തുന്നു. അതിലെല്ലാം പരാജയപ്പെടുന്നു. ഒടുവിൽ അച്ഛനെ കല്യാണം കഴിച്ച് തന്റെ അമ്മയാകാമോ എന്ന് യുവതിയോട് ആരായുന്നു. സമ്മതം മൂളുന്ന യുവതിക്ക് ആകർഷകമായ ചെരുപ്പ് വാങ്ങാനുള്ള ശ്രമത്തിൽ പരാജിതനാകുന്ന കുട്ടി, ഒടുവിൽ ചെരുപ്പ് മോഷ്ടിച്ച് ഒളിച്ചോടുന്നു. യുവതി അവനെ കണ്ടെത്തുന്നതിലൂടെ കഥ പരിസമാപ്തമാകുന്നു. മാതൃ-പുത്രബന്ധത്തിന്റെ മറ്റൊരു തലമാണ് ചലച്ചിത്രത്തിൽ ചിത്രീകരിക്കപ്പെടുന്നത്. ഒപ്പം വിവാഹപ്രായമായിട്ടും മംഗല്യഭാഗ്യം ലഭിക്കാത്ത സ്ത്രീഹൃദയങ്ങളുടെ ഗദ്ഗദങ്ങളും ഈ ചലച്ചിത്രഖണ്ഡം ഛായാഗ്രഹിണിയിൽ ഒപ്പിയെടുക്കുന്നു.

ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ച നോർവീജിയൻ ചലച്ചിത്രമാണ് *സിസ്റ്റർ ദി സമ്മർ വീ ഫൗണ്ട് അവർ സൂപ്പർ ഹീറോസ്.* ഈ ചലച്ചിത്രം കുട്ടികളുടെ ഒരു സാഹസിക ഗാഥയാണ്. ബില്ലി എന്ന കുസൃതിക്കുരുന്നായ അഞ്ചു വയസ്സുകാരിയും അവരുടെ മൂത്ത സഹോദരിയും പിതാവുംകൂടി നിറയെ മലനിരകളുള്ള നോർവീജിയൻ വനാന്തരത്തിലേക്ക് ഒരു സാഹസികയാത്ര നടത്തുന്നു. യാത്രയ്ക്കിടയിൽ അവരുടെ പിതാവ് അല്പം ആഴമുള്ള ഒരു ഗർത്തത്തിലേക്ക് വീഴുന്നു. വിജനമായ ആ പ്രദേശത്ത്, കുട്ടികൾ ഗ്രാമത്തിലേക്കുള്ള വഴിയറിയാതെ കുഴങ്ങുന്നു. ഏതാനും ദിനങ്ങൾക്ക് ശേഷം ഒടുവിൽ അവർ വളരെ ബുദ്ധിമുട്ടി ഗ്രാമത്തിൽ എത്തിച്ചേരുന്നു. പക്ഷേ, അവിടെ ഉണ്ടായിരുന്നത് ഓർമ്മയ്ക്ക് അവശത നേരിടുന്ന ഒരു വൃദ്ധയായിരുന്നു. തുടർന്ന് അവർ തന്ന കപ്പിയും കയറുമെടുത്ത് വൃദ്ധ പറഞ്ഞു കൊടുത്ത വഴിയിലൂടെ കാനനത്തിലെത്തി. പിതാവിനെ രക്ഷിക്കുന്നതോടെ ചലച്ചിത്രാഖ്യാനം സമാപ്തമാകുന്നു. ധ്വന്യാർത്ഥങ്ങളോ, രാഷ്ട്രീയ വ്യാഖ്യാനങ്ങളോ ചിഹ്നശാസ്ത്ര സംവാദങ്ങളോ

ഇല്ലാത്ത ലളിതമായി കഥ പറഞ്ഞു പോകുന്ന ചലച്ചിത്രമാണിത്. ബാലമനസ്സുകളിൽ ശുഭാപ്തിവിശ്വാസം സംരൂഢമാക്കുക, ഏതു പ്രതിസന്ധിഘട്ടത്തെയും നേരിടാനുള്ള ശക്തി മനുഷ്യനിലുണ്ടെന്നും ബോധ്യപ്പെടുത്തുക എന്നീ ധർമ്മങ്ങൾ സിനിമയിൽ നിർവ്വഹിക്കപ്പെടുന്നു.

കമിയേൽ ഷുവനീയർ സംവിധാനം ചെയ്ത ഡച്ച് ചലച്ചിത്രമാണ് *ബിഗ്മാൻ*. ഡെയ്‌ലൻ എന്ന ബാലനായ ഫുട്ബോൾ കളിക്കാരന് അപകടത്തിൽപ്പെട്ട് തന്റെ കായികക്ഷമത നഷ്ടമാകുന്നു. തുടർന്ന് കായികക്ഷമത വീണ്ടെടുക്കാനായി ഡെയ്‌ലൻ നടത്തുന്ന പോരാട്ടങ്ങളും ഒടുവിൽ ഭിന്നശേഷിക്കാരുടെ ബാസ്ക്കറ്റ്ബോൾ കളിക്കാരനായി അവൻ മാറുന്നതുമാണ് ഈ ചലച്ചിത്രത്തിന്റെ കഥാസാരം. തന്റെ സ്വപ്നത്തിന് അപ്രതീക്ഷിതമായ കനത്ത തിരിച്ചടി നേരിട്ടിട്ടും അതിൽനിന്ന് പിന്മാറാൻ ഡെയ്‌ലൻ തയ്യാറാകുന്നില്ല. സ്വപ്നം മറ്റൊരുതരത്തിൽ പൂവണിയുന്നതുവരെ അയാൾ തന്റെ പോരാട്ടം തുടരുന്നു. ബാലമനസ്സുകളിൽ അനന്തമായ ആത്മവിശ്വാസത്തിന്റെയും ലക്ഷ്യബോധത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും അങ്കുരങ്ങൾ നാമ്പെടുക്കുവാൻ ഏറ്റവും ഉപയുക്തമായ ചലച്ചിത്രമാണ് *ബിഗ്മാൻ*. നെതർലാന്റിന്റെ വിദ്യാഭ്യാസ–സാംസ്കാരിക പശ്ചാത്തലവും ദൃശ്യങ്ങളുടെ നയനമനോഹരമായ ഛായാഗ്രഹണ പാടവവും ഈ ചലച്ചിത്രത്തിന്റെ മൂല്യം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. ഡെയ്‌ലിന്റെ ശാരീരികാവസ്ഥ സുദൃഢമായ കുടുംബബന്ധത്തിലും സുഹൃദ്ബന്ധത്തിലും വിള്ളലുകൾ വരുത്തുന്നുണ്ടെങ്കിലും ചലച്ചിത്ര വികാസത്തിൽ ആ വിള്ളലുകൾ ചാരുശില്പങ്ങളായി പരിണമിക്കുന്നു.

മുഹമ്മദ് ഇൽ അബൗഡിയുടെ മൊറോക്കൻ ചലച്ചിത്രമാണ് മേളയിൽ പ്രദർശിപ്പിച്ച മറ്റൊരു ചിത്ര




മായ *സ്കൂൾ ഓഫ് ഹോപ്*. വർഷങ്ങളായി മഴ പെയ്യാത്ത മൊറോക്കയിലെ കിഴക്കൻ അറ്റ്ലസ് പർവ്വത മരുഭൂമിയിലെ മനുഷ്യരുടെയും കന്നുകാലികളുടെയും യഥാർത്ഥ ജീവിത കഥ, ഈ ഡോക്യുമെന്ററി ചലച്ചിത്രം അനാവരണം ചെയ്യുന്നു. ഊഷരമായ മരുഭൂമിയിൽ വെള്ളത്തിനായി കിലോമീറ്ററുകൾ താണ്ടിയുള്ള പ്രയാണം, കാത്തിരിപ്പ് തുടങ്ങിയ പാരിസ്ഥിതിക പ്രതിസന്ധികൾ ഒരു വഴിക്ക് ദൃശ്യവത്കരിക്കുമ്പോൾ അവികസിത രാജ്യങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസപരമായ ദശാസന്ധികൾ മറ്റൊരു പാതയിലൂടെ ഡോക്യുമെന്ററി വിഷയമാക്കുന്നു. വിദ്യാഭ്യാസത്തിനായി കിലോമീറ്ററുകൾ കാൽനടയായും കഴുതപ്പുറത്തും താണ്ടുന്ന വിദ്യാർത്ഥികളുടെ സഹിഷ്ണുതാശേഷി നാം അനുധാവനം ചെയ്തില്ലെങ്കിലും അംഗീകരിക്കേണ്ടതാണ്. ഇതിൽ മൂന്നു കഥാപാത്രങ്ങളുടെ ജീവിതകഥ അവതരിപ്പിക്കുന്നുണ്ട്. ദരിദ്രരാജ്യങ്ങളിലെ യാഥാസ്ഥിതിക ഇസ്ലാമിക കുടുംബങ്ങളിൽ ദൃശ്യമാകുന്ന സ്ത്രീ വിദ്യാഭ്യാസത്തിനെതിരായ ഒരു സാമൂഹിക പശ്ചാത്തലമാണ് ഫാത്തിമ എന്ന കഥാപാത്രത്തിന്റെ ജീവിതകഥയിലൂടെ ഇതൾ വിരിയുന്നത്. ഒടുവിൽ ഫാത്തിമ സാമൂഹിക സാഹചര്യങ്ങൾക്ക് കീഴടങ്ങേണ്ടി വരുന്നുണ്ടെങ്കിലും ആ കീഴടങ്ങൽ ഏറെ പോരാട്ടങ്ങൾക്ക് ശേഷമാണ്. കുടുംബത്തിലെ ദാരിദ്ര്യം മൂലം വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിവരുന്ന അവികസിത രാജ്യങ്ങളിലെ വിദ്യാർത്ഥികളെ മിലൂദ് എന്ന കഥാപാത്രം പ്രതിനിധാനം ചെയ്യുന്നു. ഒരു വർഷം പഠനം മുടങ്ങിയ മുഹമ്മദ് എന്ന വിദ്യാർത്ഥി അദ്ധ്യാപകന്റെ നിർബന്ധത്താൽ വീണ്ടും പഠനം തുടരുന്നു. കിലോമീറ്ററുകൾ താണ്ടിയുള്ള യാത്രാക്ലേശം ലഘൂകരിക്കാൻ അവൻ സൈക്കിൾ വാങ്ങുന്നു. നഗരത്തിലേക്ക് അവന്റെ പഠനം മാറ്റുന്നതോടെ അവനെ കാത്തിരിക്കുന്ന ശുഭകരമായ ഭാവിയുടെ സൂചന നൽകിക്കൊണ്ടാണ് ചലച്ചിത്രം സമാപിക്കുന്നത്. ഏറെ കാലിക പ്രസക്തിയുള്ള രംഗമാണ് ഏക അധ്യാപക വിദ്യാലയത്തിലെ അധ്യാപക–വിദ്യാർത്ഥി സംഭാഷണം. ഒരു കുട്ടി പഠിച്ച് പുറത്തുപോയി നഗരത്തിൽ അധ്യാപകനാകണമെന്ന് പറയുമ്പോൾ അധ്യാപകന്റെ അഭിപ്രായം മറിച്ചാണ്. പുറത്തുപോയി പഠിച്ച് നിങ്ങളുടെ സമൂഹത്തിൽ തിരിച്ചുവന്ന് ജോലി ചെയ്യണമെന്ന് പറയുന്നു.

മസ്തിഷ്ക ശോഷണം എന്ന് രാഷ്ട്രതന്ത്രജ്ഞർ പറയുന്നതും അവികസിത, വികസ്വര രാജ്യങ്ങളെ ബാധിച്ചിരിക്കുന്നതുമായ മാനുഷിക വിഭവ കയറ്റുമതി എന്ന സാമ്പത്തിക ദുരന്തത്തെപോലും മനസ്സിലാക്കി അതിനുള്ള പ്രതിരോധ വിത്ത് വിദ്യാർത്ഥികളിൽ പാകുകയാണ് നിസ്വാർത്ഥനായ അധ്യാപകൻ ഇവിടെ ചെയ്യുന്നത്.

ഗ്രാമത്തിലെ ഒരേ ഒരു ജലസ്രോതസ്സ് വറ്റുമ്പോൾ ജനങ്ങൾ ഗ്രാമം വിടാനാരംഭിക്കുന്നെങ്കിലും ഏകാധ്യാപക വിദ്യാലയത്തിലെ അധ്യാപകനും ഭൂരിഭാഗം വിദ്യാർത്ഥികളും ഗ്രാമം വിടുന്നില്ല. പ്രത്യാശ കൈവിടാതെ അവർ തങ്ങളുടെ

പ്രവർത്തനപഥത്തിൽ വ്യാപൃതരാകുന്നു. പ്രത്യാശയുടെ വിദ്യാലയം (School of Hope) എന്ന ചലച്ചിത്ര ശീർഷകം എത്ര അന്വർത്ഥമാണെന്ന് ഈ ചിത്രം ദൃശ്യവൽക്കരിക്കുന്നു.

മാർക്ക് ഷില്ലി ചെറ്റർ സംവിധാനം ചെയ്ത ജർമ്മൻ ചലച്ചിത്രമാണ് *അൽഫോൻസ് ജിറ്റർ ബിറ്റ്-ക്ലാസ് ട്രിപ്പ് കയോസ്*, ഈ ചിത്രം സമകാലീന കൗമാര യൂറോപ്യൻ ജീവിതം പ്രശ്നവത്കരിക്കുന്നു. നാണംകുണുങ്ങിയും ഭീരുവും ദൗർഭാഗ്യവാനുമായ അൽഫോൻസ്ജിറ്റർബിറ്റ് ഒരു ചരിത്രനിയോഗംപോലെ അതിസാഹസികമായ ഒരു കൃത്യം നടത്തി തന്റെ എതിരാളികളുടെ പോലും ആദരം പിടിച്ചുപറ്റി അതിമാനുഷ താരപദവി കൈവരിക്കുന്ന ചലച്ചിത്രമാണിത്. ചലച്ചിത്രത്തിന്റെ ആദ്യന്തം ദുരന്തങ്ങളും ദൗർഭാഗ്യങ്ങളും അൽഫോൻസിനെ പിന്തുടരുന്നു. തന്റെ ക്ലാസ് വിനോദയാത്രയുടെ ദിവസം  നേരം വൈകി എഴുന്നേൽക്കുന്നതുമൂലം തിടുക്കത്തിലുള്ള ഒരുക്കലിൽ അമ്മയുടെ സ്യൂട്ട്കേസ് മാറിയെടുക്കുന്നതിൽ തുടങ്ങുന്ന ആ പരാജയം, മലകയറ്റത്തിൽ ഭീരുവായി തിരിച്ചിറങ്ങുന്നതിലും പാറക്കഷണങ്ങൾ തലയിൽ വീണ് മണിക്കൂറുകൾ അബോധാവസ്ഥയിൽ കിടക്കുന്നതിലും തുടരുന്നു. ഇതിനിടയിൽ അൽഫോൻസ് ഗേറ്റ് തുറന്നിട്ടതുമൂലം മുൻകോപിയായ അധ്യാപകൻ ഓടും പന്തിൽ കയറി പുഴയിൽ വീഴുന്നതിനും അൽഫോൻസ് കാരണമായി ഭവിക്കുന്നു. അൽഫോൻസിന്റെ മുഖ്യശത്രുവായ നികോയുമായുണ്ടായ പന്തയത്തിൽ ഏൽക്കേണ്ടിവന്ന പ്രഹരം, അമിത പുകവമിക്കുന്ന ജീപ്പുകാരനെ ചോദ്യം ചെയ്യുമ്പോൾ ലഭിക്കുന്ന തിരിച്ചടി, സൂപ്പിൽ അമിതമായ അളവിൽ മുളകുപൊടി വീണതുമൂലം നികോയുമായുണ്ടായ പ്രശ്നം, തുടർന്നുണ്ടാ പകവീട്ടലിൽ അധ്യാപകന്റെ




മുഖത്ത് സൂപ്പ് വീഴാനിടയായ സംഭവം ഇങ്ങനെ നീളുന്ന ദുരന്തങ്ങൾ അധ്യാപകൻ അൽഫോൻസിനെ വിനോദയാത്രയിൽനിന്ന് പുറത്താക്കാനുള്ള നടപടിയിലേക്ക് വരെ നീളുന്നു. ചലച്ചിത്രാന്ത്യത്തിൽ നികോയെ പഴകിയ റോപ് വേയിൽനിന്ന് കിലോമീറ്ററുകൾ ആഴമുള്ള മലയിടുക്കിൽനിന്ന് ജീവൻ പണയംവെച്ച് രക്ഷിച്ച് അൽഫോൻസ് വീരനായകനാകുന്നു. കുട്ടികൾക്കായി നിർമ്മിച്ച ഈ ചലച്ചിത്രം അവർക്കായി ശുഭാപ്തികരമായ ഒരു സന്ദേശം നിഗൂഹനം ചെയ്തിരിക്കുന്നു. താനൊരു ദുരന്തനായകനാണെന്ന് അൽഫോൻസ് തന്നെ പലപ്പോഴും ആത്മഗതം ചെയ്യുന്നുണ്ട്. എന്നിട്ടും ഉയരങ്ങളെ ഭയക്കുന്ന അക്രോഫോബിക്കായ ദൗർഭാഗ്യവാനും പലപ്പോഴും നിരാശനും ചുറുചുറുക്കില്ലാത്തവനുമായ അൽഫോൻസ് വേണ്ടിവന്നു ധൈര്യശാലിയും സാമർത്ഥ്യക്കാരനുമായ നികോയെ രക്ഷിക്കാൻ. താൻ ഏറ്റവും ഉപദ്രവിച്ച അൽഫോൻസ് തന്നെ തന്റെ ജീവിതത്തിലെ ഏറ്റവും തന്ത്രപ്രധാനമായ ഒരു സമയത്ത് തന്റെ രക്ഷകനായി എത്തുമെന്ന് നീനോ സ്വപ്നരൂപേ നിരൂപിച്ചിരിക്കില്ല. പലപ്പോഴും കാലത്തിന്റെ കയ്യിലെ കളിപ്പാവകളാണ് നാം എന്ന വസ്തുത ഈ ചലച്ചിത്രം അടിവരയിടുന്നു.

ബാലന്മാരായ രണ്ട് കുറ്റാന്വേഷകരുടെ കഥയാണ് *ഡിറ്റക്ടീവ് ഏജൻസ് ഹെനക്ക & ക്കിവിമുട്ക* എന്ന ജാക്കോ ഫെലിൻ സംവിധാനം ചെയ്ത ഫിനിഷ് ചിത്രം. കുട്ടികളിൽ കുറ്റാന്വേഷകരാകാനുള്ള വാസന വളർത്തുക, അവർക്ക് പ്രാപ്യമായ ചെറിയ കേസുകളുടെ അന്വേഷണത്തെപ്പറ്റി അവരെ ബോധവത്കരിക്കുക, ഒപ്പം അവരുടെ പരിമിതികളും പരാധീനതകളും മറികടന്ന് ആത്മധൈര്യമുള്ളവരായി ജീവിതത്തെ നേരിടാൻ അവരെ പ്രാപ്തരാക്കുക തുടങ്ങിയ ഉദ്ദേശലക്ഷ്യങ്ങളോടെ നിർമ്മിക്കപ്പെട്ട ചലച്ചിത്രമാണത്. കുറ്റാന്വേഷണത്തിന് പ്രായമോ വിദ്യാഭ്യാസനിലവാരമോ പ്രശ്നമല്ലെന്ന് തെളിയിക്കുന്നു. വിദ്യാർത്ഥികളെ പരിസരങ്ങളിലൂടെ തീവ്രനിരീക്ഷകരും പ്രശ്നനിവാരകരുമായി വളർന്നു വരാൻ ഈ ചലച്ചിത്രം ഉദ്ബോധിപ്പിക്കുന്നു.

കുട്ടികൾക്കായി കുട്ടികളെ കേന്ദ്രകഥാപാത്രങ്ങളാക്കി നിർമ്മിക്കുന്ന കുറ്റാന്വേഷണ ചലച്ചിത്രങ്ങൾ സമാന്തര സിനിമാരംഗത്ത് കുറവാണെന്ന് കാണാം. അത്തരത്തിലും ഈ ചലച്ചിത്രം, ചലച്ചിത്രചരിത്രത്തിൽ മാറ്റത്തിനും പുതുമയ്ക്കും നാന്ദികുറിക്കുന്നു. പൊതുവഴിയിൽ കിടക്കുന്ന മഴുവും ഒരു സ്ത്രീയുടെ പാന്റിയുമാണ് ഹെനക്കെയുടെയും കിവി മുട്കയുടെയും അന്വേഷണത്തിന് ആരംഭം കുറിക്കുന്നത്. തുടർന്ന് വീടുകളിലെ തപാൽ പെട്ടികൾ കാണാതാകുന്നതും അന്വേഷണത്തിന്റെ ദിശ മാറുന്നതിന് കാരണമാകുന്നു. തപാൽപെട്ടി മോഷ്ടാക്കൾ ആക്രമിക്കാൻ വരുന്നെങ്കിലും സഹായത്തിനെത്തുന്ന വ്യക്തി രക്ഷകനാകുന്നു. മോഷ്ടാക്കളെ പിടികൂടിയതിന് പോലീസിന്റെ അംഗീകാരം ലഭിക്കുന്നു. മഴുവിൽ കണ്ട രക്തം പെയിന്റാണെന്നും

യാത്ര ചെയ്യുമ്പോൾ മഴു പുറത്തു വീണതാണെന്നും വഹാര ഹേ റ എന്ന് ആരോപിതനായ വ്യക്തി മൊഴി നൽകുന്നു. ഉയരങ്ങളെ ഭയക്കുന്ന ഹെനക്കയ്ക്ക് തപാൽ പെട്ടി തിരികെ കണ്ടുപിടിച്ചു നൽകിയതിന് ആകാശ ബലൂൺ യാത്ര വാഗ്ദാനം നൽകുന്നു. തന്റെ ഭയത്തെ മറിടന്ന് ഹെനക്ക അത് നിർവ്വഹിച്ച് തന്റെ അനുഭവകഥ ക്ലാസ്സിൽ വായിക്കുന്നതോടെ കഥ അവസാനിക്കുന്നു. ശുഭപര്യവസായിയായ ചിത്രം ഒറ്റനോട്ടത്തിൽ കുട്ടികളെ ആകർഷിക്കുന്നതും അവർക്ക് ചില സാമൂഹിക ദാർശനിക മൂല്യങ്ങളും പാരിസ്ഥിതികൾ കാഴ്ചകളും പകരുന്നതുമാണ്.

2020ൽ സമാരംഭിച്ച ബേഡ് ബോയ് മൂവ്മെന്റിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് സോറയാസ് പ്രാപ്പൻ സംവിധാനം ചെയ്ത തായ്‌ലന്റൻ ചലച്ചിത്രമാണ് 'അർണോൾഡ് ഈസ് എ മോഡൽ സ്റ്റുഡന്റ്', തായ്‌ലന്റിലെ അച്ചടക്ക രീതികൾക്കെതിരെയും അധികാര ദുർവിനിയോഗങ്ങളെയും ഈ ചലച്ചിത്രദൃഷ്ടിഗോചരമാക്കുന്നു. ഒപ്പം വിദേശപഠനത്തിനായി കുട്ടികളെ ഒരുക്കുന്ന സ്വകാര്യ വിദ്യാഭ്യാസ ഏജൻസികൾ കാട്ടിക്കൂട്ടുന്ന നീതിവിരുദ്ധമായ നടപടികൾ ഈ ചിത്രം പ്രകാശനം ചെയ്യുന്നു.

മിത്യ എന്ന 8 വയസ്സുകാരനായ ആൺകുട്ടിയെ കേന്ദ്രകഥാപാത്രമാക്കി നതാലിയ ലബിഡേവ സംവിധാനം ചെയ്ത റഷ്യൻ ചലച്ചിത്രമാണ് *ഫിയോഡോസിയൻ ഫെയറി ടെയിൽ*. മിത്യ പിതാവിനോടൊപ്പം തറവാട്ടു വീട്ടിലെ മുത്തച്ഛന്റെ അടുത്തെത്തി അവിടെ കാണാനിടയായ ഗ്രന്ഥത്തിൽ ആകൃഷ്ടയാക്കുന്നു. ആ മാന്ത്രിക പുസ്തകം വായിക്കാനാരംഭിച്ചതിലൂടെ അവളുടെ ഭാവന ചിറകുവിടർത്തി അത്ഭുത നാട്ടിലേക്ക് അവളെ കൂട്ടിക്കൊണ്ടു പോകുന്നു. യഥാർത്ഥ കഥയിലും ഭാവനാകഥയിലും കഥാകാരൻ ഒളിപ്പിച്ചു വെയ്ക്കുന്ന മിച്ചമൂല്യം എന്ന മുത




ലാളിത്ത സങ്കല്പത്തെക്കുറിച്ചുള്ള -വിമർശനം, ഏറെ ശ്രദ്ധേയമാണ്. മിച്ചമൂല്യം സ്വന്തമാക്കാൻ മിത്യയുടെ പിതാവ് തറവാട് വിൽക്കാൻ ഒരുങ്ങുന്നു. ഭാവനാകഥയിലെ രാജ്ഞി മിച്ചമൂല്യത്തിന്റെ വർദ്ധനയാൽ കരഗതമാകുന്ന സുഖഭോഗ സംസ്കാര ജീവിതത്തിന്റെയും വിപണി വെച്ചു നീട്ടുന്ന ബാഹ്യശരീര സൗന്ദര്യത്തിന്റെയും ആരാധികയാണ്. ബാഹ്യസൗന്ദര്യത്തിലൂടെ അധികാരം പിടിച്ചടക്കി അവൾ രാജ്യം ഭരിക്കുന്നു.

മിത്യ ഇടയ്ക്കിടെ യഥാർത്ഥ ലോകത്തേയ്ക്ക് തിരിച്ചുവരുന്നുണ്ട്. ഒടുവിൽ അവൾക്ക് മാരകമായ മസ്തിഷ്കരോഗം പിടിപെടുന്നു. രോഗസൗഖ്യമുണ്ടാകുമ്പോൾ തറവാട് വിൽക്കാതെ തന്റെ പിതാവിനോടൊപ്പം താമസിക്കാൻ തീരുമാനിക്കുന്നു. ഭാവനാലോകത്ത് വിഷാദഗ്രസ്തമായ നന്മയുള്ള രാജ്യത്ത് ആനന്ദം തിരിച്ചുവരുന്നതായും ചിത്രീകരിക്കുന്നു. എന്തായാലും കുട്ടികൾക്ക് സ്വകാര്യമൂലധനം, മിച്ചമൂല്യം/വിപണിയുടെ അനിയന്ത്രിത മത്സരം, ലാഭമോഹം, സാമൂഹ്യ നീതിനിരാസം, സ്വാർത്ഥ പ്രേരിതമായ അധികാര മത്സരങ്ങളുടെ നിരർത്ഥകത എന്നിവയുടെ ദുർഗ്രഹമായ വ്യാഖ്യാനങ്ങൾക്ക് ഇടനൽകാതെ ഒരു കല്പിതകഥയിലൂടെ ആശയധാരകൾ ഗ്രാഹ്യമാക്കാൻ ഈ ചലച്ചിത്രം ഇടനൽകുന്നു.

സമകാലീന ലോകസിനിമ വിഭാഗത്തിൽ പ്രദർശിപ്പിച്ച മറ്റ് ചിത്രങ്ങൾ അലൈയ്ൻ ഉഗ്ഹോട്ടോ സംവിധാനം ചെയ്ത ഇറ്റലിയിൽ നിന്നുള്ള ആനിമേഷൻ ചലച്ചിത്രം *നോ ഡോഗ്സ് ഓർ ഇറ്റാലിയൻ അലൗഡ്*, ചെക്ക് റിപ്പബ്ലിക്കിൽ നിന്നുള്ള സുഡാൻ റാപോസ് സംവിധാനം ചെയ്ത *ദി സീക്രട്ട് ഓഫ് ടു ഹെഡഡ് ഡ്രാഗൺ*, ഗുജറാത്തിൽനിന്നുള്ള പാൻ നളിൻ സംവിധാനം ചെയ്ത ഇന്ത്യൻ




ചലച്ചിത്രം *ചെ ചെല്ലാഷോ*, ഇറാനിൽ നിന്നുള്ള അൽറീസ മുഹമ്മദി റൗസ ബെന്നിയുടെ *സിങ്കോ*, ഹുസൈൻ ഗിനാട്ടിന്റെ *ബോറോഡ് പാരന്റ്സ്*, ഇസ്രയേലിൽ നിന്നുള്ള കബീരിയുടെ *സാന്റ് ഫ്ളൈക്സ്*, റഷ്യയിൽ നിന്നുള്ള അലക്സാണ്ടർ ഗലീബിന്റെ *മൈ ലിറ്റിൽ സിസ്റ്റർ* എന്നിവയാണ്.

ചുരുക്കത്തിൽ ശിശുക്കൾക്ക് ഗ്രാഹ്യമായ ആനിമേഷൻ ചിത്രങ്ങൾ മുതൽ വ്യത്യസ്ത ജനുസ്സുകളിൽ നിന്നും വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുമുള്ള നിലവാരമുള്ള ചലച്ചിത്രങ്ങളാൽ അനുഗൃഹീതമായിരുന്നു തൃശൂരിൽ നടത്തപ്പെട്ട അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ ലോക സിനിമാവിഭാഗമെന്ന് നിസ്സംശയം പറയാം.



*"In nature nothing exists alone."*
*- Rachel Carson*

# പ്രകൃതി : വിചാരം, ആവിഷ്കാരം, അനുഭൂതി
## ചലച്ചിത്ര സങ്കൽപ്പങ്ങളിലൂടെ



**സന്ദീപ് ശരവണൻ**

എന്റെ കൺമുന്നിൽ നടന്ന ഒരു മഹാദുരന്തമുണ്ട്. അതിന്റെ ഓർമകളുടെ ആഘാതം വെളിപ്പെടുത്തുവാനാവുന്നതിലുമപ്പുറമാണ്. ഇടയ്ക്ക് ഞാൻ ആ ദുരന്തത്തിന്റെ രക്തസാക്ഷികളെക്കുറിച്ചോർക്കും. അന്നേരം എനിക്ക് തോന്നും ആ ദുരന്തം ഒട്ടും വ്യക്തിപരമല്ലെന്ന്. അതൊരിക്കലും കെട്ടടങ്ങിയിട്ടില്ലെന്ന്. ഇനിയും എത്രയോപേർ ചങ്ങലക്കണ്ണികളെന്നപോൽ തീർന്നുപോയ രക്തസാക്ഷികൾക്ക് പുറകേ ഇതേ ദുരന്തത്തിൽ ഇരകളാവാൻ ബാക്കി നിൽക്കുന്നുണ്ടെന്ന്. ആയതിനാൽ പറയാൻ പോവുന്ന രാഷ്ട്രീയം കേവലം വെളിപ്പെടുത്തലല്ല എന്ന് പറയട്ടെ. ഒരു വെളിപ്പെടുത്തലിനുപകരം ഇതൊരു സമരമാണ്. തീർത്തും വ്യക്തിപരമല്ലാത്ത ആ ദുരന്തത്തിന്റെ ഇതിവൃത്തം ഇങ്ങനെയാണ്. നഗരത്തിൽനിന്നും ഏറെ ദൂരം മാറി, നിറയെ തോടുകളും മരങ്ങളും പൊന്തക്കാടുകളും കുളങ്ങളും നിറഞ്ഞ ഒരു നാട്ടുമ്പുറത്താണ് ഞാൻ ജനിച്ചത്. കാലക്രമേണ വേനലും മഞ്ഞും മഴയും വന്ന് പോയിരുന്നൊരു സ്ഥലം. ആളുകൾ സന്ധ്യയാവുന്നേരം സാമാന്യം വലുപ്പമുള്ള ജലചക്രങ്ങൾ തിരിച്ച് തങ്ങളുടെ കൃഷി സ്ഥലത്തേക്കാവശ്യമായ രീതിയിൽ വെള്ളമെത്തിയ്ക്കും. ആളുകളുടെ വിയർപ്പും തുടിപ്പും കലർന്ന് ഓരോ കൃഷി ഭൂമിയും വർഷാന്തരങ്ങളിൽ തുടം വെച്ച് നിൽക്കും. പലതരത്തിലുള്ള സസ്യങ്ങൾ ഭൂമിയെ പൊതിഞ്ഞു നിൽക്കും. ഇടവമാസമെത്തിയാൽ മണ്ണ് നനയും. നിറഞ്ഞ തോടുകളിൽനിന്ന് തവളകൾ നിർത്താതെ കരയും. ഇടയ്ക്കൊക്കെ പുൽപൊന്തകളിൽ ചേരപ്പാമ്പുകൾ ഇഴഞ്ഞുപോവുന്നത് കാണാം. ചീവീടുകൾക്കും സന്തോഷമാണ്. പിൻകാലു

കൾ ഉരസി അവയെല്ലാം ആരവം തീർക്കും.

എന്റെ ബാല്യത്തിന്റെ പാതിമുക്കാലും മനോഹരമായ ഈ ആവാസ വ്യവസ്ഥയിലായിരുന്നു. ഒരിക്കൽ പോലും അന്നത്തെ ആളുകൾ ഈ ജീവജാലങ്ങളെയോ അവയ്ക്ക് ചുറ്റുമുള്ള ഉർവരതയെയോ മറ്റൊന്നായി കണക്കാക്കിയിട്ടില്ല. ഏതോ ഒരു കാരണത്താൽ ഇവയൊക്കെയും തങ്ങളുടെ സമ്പത്താണിതൊക്കെയെന്ന് കരുതിപ്പോന്നു. കാലം അതിന്റെ പഴുതാരക്കാലുകൾ വച്ച് വേഗത്തിൽ കടന്നുപോയി. ബാല്യവും പിന്നിട്ട് ഞാൻ കൗമാരത്തിലെത്തി. പതുക്കെ പതുക്കെ തോടുകൾ, കുളങ്ങൾ, ചെറിയ കാടുകൾ ഒക്കെയും കാണാതെയായി. പത്ത് പതിനഞ്ചുകൊല്ലത്തിനുള്ളിൽ നാടിന്റെ ആകാരം തന്നെ മാറി. പുതിയ വീടുകൾ വന്നു. കമ്പനികൾ വന്നു. മനുഷ്യർക്കൊന്നും ഒരു മയവുമില്ലാതായി. ആളുകൾ വല്ലാതെ ഒതുങ്ങിപ്പോയി. കാവുകൾ കൊള്ളയടിക്കപ്പെട്ടു. അവയ്ക്കുള്ളിലെ സ്വകാര്യതകളിൽ രമിച്ചുമെതിച്ചിരുന്ന കമിതാക്കൾ ഇന്റർനെറ്റ് കഫെകൾ അന്വേഷിച്ച് പരക്കം പായാൻ തുടങ്ങി. ഞണ്ടുകളും കൊറ്റികളും വെരുകും ഉടുമ്പും ആമയും നീർക്കോലിയുമെല്ലാം അവശേഷിപ്പുകൾ മാത്രമായി തീർന്നു.

സ്വന്തം സ്വത്വമെന്നപോൽ ആവാസ വ്യവസ്ഥയെ സംസ്ക്കാരമായി കൊണ്ടുനടന്നവരുടെ പിൻതലമുറക്കാർ കമ്പോളത്തിന്റെ നശിച്ച മുറികളിലേക്കും നാഗരികതയുടെ ഏകാന്തതീവ്രമായ സ്ഥലികളിലേക്കും പറിച്ചുമാറ്റപ്പെട്ടു. നിരന്തരം രോഗങ്ങളാൽ ആളുകൾ മരിച്ചു പോയിക്കൊണ്ടിരുന്നു. എല്ലാം കെട്ടടങ്ങുകയായിരുന്നു.

എന്റെ യൗവനത്തിന്റെ ആദ്യപകുതിയിൽ നടന്ന ഈ മഹാവിപത്തിനെക്കുറിച്ചുള്ള വിഹ്വലതകളാണ് എന്നെ പിൽക്കാലത്ത് വളരെയധികം എഴുതുവാൻ പ്രേരിപ്പിച്ചത്. ഗൃഹാതുരത എന്റെയുള്ളിൽ തീ പോലെ പടർന്നു. ഓരോ ശ്വാസത്തിലും പ്രകൃതിയെക്കുറിച്ച് പറയുന്നത് വിപ്ലവമാണെന്ന് എന്റെ മനസ്സിൽ ഉറച്ചു.

പഴയകാലത്ത് എന്തെങ്കിലും ദുഃഖിക്കുവാനുള്ള കാരണമുണ്ടാവുമ്പോൾ ഞാൻ മഴപെയ്യുന്നതും കിളികൾ കരയുന്നതുമൊക്ക കേട്ടിരുന്നു. ഇന്ന് ആ പ്രകൃതി ഒക്കെയും കൊലചെയ്യപ്പെട്ടിരിക്കുന്നു. വലിയ വലിയ വീടുകൾ. ഒരുപാട് ദൂരം ഒഴിഞ്ഞു കിടക്കുന്ന വെറും സ്ഥലങ്ങൾ. അവയിൽ പഴയ ആക്രികൾ കൊണ്ട് തള്ളാൻ ആളുകൾ പടുത്തുവച്ച ചെറു ഗോഡൗണുകൾ. പ്രകൃതി എനിക്ക് എന്റെ ഹൃദയവേദനകളുടെ മരുന്നായിരുന്നു. പ്രകൃതി നശിച്ചപ്പോഴാണ് വാസ്തവത്തിൽ ഞാൻ കലകളെ ചേർത്തു പിടിച്ചത്.

പരിസ്ഥിതി മനുഷ്യകലാചരിത്രത്തിന്റെ ഭാഗമാവുന്നത് അത്യധികം പ്രകടമാണ്. മനുഷ്യന്റെ വിവിധ ചിന്താസരണികളിൽ പരിസ്ഥിതിയും പ്രകൃതിയും മാറി മാറി വരുന്നത് നമുക്ക് കാണാം. ചിത്രകലയാണ് മനുഷ്യൻ സൃഷ്ടിച്ച ആദ്യ കല. ആദിമ മനുഷ്യർ ശിലായുഗങ്ങളിൽ തങ്ങൾ ജീവിച്ചിരുന്ന ഗുഹാമുഖങ്ങളിൽ പ്രകൃതിയെ കുറിച്ച് വ്യക്തമായ അറിവുകൾ ഉൾപ്പെടുത്താവുന്ന ചിത്രങ്ങൾ വരച്ചിരുന്നു. മൃഗങ്ങളുടെയും മരങ്ങളുടെയും രൂപാരേഖകൾ പല ചരിത്ര നിരീക്ഷകരും ഇത്തരം ഗുഹകളുടെ ഭിത്തികളിൽ നിന്ന് കണ്ടെടുത്തിട്ടുണ്ട്. രചനയുടെ ഭാവനാവിശേഷമായ ആവിഷ്ക്കാരങ്ങൾ ഉണ്ടാവുന്നതോടെ സാഹിത്യത്തിലേയ്ക്ക് പ്രകൃതിയെപ്പറ്റിയുള്ള ബൗദ്ധിക ചിന്തകൾ പടർന്നെത്തി. പാശ്ചാത്യ പൗരസ്ത്യ സാഹിത്യങ്ങളിൽ പ്രകൃതിയും അവയെക്കുറിച്ചുള്ള ചിന്തകളും എഴുത്തുകാർ എഴുതിവച്ചു.

ഭാരതീയ സാഹിത്യത്തിൽ ഇതിനെക്കുറിച്ചുള്ള വിവിധങ്ങളായ ആവിഷ്കാരങ്ങൾ കാണുവാൻ സാധിക്കും. ഗദ്യത്തിൽ വിഷ്ണുശർമന്റെ പഞ്ചതന്ത്രം അടക്കമുള്ള ഗ്രന്ഥങ്ങളിൽ പ്രകൃതി ഏറെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. പഞ്ചതന്ത്രത്തിൽ മൃഗങ്ങളെ കഥാപാത്രങ്ങളാക്കി ഗുണപാഠ കഥകൾ പറയുന്നതിനാൽ അത് വായിച്ചിരുന്ന നമ്മുടെ പൂർവികർ പ്രകൃതിയുടെ ഭാഗമായ മൃഗങ്ങളെക്കുറിച്ചും അവയുടെ മഹത്വത്തെ കുറിച്ചും വലിയ രീതിയിൽ മനസ്സിലാക്കിയിരിക്കണം. പദ്യരൂപങ്ങളിൽ കാളിദാസൻ, വാത്മീകി, ശ്രീഹർഷൻ തുടങ്ങിയ സംസ്കൃത



കവികൾ പരിസ്ഥിതിയെ തങ്ങളുടെ കൃതികളിൽ മനോഹരമായി ആവിഷ്കരിച്ചിരുന്നു.

പാശ്ചാത്യ കലാസാഹിത്യങ്ങളിൽ പ്രകൃതിക്ക് സുപ്രധാനമായ പങ്കാനുള്ളത്. ആലങ്കാരികമായ തദ്ധനുരൂപികളായും ബിംബങ്ങളായും പ്രകൃതി ഇംഗ്ലീഷ് കവിതകളിലും സാഹിത്യത്തിലും നിറം പിടിച്ചു നിൽക്കുന്നു. വ്യവസായ വിപ്ലവത്തിനും ഫ്രഞ്ച് വിപ്ലവത്തിനും ശേഷം പാശ്ചാത്യ സാഹിത്യത്തിൽ രൂപപ്പെട്ട കാല്പനിക സാഹിത്യ പ്രസ്ഥാനത്തിൽ പ്രകൃതിക്ക് അനുപമമായ പങ്കുണ്ട്. പ്രമുഖ കാല്പനിക കവിയായ വേഡ്സ്വർത്ത് പ്രകൃതിയെ ഒരു മാതാവിനെപ്പോലെയാണ് കണ്ടിരുന്നത്. അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികളിൽ പ്രകൃതിയുടെ പ്രചോദനം ആഴത്തിൽ കാണാം. പിൽക്കാലത്ത് വേഡ്സ്വർത്ത് രൂപപ്പെടുത്തിയ ലിറിക്കൽ ബാലഡ് എന്ന പദ്യ സമാഹാരം ഇംഗ്ലീഷ് സാഹിത്യത്തിലെ തന്നെ ഒരു നാഴികക്കല്ലായി തീർന്നു. വ്യവസായ വിപ്ലവം പടുത്തുയർത്തിയ നാഗരിക സംസ്കാരം പ്രകൃതിയെ മറക്കാൻ പാശ്ചാത്യ ജനതയെ പ്രേരിപ്പിച്ചു. ആ മറവിക്കെതിരെയുള്ള രാഷ്ട്രീയവും ഓർമപ്പെടുത്തലുമായിരുന്നു ലിറിക്കൽ ബാലഡിന്റെ കടന്നു വരവ്.

പാശ്ചാത്യ ചിത്രകലകളിൽ പ്രകൃതി വളരെയധികം ആഘോഷിക്കപ്പെട്ടിട്ടുണ്ട്. ജർമൻ ചിത്രകാരനായ കാസ്പ്പർ ഡേവിഡ് ഫ്രഡ്റിക്കിന്റെ ലോകപ്രശസ്തമായ ചിത്രമാണ് The Wanderer Above the Sea Fog. ഈ പെയിന്റിംഗിലെ അനന്തമായ വിഹായസ്സിൽ നിസ്സീമമായ അതിരുകൾക്കെതിരെ പിന്തിരിഞ്ഞു ഒറ്റയ്ക്ക് നിൽക്കുന്ന യാത്രികന്റെ രൂപം അഗമ്യമായ സ്വാതന്ത്ര്യത്തിന്റെ അനുഭൂതി കാഴ്ചക്കാരന് പകർന്നു കൊടുക്കുന്നു. അമേരിക്കൻ സാഹിത്യകാരനായ ഹെൻറി ഡേവിഡ് തോറോവിന്റെ വാൽഡൻ പ്രകൃതിയുടെ അനന്തസാധ്യതകളെ വിളിച്ചോതുന്ന പുസ്തകമാണ്. പിന്നീട് ഇക്കോക്രിട്ടിസിസം എന്നറിയപ്പെടുന്ന ഒരു സാഹിത്യ ചിന്താധാരയ്ക്ക് തുടക്കം കുറിച്ചത് ഈ പുസ്തകമാണ്.



The Wanderer Above the Sea Fog






ഇത്തരം ഒരുപാടുദാഹരണങ്ങൾ ചരിത്രത്തിൽ നിന്നും കലയിൽ നമുക്കുദാഹരണങ്ങളായുണ്ട്. വാങ്കാരി മാതായ്, സുന്ദർലാൽ ബഹുഗുണ, കല്ലേൻ പൊക്കുടൻ പോലുള്ള നിരവധി പ്രകൃതി സ്നേഹികൾ സമരം ചെയ്തും പോരാടിയും സ്ഥാപിച്ചെടുത്തതായ രാഷ്ട്രീയമുണ്ട്. അതൊന്നും വിസ്മരിച്ചു കൂടാ. എല്ലാ കലകളിലുമെന്നപോലെ പ്രകൃതി അനവധി സിനിമകളിൽ ഭീകരവും മൃദുലവുമായ ഇമേജുകളായി കടന്നുവന്നിട്ടുണ്ട്.

മലയാള സിനിമകളിൽ ദൃശ്യപ്രകൃതിയെ വർണശബളമായി വരച്ചിട്ട സംവിധായകനാണ് ജി. അരവിന്ദൻ. അദ്ദേഹത്തിന്റെ 'കുമ്മാട്ടി', 'എസ്തപ്പാൻ,' 'ചിദംബരം' തുടങ്ങിയ സിനിമകളിൽ റിയലിസ്റ്റിക്ക് അനുഭൂതിയായി മുറിഞ്ഞും തെളിഞ്ഞും പ്രകൃതി പ്രത്യക്ഷപ്പെടുന്നു.

പത്മരാജന്റെ 'തൂവാനത്തുമ്പികളി'ലെ ക്ലാരയും മഴയും സ്ത്രീയും പ്രകൃതിയുമെന്ന ദൃശ്യസമപദങ്ങളുടെ വിളക്കിച്ചേർക്കലാവുന്നു. ബംഗാളി സിനിമകളിൽ പ്രകൃതി ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ്. ഋത്വിക്ക് ഘട്ടക്കിന്റെയും, സത്യജിത്ത് റേയുടെയുമെല്ലാം സിനിമകളിൽ അറിഞ്ഞോ അറിയാതെയോ കടന്നുവരുന്ന പ്രകൃതി ബിംബങ്ങൾ നിലനിന്നിരുന്ന മനുഷ്യസംസ്കാരത്തിന്റെ ബഹുസ്വരമായ പഠനങ്ങൾക്ക് പ്രേരിപ്പിക്കുന്നു. സത്യജിത്ത് റേയുടെ 'പഥേർ പാഞ്ചാലി' ഇതിന്റെ ഏറ്റവും വലിയ ഒരുദാഹരണമാണ്. ചിത്രത്തിലെ മുഖ്യ കഥാപാത്രമായ അപ്പുവിന്റെ ജീവിതം പ്രകൃതിയോട് കൂട്ടിച്ചേർക്കപ്പെട്ടു കിടക്കുന്നു. ഘട്ടക്കിന്റെ 'മേഘേ ധക്കാ താരാ' എന്ന സിനിമയിൽ പ്രണയികളായ

യുവമിഥുനങ്ങൾക്ക് പിറകിലായി കുതിച്ചുപാഞ്ഞോടുന്ന തീവണ്ടി യുടെ സീൻ പ്രകൃതി സൗന്ദര്യവും പ്രണയവും എങ്ങനെ ഒന്നിച്ചിഴചേ രുന്നു എന്ന സെല്ലുലോയിഡൽ സൗന്ദര്യമാണ്.

സിനിമയിൽ ലിംഗ സ്വത്വങ്ങളുടെ രാഷ്ട്രീയം മനോഹരമായി പ്രകൃതി ബിംബങ്ങളിലൂടെ ആവിഷ്കരിച്ച സിനിമയാണ് ലൂക്കാ ഗൗഡാഗ് നിനോയുടെ എക്കാലത്തെയും മികച്ച ക്ലാസിക്ക് 'കോൾ മീ ബൈ യുവർ നെയിം.' ആൺ –ആൺ പ്രണയബന്ധങ്ങളുടെ തീവ്രമായ ദൃശ്യാവിഷ്ക്കാരങ്ങൾ വേനലി ന്റെ തെളിഞ്ഞ പ്രകൃതിയിലാണ് സംവിധായകൻ പകർന്നു തരുന്ന ത്. കല്ലോലങ്ങളും നാരക മരങ്ങ ളും ഇടകലർന്ന ഒരു പ്രത്യേക പ്രകൃതിയുടെ വർണചാരുത ഈ സിനിമയ്ക്കുണ്ട്. ഫ്രഞ്ച് സി നിമയായ 'പോർട്രൈറ്റ് ഓഫ് എ ലേഡി ഓൺ ഫയറും' പ്രകൃതി യെ ചേർത്തുവെച്ച് കൊണ്ടാണ് ലെസ്ബിയൻ സ്വത്വരാഷ്ട്രീയത്തെ വിളിച്ചു പറയുന്നത്.

മെൽ ഗിബ്സന്റെ എക്കാലത്തെ യും മനോഹരമായ ദൃശ്യവിഷ്ക്കാ രമായ 'അപ്പൊക്കാലിപ്റ്റൊ'യും പ്രകൃതിയുടെ മാറ്റൊലിയാണ്. ചിത്രത്തിൽ ഗർഭിണിയായ ഒരു സ്ത്രീയുടെ പോരാട്ടങ്ങളെ ജല വും മഴയും കലർന്ന ഫ്രെയിമു കളിൽ മെൽ ഗിബ്സൻ വരച്ചു കാട്ടുന്നുണ്ട്. ലോക സിനിമകളി ലെത്തന്നെ ഗംഭീര സീനുകളിൽ ഒന്നാണത്. സമീപകാലത്ത് ഇറങ്ങിയ മാർട്ടിൻ മക്ക് ഡോ ണായുടെ 'ദി ബാൻഷീസ് ഓഫ് ഇനിഷെറിൻ' എന്ന സിനിമയിൽ രസകരമായി പ്രകൃതി ബിംബ ങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. സി നിമയുടെ മൊത്തം ഭാവമായ ഏകാന്തത അതിമനോഹരമായി സംവിധായകൻ ഗ്രാമീണ പ്രകൃ തി ഭംഗിയിലൂടെ ആവിഷ്കരിച്ചു പോവുന്നു. മേച്ചിൽപുറങ്ങളും, കടലും, കുതിരകളും, മരങ്ങളും, പച്ചപ്പും ഒക്കെയും തീവ്രവിരസ മായ വിഷാദത്തെയും ഏകാന്തത









യെയും ബിംബവത്കരിക്കുകയും അത് വഴി കഥാപാത്രങ്ങളുടെ മാനസിക വ്യാപാരങ്ങളെയും അവയുടെ സംഘർഷങ്ങളെയും പ്രേക്ഷകനുമായി സംവദിക്കുന്നു.

2015–ൽ പുറത്തിറങ്ങിയ അലയൻ ഗ്സ്പനോറിന്റെ 'ഹെയ്ദി' ഒരു ക്ലാസിക്ക് നോവലിന്റെ അനുക ല്പനമാണ്. നോവൽ വായിക്കു മ്പോൾ ലഭിക്കുന്ന അതേ ആനന്ദം സിനിമ കാണുമ്പോൾ കിട്ടുന്നത് സിനിമയിൽ ആവിഷ്കരിക്കപ്പെ ട്ടിട്ടുള്ള ഗ്രാമീണ പ്രകൃതിയുടെ സൗന്ദര്യം കൊണ്ടാണ്. ജയിൻ ഓസ്റ്റീന്റെ എക്കാലത്തെയും മിക ച്ച നോവലായ 'Pride and Prejudice' പിൽക്കാലത്ത് അഭ്രപാളിയിലേയ് ക്ക് ദൃശ്യവത്ക്കരിക്കപ്പെട്ടപ്പോൾ 19–ാം നൂറ്റാണ്ടിന്റെ വിക്ടോറിയൻ പ്രകൃതിഭംഗി കാലഘട്ടത്തെ സൂ ചിപ്പിക്കാനായി വേണ്ടി വന്നു.


പ്രകൃതിയെക്കുറിച്ചും സ്വാതന്ത്ര്യ ത്തെക്കുറിച്ചും വ്യക്തിബോധത്തെ ക്കുറിച്ചുമുള്ള Return to the nature തത്വചിന്തയിലെ പ്രമുഖമായ മറ്റൊരു സിനിമയാണ് In To The Wild. ഇതൊരു നടന്ന സംഭവത്തി ന്റെ ആവിഷ്കാരം കൂടിയാണ്. ഇത്തരം സിനിമകൾ പ്രകൃതി എന്ന മൂലധനത്തിന്റെ പ്രസക്തി യും അതിലൂടെ മനുഷ്യനാർജി ച്ചെടുക്കേണ്ടതായ മൂല്യബോധങ്ങ ളെപ്പറ്റിയും പറഞ്ഞുപോവുന്നു. Anthropocentric ആയ ഒരു ലോക മല്ല നമുക്ക് വേണ്ടത് അത്തരമൊ രു ലോകം ഒട്ടും ആത്മീയമല്ല പകരം അത് വെറുമൊരു കെട്ടു കാഴ്ചമാത്രമാണെന്നിവ അടിവ രയിടുന്നു. Ecocentric ആയ ഒരു ലോകത്തിന്റെ വ്യവസ്ഥാപിതമായ ഉത്ബോധത്തിന് ഈ കലാസൃഷ്ടി കൾ വഴിതെളിക്കുന്നു.

സമീപകാലത്ത് മലയാളസിനിമ കൾ നോക്കുക. ഒട്ടേറെ പുരസ് കാരങ്ങളും വിമർശകസ്വീകാര്യത യുമേറ്റ് വാങ്ങിയ സിനിമകളിൽ പ്രകൃതി ഒരു പ്രധാന ഘടകമായി കടന്നുവരുന്നത് കാണാം. ഇതി ന്റെ രണ്ട് ഉദാഹരണങ്ങളാണ്

ലിജോ ജോസ് പെല്ലിശ്ശേരിയുടെ 'ജെല്ലിക്കട്ടും' കൃഷാന്തിന്റെ 'ആവാസവ്യൂഹ'വും. മനുഷ്യന്റെ ഒടുങ്ങാത്ത ആർത്തി പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സംഘർഷത്തിലേയ്ക്ക് എത്തുന്നത് കേവലം പോത്തിനു പുറകേ അലക്ഷ്യമായി ഓടുന്ന കുറേ മനുഷ്യരിലൂടെ ലിജോ പറഞ്ഞു വയ്ക്കുന്നു. സ്റ്റാൻലി കുബ്രിക്കിന്റെ 2001 A Space Oddesey, സ്പിൽ ബെർഗിന്റെ 'Jaws' മുതലായ സിനിമകളുടെ പ്രചോദനം ജെല്ലിക്കട്ടിനുണ്ടെങ്കിൽ പോലും വന്യമായ പ്രകൃതിയുടെ ഗംഭീരമായ ചോദനകൾ ജെല്ലിക്കട്ടിലുണ്ട്. പോത്തും മനുഷ്യനും തമ്മിലുള്ള മത്സരം കാലന്തരങ്ങളോളം നിലനിൽക്കുന്നതാണ്. അതിന് അവസാനമില്ല എന്ന് സംവിധായകൻ തുറന്നെഴുതുന്നു.

2022-ൽ സംസ്ഥാനത്തെ മികച്ച ചിത്രത്തിന് അർഹമായ ചലച്ചിത്രമാണ് 'ആവാസവ്യൂഹം.' മനുഷ്യൻ മൂലം പ്രകൃതിക്ക് സംഭവിക്കുന്ന കോട്ടങ്ങളെ പറ്റിയുള്ള മോക്യുമെന്ററി വിഭാഗത്തിൽ പെട്ട ഈ ചിത്രം ഒരുപാട് നിരൂപക പ്രശംസകൾക്ക് പാത്രമായി. ജീവജാലങ്ങളുടെ പരിണാമങ്ങളെപ്പറ്റിയും മനുഷ്യന്റെ വിഹാര സ്വഭാവത്തെപ്പറ്റിയും ജീവജാലങ്ങളുടെ വേരുകളെപ്പറ്റിയുമുള്ള ചൂഴ്ന്നിറങ്ങിയ പഠനമാണ് 'ആവാസവ്യൂഹം.' അധികവും പുതുമുഖങ്ങളഭിനയിച്ച ചിത്രത്തിൽ വിഴിഞ്ഞം സമരത്തിന്റെ രാഷ്ട്രീയ പ്രാധാന്യത്തെപ്പറ്റിയും, മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങളെപ്പറ്റിയും പറഞ്ഞുപോവുന്നത്. അതിചടുലമായ നരേഷനും, ഫാന്റസിയും, സൗന്ദര്യവും ഈ ചിത്രത്തെ മറ്റ് ആനുകാലിക സിനിമകളിൽനിന്ന് വ്യത്യസ്തമാക്കുന്നു. നാം കണ്ട് ശീലിക്കാത്ത വിധമുള്ള കഥപറച്ചിലാണ് സിനിമയുടെ മറ്റൊരു സവിശേഷത.

ബാൻഷീസ് ഓഫ് ഇനിഷെറിൻ, ആവാസവ്യൂഹം, ഈയിടെ ഓസ്കാർ പുരസ്കാരാർഹമായ 'The




Elephant Whisperers' മുതലായ ചിത്രങ്ങൾ ഡീപ്പ് ഇക്കോളജിയെ അടിവരയിടുന്നതിനോടൊപ്പം മറ്റൊരു കാര്യംകൂടി പ്രകടമാക്കുന്നു. ഈ മൂന്ന് ചിത്രങ്ങളും കോവിഡാനന്തര ചിത്രങ്ങളാണ്. കോവിഡ് മൂലം ലോകത്തുണ്ടായ അടച്ചുമൂടപ്പെട്ട മനുഷ്യജീവിതത്തെ ബാഹ്യപ്രകൃതിയുടെ സുന്ദരമായ വന്യചാരുതയിലേക്ക് പ്രേക്ഷകരെ ഈ സിനിമകൾ കൈപിടിച്ച് നടത്തുന്നു. 'The




Elephant Whisperers' ആനകളെ വളർത്തുന്ന രണ്ട് തമിഴ് ദമ്പതിമാരുടെ കഥയാണ് കാണിക്കുന്നത്. അവരുടെ വളർത്താനകളെ അവർ അമ്മയും അച്ഛനുമെന്നപോലെ പരിപാലിക്കുന്നു. ആനകളുടെ ജീവ വർഗ്ഗം എത്രമാത്രം വംശനാശത്തിന് വക്കിലാണെന്ന് കാട്ടിത്തരുന്നു ഈ ലഘു ചിത്രം. എത്രമേൽ പ്രതിസന്ധിയിലും പുറത്ത് ഒന്നും നശിച്ചിട്ടില്ല എന്ന വിളിച്ചുപറയലും പ്രതീക്ഷയും കൂടിയാണ് ഈ മൂന്ന് സിനിമകളും. പ്രകൃതി കോവിഡിന് ശേഷം കെട്ടടങ്ങിയിട്ടില്ലെന്ന് ഇവ തുറന്ന് കാട്ടുന്നു.

ഇത്തരത്തിൽ പ്രകൃതിയും മനുഷ്യനും ചിന്താപരമായി വളരെയധികം ബന്ധപ്പെട്ട് കിടക്കുന്നു. പ്രകൃതി മനുഷ്യന് പുറത്തല്ല ഉള്ളിൽ തന്നെയാണെന്ന് സിനിമകളും കലകളും സങ്കൽപ്പങ്ങളും അടിവരയിടുന്നു. പ്രകൃതി ഇന്നും ധാരാളമാളുകൾ പഠിക്കുന്നു. അതിന്റെ പ്രാധാന്യത്തെ നിരീക്ഷിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു. ഷെറിൽ ഗ്ലോട്ട്ഫെൽറ്റി, വില്ല്യം റുക്കറ്റ്, അമിതാവ് ഘോഷ് പോലുള്ള ചിന്തകർ പ്രകൃതിയെ കാലികമായി മനസ്സിലാക്കി ശാസ്ത്രീയമായ ചിന്താധാരകൾ ഉണ്ടാക്കുന്നു. ഇതെല്ലാം പറഞ്ഞു വയ്ക്കുന്നത് മനുഷ്യർ പ്രകൃതിയെ സംരക്ഷിക്കണമെന്ന് തന്നെയാണ്. ഇനിയുമൊട്ടേറെ സാധ്യതകൾ ഉള്ള ഗൗരവതരമായ വിഷയമാണിത്. പ്രകൃതിയിൽ നിന്ന് അടർത്തിമാറ്റുന്നേരം മനുഷ്യൻ മരണപ്പെടുന്നു എന്ന് ഇനിയും നാം മനസ്സിലാക്കേണ്ടതുണ്ട്. ആയതിനാൽ പ്രകൃതിയെക്കുറിച്ചുള്ള സിനിമകളെ നാം ആവർത്തിച്ചു കാണേണ്ടതുണ്ട്. ജനപ്രിയകലകളിലൂടെ ബാഹ്യപ്രകൃതിയെ തിരിച്ചറിയുന്നതിലൂടെ നമ്മുടെ രക്തത്തിലും പ്രകൃതി അലിഞ്ഞു ചേരുന്നു. ആയതിനാൽ പ്രകൃതിയുടെ കാത്തുസൂക്ഷിക്കൽ മാനവരാശിയുടെ നിലനിൽപ്പിനുവേണ്ടിയുള്ള സമരം കൂടിയാണ്.

# ജാതിയും ഭൂമിയും ആറടി എന്ന സിനിമയിൽ



ഡോ. രാജേഷ് എം.ആർ.

ജാതിയും ഭൂമിയും തമ്മിലുള്ള രാഷ്ട്രീയം വ്യക്തമാക്കുന്ന പല സിനിമകളും മലയാളത്തിലിറങ്ങുന്നുണ്ട്. *കമ്മട്ടിപ്പാടം, പതിനൊന്നാം സ്ഥലം, ആറടി* എന്നീ സിനിമകൾ ഇത്തരം വിഷയങ്ങളെ ആവിഷ്ക്കരിക്കുന്നുണ്ട്. കേരളത്തിലിന്നും ദലിതുകൾക്കും ആദിവാസികൾക്കുമെല്ലാം സ്വന്തമായി ഭൂമി ഇല്ലാത്ത അവസ്ഥയുണ്ട്. ഭൂവിതരണത്തിലേയും ഭൂവിനിയോഗത്തിലേയും ക്രമമില്ലാത്ത രീതി ഇവരുടെ ജീവിതത്തെ ആകമാനം ബാധിച്ചിട്ടുണ്ട്. ലക്ഷം വീട് കോളനികൾ ഉണ്ടായത് കേരളീയ ഭൂപരിഷ്ക്കരണ നിയമത്തിന്റെ അപാകതകളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നുണ്ട്. ഭൂമി ഒരു അധികാര

ടോൾസ്റ്റോയിയുടെ 'ഒരാൾക്ക് എത്ര മണ്ണ് വേണം' എന്ന ചെറുകഥയെ സമകാലിക സന്ദർഭത്തിലേക്ക് മാറ്റുന്ന രചനയായിരുന്നു സന്തോഷ് കുമാറിനെ ചെറുകഥ. 'തൂമ്പയെടുത്ത് പാകത്തിലുള്ള ഒരു ശവക്കുഴി വെട്ടി ഉണ്ടാക്കി പരിചാരകൻ ഹോമിനെ അതിൽ അടക്കംചെയ്തു. തല തൊട്ടു കാലംവരെ അളവിൽ വെറും ആറടി മണ്ണു മാത്രമേ അയാൾക്ക് വേണ്ടിവന്നുള്ളൂ'. ടോൾസ്റ്റോയിയുടെ ഈ കഥ മനുഷ്യന് മണ്ണിനോടുള്ള അടങ്ങാത്ത ആർത്തി അവനെ ഇവിടെ കൊണ്ടു ചെന്നെത്തിക്കുന്നു എന്ന് അന്വേഷിക്കുകയായിരുന്നു.



സ്ഥാനമാണ്. ഭൂമിയുള്ളവന് നെഞ്ചു വിരിച്ച്, തലയുയർത്തി സംസാരിക്കാം. അത്തരത്തിൽ അഭിപ്രായ സ്വാതന്ത്ര്യം കേരളത്തിൽ നടപ്പിലായതിന്റെ അടിസ്ഥാനം ഭൂവിതരണം ഒട്ടൊക്കെ കേരളത്തിൽ നടന്നു എന്നുള്ളതാണ്. എന്നിരുന്നാലും ഭൂമിപ്രശ്നം കേരളത്തിലെ ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു എന്നതാണ് *ആറടി* എന്ന സിനിമ ഓർമ്മപ്പെടുത്തുന്നത്.

സജി പാലമ്മേൽ സംവിധാനം ചെയ്ത *ആറടി* എന്ന ചലച്ചിത്രം ഇ. സന്തോഷ് കുമാറിന്റെ 'ഒരാൾക്ക് എത്ര മണ്ണ് വേണം' എന്ന ചെറുകഥയെ അടിസ്ഥാനമാക്കിയുള്ളതാണ്.

ടോൾസ്റ്റോയിയുടെ 'ഒരാൾക്ക് എത്ര മണ്ണ് വേണം' എന്ന ചെറുകഥയെ സമകാലിക സന്ദർഭത്തിലേക്ക് മാറ്റുന്ന രചനയായിരുന്നു സന്തോഷ് കുമാറിന്റെ ചെറുകഥ. 'തൂമ്പയെടുത്ത് പാകത്തിലുള്ള ഒരു ശവക്കുഴി വെട്ടി ഉണ്ടാക്കി പരിചാരകൻ ഹോമിനെ അതിൽ അടക്കംചെയ്തു. തലതൊട്ടു കാലുവരെ അളവിൽ വെറും ആറടി മണ്ണു മാത്രമേ അയാൾക്ക് വേണ്ടിവന്നുള്ളൂ.' ടോൾസ്റ്റോയിയുടെ ഈ കഥ മനുഷ്യന് മണ്ണിനോടുള്ള അടങ്ങാത്ത ആർത്തി അവനെ ഇവിടെ കൊണ്ടു ചെന്നെത്തിക്കുന്നു എന്ന് അന്വേഷിക്കുകയായിരുന്നു.

എന്നാൽ ഇ.സന്തോഷ് കുമാറിന്റെ കഥ സമകാലീന സാഹചര്യത്തിൽ ഒരു തുണ്ടു ഭൂമിപോലും ഇല്ലാതെ അലയുന്ന മനുഷ്യരുടെ ജീവിതത്തെ കുറിച്ചുള്ളതാണ്.

വയോധികനായ ഒരു ദളിത് പണ്ഡിതൻ ഭൗതികശരീരം അടക്കം ചെയ്യാൻ ഭൂമി തേടിയുള്ള കുറച്ചു മനുഷ്യരുടെ യാത്രയാണ് ഈ കഥയുടെ ഇതിവൃത്തം

ആറടി മണ്ണുപോലും വെറും സ്വപ്നമായി മാറുന്ന സമകാലിക ദളിത് സമൂഹത്തിന് അവസ്ഥയെ തുറന്നുകാണിക്കുന്ന സിനിമയാണ് സജി പാലമ്മേലിന്റെ ആറടി.

അന്തിയുറങ്ങാൻ ഉള്ള ആറടിമണ്ണ് പോലും കിട്ടാതെ പോകുന്ന കുഞ്ഞിക്കോരു മാഷ് എന്ന സംസ്കൃത പണ്ഡിതനും സ്വാതന്ത്ര്യസമര നേതാവുമായ ഒരാളുടെ അവസ്ഥയെയാണ് ഈ സിനിമ കാണിക്കുന്നത്

പൊതുശ്മശാനം ഇല്ലാത്തതിനാൽ ഒന്നര ദിവസം മൃതദേഹവുമായി അലയേണ്ടിവരുന്ന ബന്ധുക്കൾക്ക് ഒടുവിൽ മാഷ് താമസിച്ചിരുന്ന ചെറിയ ചായ്പ് പൊളിച്ചു സംസ്കാരം നടത്തേണ്ടതായി വരുന്നു. ഈ സിനിമയിലൂടെ സജി പാലമ്മേൽ കേരളത്തിലെ വികസനം ഇവിടുത്തെ ദളിത് ജീവിതങ്ങളെ എങ്ങനെ അപര വൽക്കരിച്ചു എന്നാണ് അവതരിപ്പിക്കുന്നത്. ദലിതർ മരിച്ചുകഴിഞ്ഞാൽ അവരുടെ മൃതശരീരം സംസ്കരിക്കാൻ  ഒരു തുണ്ടു ഭൂമി പോലും ഇല്ലാത്ത അവസ്ഥയെയാണ് അത് സൂചിപ്പിക്കുന്നത്. ഗാന്ധിയനും സ്വാതന്ത്ര്യസമരസേനാനിയും സർവ്വോപരി വേദപണ്ഡിതനുമായ മാഷ് ജില്ലാ ആശുപത്രിയിൽ വച്ച് മരണപ്പെടുന്നു. ഈ ശരീരത്തെ ദഹിപ്പിക്കാൻ വേണ്ടി കുറച്ചുപേർ ചേർന്ന് നടത്തുന്ന അലച്ചിലുകൾ ആണ് ഈ സിനിമയിൽ പിന്നീട് നാം കാണുന്നത്. കുഞ്ഞിക്കോരു മാഷിന്റെ ഭൗതികശരീരം ആശുപത്രിയിൽനിന്ന് കൊണ്ടുപോകാനോ പൊതു പ്രദേശത്തിന് വെക്കാനോ മാന്യമായ രീതിയിൽ അടക്കം ചെയ്യാനോ അദ്ദേഹത്തിന്റെ ബന്ധുക്കളെ ആരും സഹായിക്കുന്നില്ല. ഒരു ദലിതന്റെ മരണം സാംസ്കാരിക വിഷയമായി എവിടെയും കടന്നു വരുന്നില്ലായെന്നത് ഇന്ത്യയിലെ ജാതിവിവേചനത്തിന്റെയും ജാതി വ്യവസ്ഥയുടേയും ഭീകരമായ മുഖത്തെ കാണിക്കുന്നു.

'രാഷ്ട്രീയ പ്രസ്ഥാനങ്ങളെന്നതു പോലെ തന്നെ മുഖ്യധാരാ മതങ്ങൾ പിന്തുടർന്നു പോരുന്ന സവർണ്ണബോധം, എങ്ങുമെത്താതെ നിൽക്കുന്ന ദലിത് അവസ്ഥ, ആത്മീയത എന്ന പേരിൽ ആഘോഷിക്കപ്പെടുന്ന കാപട്യം ഇങ്ങനെ സമകാലികമായ അനേകം വിഷയങ്ങൾ ഈ സിനിമയുടെ അന്തർധാരയായി പ്രവർത്തിക്കുന്നുണ്ടെന്ന് ജോസ് ജോൺ അഭിപ്രായപ്പെടുന്നുണ്ട് [2016:53]. ഈ സിനിമയിൽ ഇദ്ദേഹത്തിന്റെ മരണത്തിലൂടെ പൊതുസമൂഹത്തിൽ നിലനിൽക്കുന്ന സവർണ്ണ മനോഭാവം, വർഗീയത പ്രചരണം, ഭൂമിപ്രശ്നം, ജാതിവിവേചനം തുടങ്ങിയ കാര്യങ്ങൾ ചർച്ചയ്ക്ക് വയ്ക്കുന്നുണ്ട്. ഗാന്ധിയൻ ആദർശങ്ങൾ അനുസരിച്ച് പ്രവർത്തിച്ച, വേദങ്ങൾ തർജ്ജമ ചെയ്ത സംസ്കൃത പണ്ഡിതനായ കുഞ്ഞിക്കോരു മാസ്റ്ററുടെ പാരമ്പര്യം അവകാശപ്പെടുന്ന ഒരു വിഭാഗം പാർട്ടിക്കാർ ഈ നാട്ടിലുണ്ടെങ്കിലും അവർക്ക് അദ്ദേഹത്തെ കുറിച്ച് കൂടുതൽ ഒന്നുമറിയില്ല. മാഷുടെ പേരക്കുട്ടിയും പാർട്ടിയിലെ വിഭാഗത്തിന്റെ നേതാവുമായ സുനീഷിനും മുത്തച്ഛൻ ആരായിരുന്നു എന്ന കാര്യത്തിൽ വ്യക്തമായ തിരിച്ചറിവില്ല. ഒരു ദലിതന്റെ ജീവിതത്തിന്റെ പ്രാധാന്യമോ അയാളുടെ സാംസ്കാരിക, സാമൂഹിക പ്രവർത്തനങ്ങളോ ആരും തന്നെ ഓർക്കുന്നില്ല എന്ന അവസ്ഥയെ യാണ് ഇവിടെ കാണിക്കുന്നത്. അല്ലെങ്കിൽ ദലിത് സാംസ്കാരിക ചരിത്രങ്ങൾ എല്ലായ്പ്പോഴും തിരസ്കരിക്കപ്പെടുകയാണെന്ന ചരിത്ര യാഥാർത്ഥ്യത്തെയാണ് ഇവിടെ ഓർമ്മപ്പെടുത്തുന്നത്.

കുഞ്ഞിക്കോരു മാസ്റ്ററുടെ പേരക്കുട്ടിയും പാർട്ടിയിലെ ദളിത് വിഭാഗത്തിന് നേതാവുമായ സുനീഷ് നേരിടുന്നത് പാർട്ടിക്കകത്തെ വരേണ്യ നേതാക്കന്മാരുടെ ദളിത് വിഭാഗങ്ങളോടും ഉള്ള അവഗണനയാണ്. പാർട്ടിക്കകത്ത് ദലിത് അംഗങ്ങൾ രണ്ടാം തരക്കാരാണോ എന്ന സംശയം / പ്രശ്നമാണ് ഇവിടെ രൂപം കൊള്ളുന്നത്. കുഞ്ഞിക്കോരു മാസ്റ്റ

റുടെ സംസ്കാരത്തിനു പോലും വേണ്ട വിധത്തിൽ പാർട്ടി അനുഭാവം പ്രകടിപ്പിക്കുന്നില്ല എന്നുള്ള സത്യം സുനീഷ് തിരിച്ചറിയുന്നുണ്ട്. ദേശീയപാതയുടെ വികസനത്തിനായി മണ്ണെടുത്തു പോയതുകൊണ്ടാണ് കുഞ്ഞിക്കോരു മാസ്റ്ററുടെ മൃതശരീരം വീടിനടുത്ത് അടക്കം ചെയ്യാൻ പറ്റാതിരുന്നത്. വികസനം മൂലം ദലിതരുടെ ജീവിതമാണ് ഏറ്റവും കൂടുതൽ ദുരിതത്തിലാവുന്നത്. നഷ്ടപ്പെടുന്ന ഭൂമിയ്ക്കു പകരം പുതിയത് ലഭിക്കാൻ അവർക്ക് സാധിക്കാതെ വരുന്നു.

വർത്തമാനകാല ഇന്ത്യയിൽ ദളിത് വിഭാഗങ്ങൾക്ക് ജീവിക്കാനുള്ള ഭൂമി പോലും ഇല്ലാതിരിക്കുന്ന അവസ്ഥയുണ്ട്. ഇത്തരമൊരു അവസ്ഥയിലേക്കാണ് ഈ ചിത്രം വിരൽചൂണ്ടുന്നത്. ദളിത് വിഭാഗത്തിന്റെ പാണ്ഡിത്യം പോലും സമൂഹത്തിൽ അംഗീകരിക്കപ്പെടുന്നില്ല. അവരുടെ പാണ്ഡിത്യം അധികാരത്തിലിരിക്കുന്ന സവർണ്ണ വിഭാഗത്തിന് അസ്വസ്ഥതയുണ്ടാക്കുന്നു. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ദളിത് പ്രാതിനിധ്യത്തിന് വേണ്ടി മാത്രം ദളിതരെ കൂടെ നിർത്താനാണ് വരേണ്യ വിഭാഗം ശ്രമിച്ചുകൊണ്ടിരിക്കുന്ന തെന്ന യാഥാർത്ഥ്യം സുധീഷിനെ പോലുള്ളവർ തിരിച്ചറിയുന്നില്ല. ദളിതൻ വേദങ്ങൾ പഠിക്കുകയും അതിനു ഭാഷ്യം ചമയ്ക്കുകയും ചെയ്യുന്നത് അംഗീകരിക്കപ്പെടുന്നില്ല എന്ന വസ്തുതയും ഇവിടെയുണ്ട്.

‘അതിസങ്കീർണ്ണവും ദയനീയവുമായ ഒരു കീഴാളാനുഭവത്തെ കേന്ദ്രവിഷയമായി അവതരിപ്പിക്കുന്ന ആറടി ദലിത് ജീവിതവുമായി ബന്ധപ്പെട്ട നിരവധി വ്യവഹാരങ്ങളെ പ്രേക്ഷക ശ്രദ്ധയിലെത്തിക്കുന്നു. ഭൂമിയുടെ ഉടമാവകാശം, രാഷ്ട്രീയ പാർട്ടികളുടെ കപട ദലിത് നിലപാടുകൾ, അക്രാമകമായ നവഹൈന്ദവതയുടെ രക്ഷാകർതൃത്വാഭിനയം, ജാത്യാധിഷ്ഠിത ജീവിതക്രമത്തെ സ്പർശിക്കാനാവാതെ പരാജയപ്പെട്ട കേരളീയ നവോത്ഥാനം ഒക്കെയും ആറടിയിൽ പല വിതാനങ്ങളിൽ വിലയിരുത്തപ്പെടുന്നതായി സ്റ്റാലിൻ ദാസ് അഭിപ്രായപ്പെടുന്നു. (2018: 52) കേരളം കൈവരിച്ച നവോത്ഥാന ആശയങ്ങളുടേയും മൂല്യങ്ങളുടേയും ദലിത് വിമർശനമെന്ന രീതിയിലും *ആറടി* എന്ന സിനിമയെ ചർച്ചചെയ്യാവുന്നതാണ്.

ചരിത്രപരവും സാമൂഹ്യവുമായ കാരണങ്ങൾകൊണ്ട് ദലിത് വിഭാഗത്തിന് അടിമ മനോഭാവമുള്ളതായി ഡോ.അംബേദ്കർ പറയുന്നുണ്ട്. ആ മനോഘടനയിൽനിന്ന് അവർക്ക് എളുപ്പത്തിൽ രക്ഷനേടാനാവില്ലെന്നും അദ്ദേഹം വിശദീകരിക്കുന്നു. ദലിത് സമൂഹത്തിലെ ഓരോ വ്യക്തിയും ആത്മാഭിമാനം വീണ്ടെടുത്ത് പൊതുസമൂഹത്തിനൊപ്പമെത്താൻ കഴിവുള്ളവരാകുന്നതിനെക്കുറിച്ചാണ് അംബേദ്കർ നിരന്തരം ചിന്തിച്ചത്. ഇവിടെ ഗാന്ധിയും സ്വാതന്ത്ര്യസമരസേനാനിയുമായിരുന്ന കുഞ്ഞിക്കോരു മാസ്റ്റർ വളരെ ബുദ്ധിമുട്ടിയും പ്രതിസന്ധികളോട് എതിരിട്ടുമാണ് സമൂഹത്തിൽ പണ്ഡിതനായത്. എന്നിട്ടും അദ്ദേഹത്തിന്റെ മരണത്തെ കണ്ടില്ലെന്ന് നടിക്കാൻ സമൂഹത്തിനായത് അയാൾ ദലിതനായതുകൊണ്ടാണ്. സ്വാതന്ത്ര്യസമരചരിത്രത്തിൽനിന്ന് പുറത്താക്കപ്പെട്ട നിലവധി ദലിതരുള്ള ഒരു ഇന്ത്യ കൂടിയാണിത്. ദലിതർക്ക് അവരുടെ പാണ്ഡിത്യം കൊണ്ടുപോലും സമൂഹത്തിനു മുമ്പിൽ ദൃശ്യരാകുവാൻ സാധിക്കുന്നില്ലായെന്നത് വർത്തമാന യാഥാർത്ഥ്യം കൂടിയാണ്. ചുരുക്കത്തിൽ ആറടി എന്ന സിനിമ കീഴാള മനുഷ്യർ മരിച്ചതിനുശേഷം അവരെ കുഴിച്ചിടാൻപോലും ഒരു തുണ്ടു ഭൂമിയില്ലാത്ത അവസ്ഥയെയാണ് ഓർമ്മിപ്പിക്കുന്നത്. ഇത് സമകാലിക കേരളത്തിലെ ഭൂവിതരണത്തിലെ അസമത്വത്തെയാണ് കാണിക്കുന്നത്.

KERALA CHALACHITRA ACADEMY
KSFDC
NEW WAVE FILM SOCIETY
THANMAYA MEDIA CENTRE

ഉദ്ഘാടനം

പത്മശ്രീ ഷാജി എൻ. കരുൺ
ചലച്ചിത്ര സാംസ്കാരിക കൂട്ടായ്മ
ചലച്ചിത്ര പഠന ക്യാമ്പ്
തന്മയ മീഡിയ സെന്റർ, കുമാരനല്ലൂർ, കോട്ടയം
2023 നവംബർ 3 | 4 | 5
ചലച്ചിത്രരംഗത്തെ പ്രമുഖർ നയിക്കുന്ന ക്ലാസ്സുകൾ
+2 വിദ്യാർത്ഥികൾ മുതൽ ഏതു പ്രായക്കാർക്കും അപേക്ഷിക്കാം.
ക്യാമ്പ് ഫീസ്: ഡിഗ്രി തലംവരെ വിദ്യാർത്ഥികൾക്ക് താമസവും ഭക്ഷണവും ഉൾപ്പെടെ 1000 രൂപ. മറ്റുള്ളവർക്ക് 2000 രൂപ.
ഒക്ടോബർ 25ന് മുമ്പ് ഫീസ് ഗൂഗിൾ പേ ചെയ്ത് സീറ്റുകൾ ഉറപ്പാക്കുക. അപേക്ഷ ഇ–മെയിൽ അയയ്ക്കുക.
പ്രവേശനം 50 പേർക്ക് മാത്രം
Contact: 93870 73135, 96562 50234
GPAY & Whatsapp : 93870 73135
E-mail: newwavefilmsociety@gmail.com
2–ാമത്തെ ക്യാമ്പ് നവംബർ 17, 18, 19 മലപ്പുറത്ത് രശ്മി ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ. Tel: 94473 95360

# ICFK പ്രവർത്തനരേഖ




ഐ.എഫ്.എഫ്.ടി, ഭാരതീയ വിദ്യാഭവൻ, മണപ്പുറം ഗ്രൂപ്പ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ കേരളത്തിലെ പ്രഥമമായ കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഇന്റർനാഷണൽ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള 2023 (ICFFK 2023) തൃശൂരിൽ നടന്നു. സെപ്തംബർ 8,9,10 തീയതികളിൽ ശോഭ സിറ്റി ഐനോക്സ് സിനിമ കോംപ്ലക്സിലെ രണ്ട് സ്ക്രീനിലും തൃശൂരിലെ ഭാരതീയ വിദ്യാഭവൻ കേന്ദ്രത്തിലെ രണ്ട് വേദികളിലുമായാണ് ചലച്ചിത്രങ്ങൾ പ്രദർശിപ്പിച്ചത്.

15 രാജ്യങ്ങളിൽ നിന്നുള്ള 55 ഓളം സിനിമകളാണ് ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. മേള ഉള്ളടക്കം കൊണ്ടും കുട്ടികളുടെ പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി. കുട്ടികൾക്കായുള്ള 18 സമകാലീന ലോക സിനിമകൾ മേളയിൽ പ്രദർശിപ്പിച്ചു.

കേരള ചലച്ചിത്ര അക്കാദമി, എഫ് എഫ് എസ് ഐ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപറേഷൻ, ചലച്ചിത്ര സാംസ്കാരിക കൂട്ടായ്മ എന്നിവരുടെ സഹകരണത്തോടെയാണ് ICFFK സംഘടിപ്പിച്ചത്. 700ഓളം പ്രതിനിധികൾ മേളയിൽ പങ്കെടുത്തു. ചലച്ചിത്രമേളയുടെ ഉദ്ഘാടനം പ്രശസ്ത ചലച്ചിത്ര സംവിധായകൻ സത്യൻ അന്തിക്കാട് നിർവ്വഹിച്ചു. ആക്രമണസ്വഭാവമുള്ള ചലച്ചിത്രങ്ങളാണ് ഇന്ന് തിയ്യറ്ററുകളിൽ പണം വാരുന്നത്. ഇത്തരം ചലച്ചിത്ര മേളകളിലൂടെ ആർജ്ജിക്കുന്ന സംസ്കാരം ഉപയോഗിച്ച് അത്തരം മാനസിക മാലിന്യം നിക്ഷേപിക്കുന്ന ചലച്ചിത്ര സംസ്കാരത്തിന് മാറ്റം വരുത്താൻ ഭാവി തലമുറയായ കുട്ടികൾ മുന്നിട്ടിറങ്ങണമെന്ന് അദ്ദേഹം പ്രഭാഷണത്തിൽ പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ കല്ല്യാൺ ഗ്രൂപ്പിന്റെ സാരഥി ടി.എസ്. പട്ടാഭിരാമൻ, മണപ്പുറം ഗ്രൂപ്പിന്റെ സി.ഇ.ഒ. വി.പി. നന്ദകുമാർ എന്നിവർ സംസാരിച്ചു. ജയരാജ് വാരിയർ ഫെസ്റ്റിവൽ ബുക്ക് പ്രകാശനം ചെയ്തു. ഭാരതീയ വിദ്യാഭവൻ സെക്രട്ടറി കെ.പി. രാധാകൃഷ്ണൻ, ഉണ്ണികൃഷ്ണൻ BVB, ജനറൽ കോഡിനേറ്റർ ചെറിയാൻ ജോസഫ്, ഫെസ്റ്റിവൽ ചെയർമാൻ വിജയൻ പുന്നത്തൂർ, ഫെസ്റ്റിവൽ എക്സിക്യൂട്ടീവ് ഡയറക്ടർ ചിത്ര എസ്. നായർ (സ്വാഗതം) ഫെസ്റ്റിവൽ ഡയറക്ടർ ഡോ.വി.ബിന്ദു (നന്ദി) തുടങ്ങിയവർ പങ്കെടുത്തു.

15 രാജ്യങ്ങളിൽ നിന്നുള്ള 55 ഓളം സിനിമകളാണ് ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. മേള ഉള്ളടക്കം കൊണ്ടും കുട്ടികളുടെ പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി.

കുട്ടികൾക്കായുള്ള 18 സമകാലീന ലോക സിനിമകൾ മേളയിൽ പ്രദർശിപ്പിച്ചു. ഫിലിപ്പൈൻസിൽ നിന്നുള്ള *അർണോൾഡ് ഈസ് എ മോഡൽ സ്റ്റുഡന്റ്*, ഫ്രാൻസിൽ നിന്നുള്ള *നോ ഡോഗ്സ് ഓർ*





പ്രശസ്ത ചലച്ചിത്ര സംവിധായകൻ സത്യൻ അന്തിക്കാട് മേള ഉദ്ഘാടനം ചെയ്യുന്നു.

*ഇറ്റാലിയൻസ് അലൗഡ്*, നെതർലന്റിൽ നിന്നുള്ള *ബിഗ്മാൻ*, ചെക്ക് റിപ്പബ്ലിക്കിൽ നിന്നുള്ള *ദി സീക്രട്ട് ഓഫ് ടു ഹെഡഡ് ഡ്രാഗൺ*, ഇന്ത്യയിൽ നിന്ന് തന്നെയുള്ള *ചെല്ലോ ഷോ*, ഇറാനിൽ നിന്നുള്ള *സിങ്കോ*, *ബിറ്റവിൻ ദ ക്ലിഫ്സ്*, *ബോറോഡ് പാരന്റ്സ്*, *സീ ബോയ്സ്* എന്നീ ചലച്ചിത്രങ്ങൾ, സ്ലോവാക്യയിൽ നിന്നുള്ള *ജേർണി ടു യുവർ ലാന്റ്*, ഇസ്രയേലിൽ നിന്നുള്ള *സാന്റ്ഫ്ളക്സ്*, റഷ്യയിൽ നിന്നുള്ള *ഫെറഡോസിയൻ ഫെയറി ടെയിൽ*, *മൈ ലിറ്റിൽ സിസ്റ്റർ* എന്നീ ചലച്ചിത്രങ്ങൾ, ഫിൻലാന്റിൽ നിന്നുള്ള *ഡിറ്റക്ടീവ് ഏജൻസി ഹെനക്ക & കിവി മുട്ക*, ജർമ്മനിയിൽ നിന്നുള്ള *അൽഫോൻസ് ജിറ്റിർബിറ്റ് ക്ലാസ്സ് ട്രിപ്പ് കയോസ്*, മൊറോക്കയിൽ നിന്നുള്ള *സ്കൂൾ ഓഫ് ഹോപ്*, നോർവയിൽ നിന്നുള്ള *സിസ്റ്റേഴ്സ് ദി സമ്മർ*, *വീ ഫൗണ്ട് അവർ സൂപ്പർ ഹീറോസ്* എന്നിവയാണ് സമകാലീന ലോക സിനിമാ വിഭാഗത്തിൽ പ്രദർശിപ്പിച്ചത്.

കൺട്രി ഫോക്കസ് വിഭാഗത്തിൽ ഇറാനിൽ നിന്നുള്ള മൂന്നു സിനിമകളും, ഇന്ത്യൻ പനോരമ വിഭാഗത്തിൽ ദേശീയ പുരസ്ക്കാരങ്ങൾ ലഭ്യമായിട്ടുള്ള *ഗാന്ധി & കോ* (ഗുജറാത്തി, 2023), മണിപ്പൂരി സിനിമ *ഔർ ഹോം*, *ഗുത്‌ലി ലഡ്ഡു* (ഹിന്ദി, 2022), ജയരാജിന്റെ *ഒറ്റാൽ*, മറാട്ടിയിൽ നിന്നുള്ള *താജ്മഹൽ*, *ലിറ്റിൽ സാമുവൽ* (തമിഴ്) എന്നീ ആറ് ഭാഷകളിൽ നിന്നുള്ള സിനിമകൾ പ്രദർശിപ്പിച്ചു.

മാസ്റ്റേഴ്സ് & ക്ലാസ്സിക് വിഭാഗത്തിൽ *ബൈസിക്കിൾ തീവ്സ്*, *ഇവാൻസ് ചൈൽഡ് ഹുഡ്*, *ദി കിഡ്*, *ഹ്യൂഗോ* തുടങ്ങിയ പത്ത് ചലച്ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

സമകാലീന മലയാള സിനിമാ വിഭാഗത്തിൽ ദേശീയ കേരള സംസ്ഥാന അവാർഡുകൾ ലഭിച്ചിട്ടുള്ള *പല്ലൊട്ടി 90' സ് കിഡ്സ്* (2023), *കാടകലം* (2022), *നാനി* (2020), *ബൊണാമി* (2021), *മോമോ ഇൻ ദുബായ്* (2023) എന്നീ സിനിമകൾ പ്രദർശിപ്പിച്ചു.

കുട്ടികൾ നിർമ്മിച്ച സിനിമകളുടെ മത്സരവിഭാഗത്തിൽ 14 ഹ്രസ്വ & ഡോക്യുമെന്ററി ചലച്ചിത്രങ്ങൾ മാറ്റുരച്ചു. നിത്യഹരിതങ്ങളായ നിരവധി ചലച്ചിത്രങ്ങളുടെ ശബ്ദരൂപകല്പന നിർവ്വഹിച്ച പ്രശസ്ത ശബ്ദ സംവിധായകൻ ടി. കൃഷ്ണനുണ്ണി ചെയർമാനും, കേരളത്തിൽ നിന്നുള്ള പ്രഥമ ദേശീയ ചലച്ചിത്ര നിരൂപക പുരസ്കാര ജേതാവ് എം.സി. രാജ്നാരായണൻ, മികച്ച നാടകത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാര ജേതാവ് എമിൽ മാധവി എന്നിവർ അംഗങ്ങളുമായുള്ള ജൂറിയാണ് പുരസ്കാര വിധിനിർണ്ണയം നടത്തിയത്. ഇതോടൊപ്പം അദ്ധ്യാപകരുടെ നേതൃത്വത്തിലുള്ള കുട്ടികളുടെ ജൂറിയും ചലച്ചിത്രങ്ങൾ വിലയിരുത്തുന്നു.

തമന്ന സോൾ സംവിധാനം ചെയ്ത *ലഞ്ച് ബ്രേക്ക്* മികച്ച ചിത്രമായി തെരെഞ്ഞെടുക്കപ്പെട്ടു. മികച്ച ഡോക്യുമെന്ററി സംവിധായകരായി *ദെയർ സ്റ്റോറി* സംവിധാനം ചെയ്ത ആദിത്യ കാട്ടൂക്കാരനെയും *എൻവയോൺമെന്റ്* സംവിധാനം ചെയ്ത ദിയ ഫാത്തിമയേയും തിരഞ്ഞെടുത്തു.

*1+1= സമം* എന്ന ചിത്രത്തിൽ അഭിനയിച്ച പി.അഭയാണ് മികച്ച നടൻ. *സെക്കന്റ് ഹോം* എന്ന സിനിമയിലെ അഭിനയത്തിന് അനാമിക പി.കുമാർ മികച്ച നടിയായി. മികച്ച ഡോക്യുമെന്ററിയായി മൊനാൾ പേരോത്ത് സംവിധാനം ചെയ്ത *ഇൻസെക്ട് എക്സോഡസ്* തിരഞ്ഞെടുക്കപ്പെട്ടു.

മികച്ച ഡോക്യുമെന്ററി, മികച്ച ഹ്രസ്വചിത്രം എന്നിവയ്ക്ക് 15,000 രൂപയും പ്രശംസാപത്രവുമാണ് പുരസ്കാരമായി കൊടുത്തത്. മികച്ച സംവിധായകനും, മികച്ച ബാലതാരത്തിനും 10,000 രൂപ വീതവും, ഒപ്പം പ്രശംസാപത്രവും പുരസ്കാരമായി നൽകി.

ഇതുകൂടാതെ *ബഫറിംഗ്*, *ഹീൽ നോട്ട് ടു സെൽഫ്*, *ഭവിഷ്യക് കാ ഭാരത്* (ഐശ്വര്യ പി.വി.), *എ സ്റ്റോറി ഓഫ് ഫ്രന്റ്ഷിപ്പ്* (ദക്ഷിൺ), *ലിറ്റിൽ തിങ്സ് ദാറ്റ് കൗണ്ട്* (ഭദ്ര മേനോൻ), *തിരികെ*



**വി.പി.നന്ദകുമാർ**
മണപ്പുറം ഗ്രൂപ്പ്



**ഡോ.വി. ബിന്ദു**
ഫെസ്റ്റിവൽ ഡയറക്ടർ



**ഡോ.എ.എ. ബേബി**
എക്സി. മെമ്പർ



**ചെറിയാൻ ജോസഫ്**
ജനറൽ കോഡിനേറ്റർ



ഫെസ്റ്റിവൽ ബുക്ക് പ്രകാശനം



**രാധാകൃഷ്ണൻ കെ.പി.**
സെക്രട്ടറി, ഭാരതീയ വിദ്യാഭവൻ



**ഉണ്ണികൃഷ്ണൻ**
എക്സി. മെമ്പർ



**ചിത്ര എസ്. നായർ**
എക്സി. ഡയറക്ടർ



**വിജയൻ പുന്നത്തൂർ**
ഫെസ്റ്റിവൽ ചെയർമാൻ






സമാപന സമ്മേളനത്തിൽ പ്രശസ്ത സംവിധായകൻ കമൽ സംസാരിക്കുന്നു

(നിരുപം വിജയ്) തുടങ്ങിയ ചലച്ചിത്രങ്ങളും മത്സരവിഭാഗത്തിൽ പ്രദർശിക്കപ്പെട്ടിരുന്നു.

നവാഗതരും ഇളം പ്രായക്കാരുമാണെങ്കിലും ചലച്ചിത്രങ്ങൾ മികച്ച ഗുണനിലവാരം പുലർത്തിയെന്നും സമ്മാനം ലഭിച്ച സൃഷ്ടികളെപ്പോലെ ലഭിക്കാത്ത സൃഷ്ടികളും മികച്ചു നിന്നിരുന്നു എന്നും ജൂറി ചെയർമാൻ ടി. കൃഷ്ണനുണ്ണി അഭിപ്രായപ്പെട്ടു.

ഇൻഫർമേഷൻ വിഭാഗത്തിൽ സുധീഷ് ശിവശങ്കരന്റെ *ഷെയ്ഡ്, സ്റ്റുഡന്റ്* എന്നീ ലഘു ചലച്ചിത്രങ്ങൾ, ശ്രീരാഗ് പൊയ്കയിലിന്റെ *മാജിക് പ്ലേറ്റ്, ഗൈനക്കോമാസ്തിയ*, റാഫി നീലങ്കാവിലിന്റെ *മേരിമോളുടെ കണ്ടൽ ജീവിതം* എന്നീ ചലച്ചിത്രങ്ങളും പ്രദർശിപ്പിച്ചിരുന്നു.

സെപ്റ്റംബർ 10 ന് സമാപന സമ്മേളനത്തിൽ പ്രസിദ്ധ ചലച്ചിത്ര സംവിധായകൻ കമൽ മുഖ്യാതിഥിയായിരുന്നു. കോവിഡ് കാലം, ചലച്ചിത്ര മേഖലയ്ക്ക് ഒരു തരത്തിൽ ഗുണമായെന്നും, അന്താരാഷ്ട്ര ചലച്ചിത്രങ്ങൾ സാധാരണക്കാർക്ക് വരെ പ്രാപ്തമായെന്നും അദ്ദേഹം പ്രസംഗത്തിൽ പ്രസ്താവിച്ചു. ഡി.ഐ.ജി. അജിത ബീഗം സുൽത്താൻ ചടങ്ങിൽ പ്രത്യേക അതിഥിയായി പങ്കെടുത്തു. ഫെസ്റ്റിവൽ ഡയറക്ടർ ഡോ.വി. ബിന്ദു (സ്വാഗതം), എക്സിക്യൂട്ടീവ് ഡയറക്ടർ ചിത്ര എസ്. നായർ (നന്ദി), ജനറൽ കോഡിനേറ്റർ ചെറിയാൻ ജോസഫ്, കാനറ ബാങ്ക് ജനറൽ മാനേജർ രാജേഷ് കെ.എസ്, ഫെസ്റ്റിവൽ ചെയർമാൻ വിജയൻ പുന്നത്തൂർ, ഡോ. എ.എ. ബേബി, ടെക്നിക്കൽ കോഡിനേറ്റർ എസ്. ഗോപികൃഷ്ണ, ഡോ. കെ.കെ. അബ്ദുള്ള തുടങ്ങിയവർ ചടങ്ങിൽ സാന്നിദ്ധ്യമായി.

കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തോടനുബന്ധിച്ച് സെമിനാറുകൾ, സംവാദങ്ങൾ, കാരിക്കേച്ചർ രചന, നിശ്ചലചിത്രപ്രദർശനം, ഓൺലൈൻ സിനിമ, ക്വിസ്സ്, പോസ്റ്റർ നിർമ്മാണം എന്നിവയുമുണ്ടായിരുന്നു. ഇത് ചലച്ചിത്രമേളയുടെ മാറ്റ് കൂട്ടുന്നതിനും, വിദ്യാർത്ഥികളിൽ അനൗദ്യോഗിക ജീവിതനൈപുണിശേഷി വളർത്തുന്നതിനും സഹായകമായി.

പോസ്റ്റർ നിർമ്മാണത്തിന് സിനിമയിലെ സാങ്കേതികത, എന്നെ സ്വാധീനിച്ച ചലച്ചിത്രങ്ങൾ, ഹാരിപോട്ടറുടെ ലോകം, മലയാള സിനിമയിലെ നാഴികക്കല്ലുകൾ, ദേശീയ ചലച്ചിത്ര പുരസ്കാരം ലഭിച്ച ചലച്ചിത്രങ്ങൾ, ഐ.സി.എഫ്.എഫ്.കെ.യിലെ 3 ദിവസം എന്നിവയായിരുന്നു വിഷയങ്ങളായി ഉണ്ടായിരുന്നത്.

'സിനിമയിലെ സാഹിത്യം' എന്ന വിഷയത്തിൽ ഭാരതീയ വിദ്യാഭവൻ തൃശൂർ കേന്ദ്ര കാര്യാലയത്തിൽവെച്ച് സെമിനാർ നടന്നു.









'ചലച്ചിത്ര വ്യവസായത്തിലെ തൊഴിൽ സാധ്യതകൾ' എന്ന വിഷയത്തിൽ പാനൽ ചർച്ചയും 'സിനിമ വിദ്യാർത്ഥികളിൽ ചെലുത്തുന്ന സ്വാധീനം ഗുണകരമോ ദോഷമോ' എന്ന വിഷയത്തിൽ സംവാദവും ഇവിടെ വെച്ച് ചലച്ചിത്രമേളയോടനുബന്ധിച്ചുണ്ടായിരുന്നു.

തത്സമയ കാരിക്കേച്ചർ രചന ചലച്ചിത്രമേളയുടെ ഒരു ആകർഷക ഘടകമായി. ആവശ്യപ്പെടുന്ന ആർക്കും സൗജന്യമായി ഇവ ലഭ്യമാക്കിയിരുന്നു.

സൗത്ത് സോൺ കൾച്ചറൽ സെന്റർ തഞ്ചാവൂരിന്റെ സഹകരണത്തോടെ അന്തർദേശീയ ഫോക് ഫിലിം ഫെസ്റ്റിവൽ കമ്മിറ്റിയും തൃശൂർ ഭാരതീയ വിദ്യാഭവനും ചേർന്ന് സംഘടിപ്പിച്ച ഉത്തരേന്ത്യൻ നാടോടി നൃത്തോത്സവവും ചലച്ചിത്രോത്സവത്തോടനുബന്ധിച്ച് ഭാരതീയ വിദ്യാഭവൻ ഓഡിറ്റോറിയത്തിൽ അരങ്ങേറി.

ചുരുക്കത്തിൽ ഇന്ത്യയിൽ നിലവിൽ നടത്തപ്പെടുന്ന ഒരേ ഒരു കുട്ടികളുടെ അന്താരാഷ്ട്ര ചലച്ചിത്രമേളയായ ഐ.സി.എഫ്.എഫ്.കെ. 2023, സാംസ്കാരിക നഗരത്തിന്റെ ഭാവഗരിമയ്ക്ക് മാറ്റ് കൂട്ടി. അടുത്ത വർഷവും ചലച്ചിത്രമേള നടത്തണം എന്ന ദൃഢനിശ്ചയത്തിലാണ് ചലച്ചിത്ര മേള സമാപിച്ചത്.



I.F.F.T.



# 19th IFFT

# INTERNATIONAL FILM FESTIVAL OF THRISSUR

## 2024 FEBRUARY 20-25

## ORGANISED BY

THRISSUR CORPORATION

KERALA CHALACHITRA ACADEMY


KERALAM

K S F D C

I.F.F.T.

JANASAMSKARA CHALACHITHRA KENDRAM

KERALA CHALACHITRA ACADEMY




## Organised by

## IFFT-JANASAMSKARA CHALACHITRA KENDRAM

## CENTRE FOR MEDIA STUDIES

## St. Thomas College, Naatukalakarakootam